**"Great** spirits have often encountered the violent opposition from weak minds", said Albert Einstein referring to the innumerable crowd of witnesses (martyrs) who preferred suffering and death over life that could be gained by denying the truth and testimony of Jesus Christ. All of them considered discipleship – denying the self, carrying the cross and following Jesus – as greater than anything in this world. They were enticed by the earthly authorities to bow down to the beast and enjoy the temporary privileges of so-called powers. Words are not enough to express their unquenchable love and faithfulness towards their Lord and Teacher Jesus the Messiah, even while facing whips and chains, stones and swords.

Ever since human civilization began, the innocent and weak People of God were and are vulnerable to the tyrannical and cruel beastly nature of the inhumane people (cf. Gen. 4). The violence, injustice, and mercilessness have become the custom of the human civilization. The cries of the innocents, the poor and the weak have been and are being suppressed by the powers of the world. Justice and peace have no place in the civilizations, kingdoms, empire and even in the present governments. Through the centuries, myriads of innocents were killed


**Ever since human civilization began, the innocent and weak People of God were and are vulnerable to the tyrannical and cruel beastly nature of the inhumane people**

(Gen. 4:8), their blood filled the cities from end to end and even became the part of worship rituals (cf. 2 Kings 21:16 and Lk. 13:1). The innocents include all those who suffered injustice. Their cries were never heard and never answered by the powers and authorities of the world. "How long, O Sovereign Lord, will it be," cried the souls under the altar, "before you judge and avenge our blood on the inhabitants of the earth?"(Rev. 6:10). They were the ones who experienced the severe sufferings because of the consequence of the wickedness and greed of the world such as conquests, battles and famines.

Apocalyptic literature took its form and shape during the period of four centuries i.e., 200 BC to 200 AD – a period of great persecution and oppression for the People of God, both Jews and Christians, by the Greco-Roman world. The Greek word apocalypsis means unveiling or revealing something which is hidden. This literature includes Daniel and Revelation in the Bible and some non-canonical books like Sibylline Oracles, Books of Enoch, Baruch, Esdras, etc. Some parts of Ezekiel, Isaiah and Zechariah also contribute to apocalyptic thought. The apocalyptic books were written in highly symbolic language which uncovered the reality of the nature of the oppressive empires. They used many significant themes of the Old Testament to show the hidden hand of God in history even when the People of God were under a great crisis and unable to understand their own destiny. They presented the end of the empires and oppressions by the intervention of God in the human history.

How can a God of justice and righteousness tolerate injustice and oppression in the world that He created and formed? How can He stand still when His creatures are being plundered by the beast-like emperors and inhumane oppressors? He cannot! He is the One who speaks in the voices of the victims of injustice. He is the God of the oppressed and suffering people. He stands on the side of the poor and just. His eyes and ears are not closed to the cries of the innocent blood. He judges and brings justice. He is the God who hears the cries of these people.

> **GOD takes on the side of the society's most vulnerable ones. For apocalyptic writers, heaven is not a world that is transcend-ent and separated from the human realm.**

God takes on the side of the society's most vulnerable ones. For apocalyptic writers, heaven is not a world that is transcendent and separated from the human realm. Heaven is so closely connected with the human world. Everything that takes place on earth, affects heaven. The four creatures around the throne of God represent the entire creation of God (Rev. 4:6). The presence of the martyred souls and their cries show the close relationship between heaven and the earth. The Lord's Prayer too emphasizes this: "Your will be done on earth as it is in heaven" (Matt. 6:10). Jesus is depicted in the Book of Revelation as the King of Glory rather as the Lamb that was slain, which shows His identification with those who suffer injustice and violence. God is not a passive being who stands outside the world, inattentive to the cries of souls from the margins. The apocalyptic writers too often reminded the theme of Exodus, a significant time when God intervened in the history of Israel to liberate the slaves from the hands of the tyrant Pharaoh and to judge the oppressors. He stands for His people. The prophets raised their voice against the religious and political officials who trampled the justice (Jer. 7:4-10; Mic. 3; Amos 5, etc). Many Old Testament passages too prove that He is the one who hears the cries of the poor and distressed who suffer injustice and oppression (Ex. 3:7-9; 1 Sam. 2:1-10; 1 Kings 21:17-19; Ps. 28; Ps. 146, etc.).

History itself speaks to us that the People of God may suffer great violence but no one could annihilate them from this world. Babylon, which exiled Jews and destroyed their land and their Temple, came to an end unexpectedly. Alexander's Greek Empire disintegrated no sooner than it began to flourish. The Roman Empire, in which period the Jews and the Christians experienced persecution in an extreme level, was destroyed irrecoverably by the barbarian invaders. Similarly, Hitler's Nazism which threatened the lives of many soon after the World War I, culminated in its total defeat in the World War II. The USSR's Marxism which tortured the People of God also collapsed. The same was true for any other authority that encouraged injustice and oppressed the People of God. The apocalyptic writers conveyed a message of comfort and hope. They used the term Beast to unmask the reality of the earthly powers who find pleasure in crushing the People of God.

The expectation of the arrival of the Son of Man is one of the main themes of the post-exilic period and of the New Testament. In the Book of Daniel chapter 7 we see the one like Son of Man appears in the crucial time when the People of God are being crushed by a Beast, and destroys the Beast so that the God's Kingdom may be established in power (Dan. 7:13ff.). At least 80 times Jesus claimed to be the Son of Man. This title needs to be understood in the light of the teachings on the Kingdom of God. Jesus did establish the divine Kingdom (cf. Lk. 11:20; 17:21). According to Jesus, the Kingdom of God should not be understood in the terms of the contemporary political situations. For Him, the Kingdom of God means freedom and service, liberation and obedience, and peace and righteousness. (Matt. 5-7; Lk. 11:20).However, His apocalyptic teaching in Matthew 24 and Mark 13 will help us to know that the Son of Man will come in glory which marks the end of all the sufferings that His people face. This is the recurring message of hope to the People of God in the tribulation and suffering.

> **ABOUND IN HOPE even when the things seem to be going on wrong way. ABOUND IN HOPE even when the Beast threatens our lives. ABOUND IN HOPE even when discipleship seems to be too costing.**

The coming of the Son of Man in glory reminds us of the intervention of God in the history of humankind at the time of great tribulations and the sufferings of the People of God. The same is the message of hope for today as well. And this is the time of expectation for the arrival of the Son of Man. The sufferings that the People of God face today will end at His coming.

"The Lord will not forsake His people," says the Psalmist, "He will not abandon His heritage" (Ps. 94:14). Even though the Beast dances at the weakness of the People of God, the arrival of the Son of Man (Dan. 7:13ff.) puts an end to all the acts of the Beast. He destroys the destroyers (Rev. 11:18). No matter how powerful the beast presents itself before the followers of the Slain Lamb, the victory belongs to the People of God. Our hope is in the Kingdom of God which is the presence of justice and peace. Justice and Righteousness are the foundations of His throne (Ps. 97:2). The oppressed shall be released and they shall not lack anything; the innocent will have no more reason to fear a human being who fades like grass (Isa. 51:12-14). God will swallow up death forever and He will wipe away the tears from all faces (Isa. 25:7; Rev. 21:3-4). This is the ultimate hope for the poor souls who became the victims of violence yet stood firm for the testimony of Jesus Christ at the cost of their very lives. Therefore, let us strengthen ourselves with this Hope in the Lamb that was slain to redeem His people. ABOUND IN HOPE even when the things seem to be going on wrong way. ABOUND IN HOPE even when the Beast threatens our lives. ABOUND IN HOPE even when discipleship seems to be too costing.

Though we suffer as People of God, let us remember that victory always belongs to the Lamb and His followers not to the Beast and its worshippers. May we have hope in the coming of the Son of Man and prepare ourselves to welcome our Redeemer with hope and to partake in His Unending Kingdom of Peace where there is no cry nor pain; no hunger nor thirst; no suffering nor death; for the Lord will dwell with us forever and ever. ●



# An Irreparable Loss

## Rev. Dr. GEEVARUGHESE MATHEW

**The** sudden departure of our beloved Geevarughese Mathews Achen left us all shocked and deeply saddened. Highly regarded and fondly loved - India Bible College and Seminary (IBC), IGO Campus, Othera, shall never have anyone like him again; our loss is irreparable!

Having Achen as part of the teaching faculty at IBC has been an honor for us and the institution. His quiet yet dignified presence enriched any setting. Both Achen and Kochamma were part of almost all events and programs held at IBC.

Rev. Dr. Geevarughese Mathew also served as the faculty of Federated Faculty for Research in Religion and Culture (FFRRC), Kottayam and as the chairman of FFRRC from 2011-2014.

Although a renowned teacher of the Word and an Old Testament scholar, dear Achen, did not teach to impress or inform but because God had called him to the classroom.

His gentleness, genuine humility and real faith inspired respect in the students and staff alike - which have had tremendous impact and influence. James 4:6, "God opposes the proud, but gives grace to the humble". No doubt, dear Achen was given grace upon grace.

Someone rightly said, "A Christian's life should be marked with peace" - this testimony was consistently demonstrated in Achen's life.

His very prompt responses to write for the REVIVE have blessed the ministry of the magazine.

Achen often told me that his mother hailed from the Kodumthara family. And that he was actually born in his maternal home which was then (about 7 decades ago) located in the very site where the IPC HEBRON CHAPEL stands today, in the Hebron Campus at Kumbanad. This was before the land was purchased for the church by Pastor K. E. Abraham.

India Bible College and Seminary will always be grateful for the opportunity to have been blessed by dear Achen's life and learning . ●

**Mrs. Starla Luke**



# മങ്ങാത്ത ഓർമ്മകൾ!

## പാസ്റ്റർ സി.ഐ. ചെറിയാൻ



**നാലു** പതിറ്റാണ്ടുകൾ ഹെബ്രോൺ, ഇന്ത്യ ബൈബിൾ കോളജുകളിലെ നിറഞ്ഞ സാന്നിദ്ധ്യമായിരുന്നു കർത്തൃദാസൻ സി.ഐ. ചെറിയാൻ. ആ സാന്നിദ്ധ്യം 2019 മാർച്ച് 13-ന് ഓർമ്മയായി.

ഹെബ്രോനും പാസ്റ്റർ റ്റി.എസ്. ഏബ്രഹാമുമായുള്ള പാസ്റ്റർ സി.ഐ. ചെറിയാന്റെ ബന്ധം 1960-കളുടെ ആരംഭം മുതലുള്ളതാണ്. അദ്ദേഹം ഹെബ്രോൻ ബൈബിൾ കോളജിലെ ഒരു വിദ്യാർത്ഥിയായിരുന്നു. 1977- മുതൽ ഹെബ്രോൻ ബൈബിൾ സ്കൂളിൽ ഒരു അദ്ധ്യാപകനായി. ഈ അദ്ധ്യാപന ശുശ്രൂഷ 2017 വരെ തുടർന്നു. ഹെബ്രോൻ ബൈബിൾ കോളജിലും ഇന്ത്യാ ബൈബിൾ കോളജിലുമായി 40 വർഷങ്ങളിലെ ശുശ്രൂഷയിൽ ആയിരക്കണക്കിന് ശുശ്രൂഷകരെ പരിശീലിപ്പിക്കുന്നതിൽ വളരെ വലിയ ഒരു പങ്ക് അദ്ദേഹം വഹിച്ചിട്ടുണ്ട്. വളരെ അഗാധമായ വചനപാണ്ഡിത്യം ഉണ്ടായിരുന്ന അദ്ദേഹം വേദവിദ്യാർത്ഥികളുടെ സ്വഭാവ രൂപീകരണത്തിനായി വളരെ ശിക്ഷണത്തോടെയാണ് അവരെ പരിശീലിപ്പിച്ചിരുന്നത്.

പാസ്റ്റർ റ്റി.എസ്. ഏബ്രഹാമിനോടൊപ്പം ഐ.പി.സി. കേരളാ കൗൺസിലിലും ദീർഘവർഷങ്ങൾ അദ്ദേഹം സഹകരിച്ച് പ്രവർത്തിച്ചിരുന്നു. ദീർഘ വർഷങ്ങൾ ഐ.പി.സി. ജനറൽ കൺവൻഷന്റെ ശനിയാഴ്ച രാത്രിയോഗം അദ്ദേഹം അദ്ധ്യക്ഷനായി നിയന്ത്രിച്ചിരുന്നു. ജീവകാരുണ്യ പ്രവർത്തനത്തിനും സുവിശേഷീകരണത്തിനും ഔദാര്യമായി സാമ്പത്തിക സഹായം ചെയ്യുന്നതിൽ അദ്ദേഹം മുൻപന്തിയിൽ ആയിരുന്നു. ഓർഫനേജുകൾ, അഗതിമന്ദിരങ്ങൾ എന്നിവയ്ക്ക് കൈതുറന്ന് അദ്ദേഹം സഹായം ചെയ്തിരുന്നു.

2000-ൽ മിസ്സസ് സ്റ്റാർലാ ലൂക്ക് ബൈബിൾ കോളജിൽ പൂർണ്ണസമയ ചുമതല ഏറ്റെടുത്തപ്പോൾ അതിനായി പ്രാർത്ഥിച്ച് നിയോഗിച്ചത് പാസ്റ്റർ സി.ഐ. ചെറിയാനായിരുന്നു. 2006 മുതൽ അദ്ദേഹം തന്റെ സഹധർമ്മിണിയുമൊത്ത് ബൈബിൾ കോളജ് ഫാക്കൽറ്റി ക്വാർട്ടേഴ്സിൽ താമസമാക്കി.

നിത്യതയിൽ വിശ്രമിക്കുന്ന തന്റെ സഹധർമ്മിണി മിസ്സസ് അന്നമ്മ ചെറിയാൻ പരേതനായ പാസ്റ്റർ ഇ. സി. ജോർജ്ജ് പത്തനാപുരത്തിന്റെ മകളാണ്. വളരെ പ്രാർത്ഥനയും സമർപ്പണവുമുള്ള ഒരു മാതാവായിരുന്നു മിസ്സസ് അന്നമ്മ ചെറിയാൻ.

പാസ്റ്റർ സി. ഐ. ചെറിയാന്റെ നല്ല മാതൃകകളും ശുശ്രൂഷകളും ശിഷ്യഗണങ്ങളിലൂടെയും മക്കളിലും കൊച്ചുമക്കളിലും കൂടെയും തുടരുവാൻ ദൈവം സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ●

**പാസ്റ്റർ സാജു ജോസഫ്**



റവ. ഫിലിപ്പ് പി. സാം
Faculty, Old Testament



# പ്രത്യാശയെ സംബന്ധിച്ച പഴയ നിയമ ധാരണകൾ

**ആത്മാവിന്റെ** നങ്കൂരവും നിശ്ചയവും സ്ഥിരവും യേശു നമുക്കുവേണ്ടി മുമ്പേതന്നെ പ്രവേശിച്ചിരിക്കുന്ന സ്വർഗീയലോകത്തേക്കു പ്രവേശിക്കുന്നതും എന്നാണ് എബ്രായ ലേഖന എഴുത്തുകാരൻ പ്രത്യാശയെക്കുറിച്ച് പ്രതിപാദിക്കുന്നത് (എബ്രാ. 6:9). ഇത് വളരെ വ്യക്തവും ശക്തവും ഒരു വിശ്വാസിയുടെ ജീവിതത്തിൽ പ്രത്യാശയുടെ അർത്ഥവും കൃത്യവും മനോഹരമായി വർണിക്കുന്നതുമാണ്. എതിരേ വരുന്ന കാറ്റിലും തിരയിലും കപ്പൽ മുന്നോട്ടോ പിന്നോട്ടോ പോകാതെ കടലിനടിയിലെ മണൽത്തിട്ടയിലേക്ക് ആഴത്തിൽ ഇറങ്ങിച്ചെല്ലുന്ന ലോഹനിർമ്മിതമായ കൊളുത്തു രൂപത്തിലുള്ള വസ്തുവാണ് നങ്കൂരം. നമ്മെ സുസ്ഥിരമായി ലക്ഷ്യത്തിൽ ഉറപ്പിച്ചു നിർത്തുന്നതാണ് പ്രത്യാശ എന്നത്. ഇപ്പോഴുള്ളതിനെക്കാൾ ഉത്തമമായ എന്തിനെയോ മനഃപൂർവ്വം കാത്തിരിക്കുകയാണ് പ്രത്യാശ.

> **നമ്മെ** സുസ്ഥിരമായി ലക്ഷ്യത്തിൽ ഉറപ്പിച്ചു നിർത്തുന്നതാണ് പ്രത്യാശ എന്നത്. ഇപ്പോഴുള്ളതിനെക്കാൾ ഉത്തമമായ എന്തിനെയോ മനപ്പൂർവ്വം കാത്തിരിക്കുകയാണ് പ്രത്യാശ.

ക്രിസ്തീയവിശ്വാസത്തിന്റെ അടിസ്ഥാനശിലയായിരിക്കുമ്പോൾ തന്നെ സകല മനുഷ്യരിലുമുള്ള ഒരു പ്രാപഞ്ചിക വസ്തുതകൂടെയാണ് പ്രത്യാശ എന്നത് നാം മനസ്സിലാക്കിയിരിക്കേണ്ടതായിട്ടുണ്ട്. ഒരു നല്ല നാളേക്കായുള്ള അധ്വാനങ്ങളിൽ ഒരു വ്യക്തിയെ കരുത്തിലും ദൃഢതയിലും കാക്കുന്ന സുപ്രധാന ജീവിത ഘടകമാണ് പ്രത്യാശ. വ്യക്തമായ ലക്ഷ്യബോധത്തോടെ ജീവിതപന്ഥാവിൽ മനുഷ്യനെ മുമ്പോട്ടുനയിക്കുന്നത് പ്രത്യാശയാണ്. അങ്ങനെയെങ്കിൽ, ബൈബിൾ ഉയർത്തുന്ന പ്രത്യാശയ്ക്ക് എന്തെങ്കിലും പ്രത്യേക സവിശേഷതയുണ്ടോ? പ്രത്യാശയെ സംബന്ധിച്ച പഴയ നിയമ ധാരണകൾ എന്തെല്ലാമാണ്? നമ്മുടെ വർത്തമാനകാല ജീവിതത്തിനും അതിന്റെ സംഘട്ടനങ്ങൾക്കും എന്ത് അർത്ഥതലമാണ് പ്രത്യാശയ്ക്ക് പകരുവാൻ കഴിയുന്നത്? ഒരു നല്ല ഭാവിക്കായി നാം നിഷ്ക്രിയരായി കാത്തിരിക്കുന്നു എന്നാണോ പ്രത്യാശ അർത്ഥമാക്കുന്നത്?





ഒരു വിശ്വാസിയുടെയോ അവരുടെ ഭാവി തലമുറയുടെയോ ജീവിതത്തിൽ പ്രതീക്ഷിക്കുന്ന ഉദാത്തമായ നന്മയാണ് പഴയ നിയമം ഉയർത്തിക്കാട്ടുന്ന പ്രത്യാശ. പ്രത്യാശ എന്ന വാക്ക് അതിന്റെ തനതായ അർത്ഥത്തിൽ പഴയ നിയമത്തിൽ നാം പലപ്പോഴും കാണുന്നില്ല. എങ്കിലും അതിന്റെ സ്വാഭാവിക അർത്ഥത്തോടു ചേർന്നു നിൽക്കുന്ന പദങ്ങൾ ദർശിക്കുവാൻ നമുക്കു സാധിക്കുന്നുണ്ട്. പ്രതീക്ഷയുടെ, കാത്തിരിപ്പിന്റെ ഒരു വസ്തുവിലേക്ക് നമ്മുടെ മനസ്സിനെ നേരായ ദിശയിൽ വലിച്ചുനീട്ടുക എന്നാണ് ''ഖവാ'' (qawa) എന്ന എബ്രായ പദത്തിന്റെ അർത്ഥം. ''നിനക്കായി ഞങ്ങൾ കാത്തിരിക്കുന്നു'' (യെര. 14:22), ''യിസ്രയേലിന്റെ പ്രത്യാശയായ യഹോവ'' (യെര. 14:8; 17:13; 50:7) എന്നിവ ഇതിനുദാഹരണങ്ങളാണ്. പ്രത്യാശയെ കുറിക്കുകയും പല പഴയ നിയമ വേദഭാഗങ്ങളിലും 'ആശ്രയം'(trust) എന്ന് പരിഭാഷ ചെയ്യപ്പെടുകയും ചെയ്തിട്ടുള്ള 'ടിഖ്വാ' (Tiqwa) എന്ന പദം 'ഖവാ' എന്ന പദത്തിൽനിന്നുത്ഭവിച്ച ഒന്നാണ്. 'ബാറ്റക്ക്' എന്ന എബ്രായ പദവും ആശ്രയം, ഉറപ്പ്, കാത്തിരിക്കുന്ന എന്നിങ്ങനെയുള്ള അർത്ഥതലങ്ങളോടെ ഉപയോഗിച്ചിട്ടുണ്ട് (സങ്കീ. 25:3). പ്രത്യാശയോടെ ദൈവത്തിനായ് കാത്തിരിക്കുവാൻ പഴയ നിയമം വിശ്വാസികളെ പ്രോത്സാഹിപ്പിക്കുന്നതായി കാണാം (സങ്കീ. 40:1, 130:5-6). അതായത് യഹോവയ്ക്കായി ക്ഷമയോടെ കാത്തിരിക്കുന്നത് 'പ്രത്യാശ' എന്ന ആശയവുമായി തത്തുല്യമായി ചേർന്നുപോകുന്ന ഒന്നാണ്.

പ്രത്യാശ എന്ന വാക്ക് വളരെ ചുരുക്കമായാണ് പ്രത്യാശ എന്ന ആശയത്തെ വ്യക്തമാക്കുവാനായി പഴയ നിയമത്തിൽ ഉപയോഗിച്ചിട്ടുള്ളത്. പൂർവ്വ പിതാവായ അബ്രഹാം ദൈവത്തിൽ വിശ്വസിക്കുകയും ഒരു മകനുവേണ്ടിയും വാഗ്ദത്ത നാടായ കനാൻ അവകാശമാക്കുന്നതിനായും പ്രത്യാശയോടെ കാത്തിരുന്നു. റോമാ ലേഖനം 4:18-ൽ ''ആശയ്ക്ക് എതിരായി ആശയോടെ'' എന്നാണ് അബ്രഹാമിന്റെ ഈ പ്രത്യാശയെ പൗലോസ് വിശദീകരിക്കുന്നത്. ദൈവീക വാഗദത്തങ്ങളെ പിന്തുടരുവാനും അവയെ അവകാശമാക്കുവാനും അബ്രഹാമിനെ പ്രാപ്തനാക്കിയത് തന്റെ കൈമുതലായിരുന്ന തീവ്രമായ പ്രത്യാശയാണ്. കനാനിലെത്തുമെന്ന ദൃഢമായ പ്രത്യാശയോടെയാണ് യിസ്രയേൽ മക്കൾ മരുഭൂപ്രയാണം ചെയ്തത്. ഈ ലോകത്തിൽത്തന്നെ വിദൂരമല്ലാത്ത ഭാവിയിൽ ദൈവീക വാഗ്ദത്തങ്ങളും അനുഗ്രഹങ്ങളും പ്രാപിക്കാൻ കഴിയും എന്ന പ്രത്യാശയോടെയാണ് അവർ ജീവിതം മുമ്പോട്ടു നയിച്ചത്. ദൈവത്തിന്റെ നീതിയിലുള്ള ഇയ്യോബിന്റെ പ്രത്യാശയുടെ ചിത്രീകരണമാണ് വാസ്തവത്തിൽ 'ഇയ്യോബിന്റെ പുസ്തക'ത്തിൽ കാണുന്നത്. ''അവൻ എന്നെ അടിച്ചാലും ഞാൻ അവനായി കാത്തിരിക്കും'' (ഇയ്യോ. 13:15) എന്ന് ഇയ്യോബ് പ്രസ്താവിക്കുന്നു. ദൈവത്തിന്റെ നീതിയിലും നന്മയിലുമുള്ള ദൃഢമായ ആശ്രയമെന്ന നിലയിലാണ് പ്രത്യാശ എന്ന ആശയത്തെ കാവ്യഗ്രന്ഥമായ സങ്കീർത്തനങ്ങൾ അവതരിപ്പിക്കുന്നത്.

> **പ്രത്യാശ** എന്ന വാക്ക് വളരെ ചുരുക്കമായാണ് പ്രത്യാശ എന്ന ആശയത്തെ വ്യക്തമാക്കുവാനായി പഴയ നിയമത്തിൽ ഉപയോഗിച്ചിട്ടുള്ളത്. പൂർവ്വ പിതാവായ അബ്രഹാം ദൈവത്തിൽ വിശ്വസിക്കുകയും ഒരു മകനു വേണ്ടിയും വാഗ്ദത്ത നാടായ കനാൻ അവകാശമാക്കുന്നതിനായും പ്രത്യാശയോടെ കാത്തിരുന്നു.

പ്രത്യാശ എന്നത് അനതിവിദൂര ഭാവിയിൽ വെളിപ്പെടുവാൻ പോകുന്ന ദൈവീകഭരണം അല്ലെങ്കിൽ അന്ത്യകാല പ്രത്യാശ എന്നൊക്കെയുള്ള അർത്ഥതലങ്ങളിലേക്കു വ്യാപിക്കുന്നത് പ്രവചന ഗ്രന്ഥങ്ങളിലാണ് നാം ദർശിക്കുന്നത്, പഴയ നിയമ പ്രവാചകന്മാർ യിസ്രയേലിന്റെ ആസന്നമായ യഥാസ്ഥാപനം പ്രഘോഷിച്ചിട്ടുണ്ട്. എങ്കിലും അവർ എപ്പോഴും വിരൽചൂണ്ടിയിരുന്നത് ആ രാഷ്ട്രത്തിന്റെ ഭാവികാല യഥാസ്ഥാപനത്തിലേക്കായിരുന്നു. മശിഹൈക ഭരണവും മശിഹായാൽ സ്ഥാപിക്കപ്പെടുന്ന ദൈവരാജ്യത്തിലെ ജീവിതവും അവർ വിളംബരം ചെയ്തു. മാനവവർഗ്ഗത്തിന്, വിശേഷാൽ യിസ്രയേലിന്, ദൈവത്താൽ ഒരുക്കപ്പെടുവാൻ പോകുന്ന പുതിയ ഭാവിയുടെ സങ്കല്പവും പ്രകടനവുമൊക്കെയാണ് പ്രവാചക പുസ്തകങ്ങളിൽ നാം ആവർത്തിച്ചു വായിക്കുന്ന 'അന്ത്യകാലത്ത്' എന്ന പദത്തിൽനിന്ന് നമുക്ക് വെളിപ്പെട്ടു കിട്ടുന്നത് (യെശ. 2:2; ആമോ. 9:11; മീഖാ. 4:1; സെഫ. 3:11; സെഖ. 14:6-11). ഒരു നല്ല ലോകത്തിനായുള്ള ഭാവിപ്രത്യാശ എല്ലാ പ്രവചന പുസ്തകങ്ങളിലും നമുക്ക് കാണുവാൻ കഴിയും.

ദൈവത്താൽ സൃഷ്ടിക്കപ്പെട്ടതും ക്രമീകരിക്കപ്പെടുന്നതുമായ വ്യത്യസ്തമായ ഒരു ഭാവിലോകത്തെ ഭാവന കാണുവാൻ പഴയ നിയമ പ്രവാചകന്മാർക്ക് സാധിച്ചിരുന്നു. ഓരോരുത്തനും താന്താന്റെ മുന്തി

രിവള്ളിയുടെയും താന്താന്റെ അത്തിവൃക്ഷത്തിന്റെയും കീഴേ ഇരിക്കുന്നത് പുതുലോകത്തെക്കുറിച്ചുള്ള പ്രവാചക ദർശനം ആയിരുന്നു. മീഖാ, യെശയ്യാവ് തുടങ്ങിയ ദീർഘദർശികൾക്ക് ഇത് വിഭാവനം ചെയ്യുവാൻ കഴിഞ്ഞിരുന്നു. വാൾട്ടർ ബ്രൂഗ്മാന്റെ അഭിപ്രായത്തിൽ ഒരു *'നീതിസമൂഹ'*ത്തെക്കുറിച്ചുള്ള പ്രവാചക സങ്കല്പമാണ് മുകളിൽ പ്രസ്താവിച്ച വാക്കുകൾ. അന്ത്യകാലത്ത് ദൈവത്താൽ ഭൂമിയിൽ സ്ഥാപിതമാകുന്ന നീതിയും സമാധാനവും നിറഞ്ഞ ഒരു നവലോകത്തിന്റെ ദർശനം പ്രവാചകനായ മീഖാ പങ്കുവയ്ക്കുന്നുണ്ട് (മീഖാ 4:1-4). നീതിയും സമാധാനവും നിറഞ്ഞ ഒരു ലോകം എന്ന ദർശനം ദൈവം തന്റെ രാജ്യത്തെക്കുറിച്ച് പ്രവാചകന്മാർക്കു നൽകുന്ന സർവ്വസാധാരണമായ ഒരു ദർശനമായിരുന്നു.

ബുദ്ധിമാന്മാർ നക്ഷത്രങ്ങളെപ്പോലെ പ്രകാശിക്കുന്ന ഉയിർത്തെഴുന്നേല്പിന്റെ അനുഭവത്തിലേക്ക് വിരൽചൂണ്ടിക്കൊണ്ട് പ്രത്യാശയുടെ മൂർധന്യ തലമായ മരണാനന്തര ജീവിതത്തിലേക്ക് ദാനീയേൽ പ്രവാചകൻ നമ്മെ കൂട്ടിക്കൊണ്ടുപോകുന്നു (ദാനീ. 12:3). സുവിശേഷങ്ങളിലെ വിവരണങ്ങളനുസരിച്ച് മശീഹയെയും അവിടത്തെ രാജ്യത്തേയും സംബന്ധിച്ച പ്രത്യാശ യേശുവിന്റെ വരവിനു മുമ്പുള്ള പഴയ പുതിയ നിയമങ്ങൾക്കിടയിലുള്ള കാലഘട്ടത്തിൽ വളരെ തീവ്രമായിത്തീർന്നിരുന്നുവെന്ന് മനസ്സിലാക്കാം. ക്രിസ്തുവിന്റെ ആഗമനത്തോടെ ദൈവരാജ്യ പ്രതിഷ്ഠാപനം നടന്നു. എന്നിരിക്കിലും ദൈവരാജ്യ വാഗ്ദത്തങ്ങൾ പൂർത്തീകരിക്കപ്പെടുന്നത് ഭാവികാലത്തിൽ മാത്രമാണ്. ക്രിസ്തുയേശു ദൈവരാജ്യ പ്രതിഷ്ഠാപനം നടത്തിയിരിക്കെ, വർത്തമാനകാല വിശ്വാസികൾ ഇന്ന് കർത്താവിന്റെ രണ്ടാമത്തെ വരവിനേയും മരിച്ച വിശുദ്ധരുടെ ഉയിർപ്പിനെയും ദൈവരാജ്യ പ്രത്യക്ഷതയെയും നോക്കിപ്പാർത്തിരിക്കുന്നു. ക്രിസ്തുവിന്റെ മടങ്ങിവരവിലും ഭാവിയിൽ ഭൂമിയിൽ ദൈവം ഭരിക്കുന്ന നാളുകളുടെ പ്രതീക്ഷയിലുമാണ് നാം ഇന്ന് ജീവിക്കുന്നത്.

അങ്ങനെയെങ്കിൽ ബൈബിൾ മുമ്പോട്ടുവയ്ക്കുന്ന പ്രത്യാശയുടെ അതുല്യത എന്താണ്? മാനവരാശിയുടെ ജീവിക്കാനുള്ള അഭിലാഷത്തെ നിലനിർത്തുന്നതും ലക്ഷ്യപ്രാപ്തിക്കായി മുമ്പോട്ടു ചലിപ്പിക്കുന്നതുമായ ഒരു സാർവ്വലൗകിക ഘടകമായി പ്രത്യാശ നിലനിൽക്കുന്നതിനാൽത്തന്നെ ഈ ചോദ്യം വളരെ പ്രസക്തമാണ്.

> ക്രിസ്തു യേശു ദൈവരാജ്യ പ്രതിഷ്ഠാപനം നടത്തിയിരിക്കെ, വർത്തമാന കാല വിശ്വാസികൾ ഇന്ന് കർത്താവിന്റെ രണ്ടാമത്തെ വരവിനെയും മരിച്ച വിശുദ്ധരുടെ ഉയിർപ്പിനെയും ദൈവരാജ്യ പ്രത്യക്ഷതയെയും നോക്കിപ്പാർത്തിരിക്കുന്നു.

ദൈവത്തിന്റെ കൃത്യമായ ഇടപെടലിനാലും ദൈവജനത്തിന്റെ നിരന്തര പരിശ്രമത്താലും സംഭവിക്കുവാൻ പോകുന്ന പുതിയ കാര്യങ്ങൾ എന്ന ഭാവികാല ചിന്തകളുടെ മേലാണ് ക്രിസ്തീയ പ്രത്യാശ നിലനിൽക്കുന്നത്. ക്രിസ്തീയ പ്രത്യാശയെ സംബന്ധിച്ച ഈ പ്രസ്താവനയിൽ പ്രാധാന്യമേറിയ രണ്ടു വസ്തുതകൾ അടങ്ങിയിരിക്കുന്നു. പ്രത്യാശയെ സംബന്ധിച്ച ബൈബിൾ പാഠങ്ങൾ അതുല്യമായിരിക്കുന്നത് ഒന്നാമതായി അത് ചരിത്രത്തിന്റെ ഒരു പുനഃചംക്രമണത്തെയല്ല വിവക്ഷിക്കുന്നത്. മറിച്ച്, ദൈവഹൃദയത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിലേക്ക് ക്രമേണ നേരേ ചരിക്കുന്ന ഒന്നായിട്ടാണ്. പുതിയ ആകാശവും പുതിയ ഭൂമിയും സ്ഥാപിക്കുക എന്നത് ദൈവികോദ്ദേശ്യമാണ്. അതിലേക്ക് ചരിത്രം മുന്നോട്ട് സഞ്ചരിച്ചുകൊണ്ടിരിക്കുകയാണ്. രണ്ടാമതായി നല്ല ഭാവിക്കായുള്ള നിഷ്ക്രിയമായ കാത്തിരിപ്പല്ല ക്രിസ്തീയ പ്രത്യാശ വിഭാവനം ചെയ്യുന്നത്, മറിച്ച്, ചരിത്രത്തിലെ ദൈവിക ഇടപെടലുകളിലെ ക്രിയാത്മകമായ മാനവിക പങ്കാളിത്തമാണ്. നീതിയുടെയും സമാധാനത്തിന്റെയും സ്നേഹത്തിന്റെയും മൂല്യങ്ങളാണ് ദൈവരാജ്യത്തിന്റെ സ്വഭാവശ്രേഷ്ഠത എങ്കിൽ നാം പരിശ്രമിച്ചു നേടേണ്ടതായ ഉത്കൃഷ്ട മാതൃകയാണത്. 'പ്രത്യാശയുടെ ദൈവശാസ്ത്രം' (Theology of Hope) എന്ന തന്റെ ഗ്രന്ഥത്തിൽ ജർഗൻ മോൾട്ട്മാൻ (Jurgen Moltmann) എഴുതുന്നത് ''വർത്തമാനകാലത്ത് സഭയെ സംതൃപ്തയാക്കാതെ നിർത്തി ഇപ്പോഴുള്ളതിനെക്കാൾ ജീവൽസമൃദ്ധമായ ഭാവിയിലേക്ക് ദൃഷ്ടി പായിക്കുവാൻ പ്രേരിപ്പിക്കുന്ന ശക്തിമത്തായ ഊർജ്ജമാണ് പ്രത്യാശ'' എന്നാണ്. 1960 കളിൽ വിദ്യർത്ഥി പ്രക്ഷോഭങ്ങളാൽ കലുഷിതമായ യൂറോപ്പിന്റെ അന്തരീക്ഷത്തിലും വിയറ്റ്നാം യുദ്ധത്തിനെതിരായി അമേരിക്കയിൽ നടന്ന പ്രകടനങ്ങൾ, പൗരാവാകാശ പ്രസ്ഥാനങ്ങൾ, ആഫ്രിക്ക, ഏഷ്യ, ലാറ്റിനമേരിക്ക എന്നിവിടങ്ങളിൽ രാഷ്ട്രീയ-സാമ്പത്തിക സ്വാതന്ത്ര്യങ്ങൾക്കായുള്ള അവകാശപ്പോരാട്ടങ്ങൾ എന്നിവയുടെ അന്തരീക്ഷങ്ങളിലും വലിയ സ്വാധീനമാണ് മോൾട്ട്മാന്റെ പ്രസ്താവന ചെലുത്തിയത്. രാഷ്ട്രീയ-സാമൂഹിക തലങ്ങളിൽ ഭാരതം പ്രതിസന്ധിഘട്ടത്തിലായിരിക്കുന്ന ഈ കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ സന്ദേശം എന്നത്തെയുംകാൾ പ്രാധാന്യമർഹിക്കുന്നു.

നമ്മുടെ ഇന്ത്യാ ഗവൺമെന്റിന്റെ ന്യൂനപക്ഷങ്ങളെയും ദലിതുകളെയും ലക്ഷ്യംവച്ചുകൊണ്ട് വളരെ ക്രമീകൃതമായി ശക്തിപ്പെട്ടുവരുന്ന ഫാസിസ്റ്റ് ചിന്താഗതികളും അതിന്റെ പ്രവർത്തനങ്ങളും ആപൽസൂചനയാണ് നൽകുന്നത്. ഭരണഘടനയുടെ അടിസ്ഥാനപ്രമാണങ്ങളെ വകഞ്ഞുമാറ്റിക്കൊണ്ട് രൂപപ്പെടുത്തിയ പൗരത്വ ഭേദഗതി നിയമത്തിലൂടെ ഇത് തികച്ചും സുവ്യക്തമായിരിക്കുന്നു. ന്യൂനപക്ഷങ്ങളുടെ മൗലികാവകാശങ്ങളെയും അവരുടെ പൗരത്വത്തെത്തന്നെയും നിഷേധിക്കുന്ന തരത്തിൽ പ്രാദേശിക സർക്കാരുകൾക്ക് ഉപയോഗപ്പെടുത്തുവാൻ കഴിയുന്ന ആയുധമായി തീർക്കപ്പെടുവാൻ ഇടയുണ്ട് എന്നതിനാൽ ''ദേശീയ പൗരത്വ രജിസ്റ്റർ'' ഇതിനെക്കാൾ അപകടകാരിയാണ്. പല സംസ്ഥാനങ്ങളിലും ക്രിസ്ത്യാനികളും മുസ്ലീങ്ങളും ഇപ്പോൾത്തന്നെ കൊടിയ പീഡനത്തിൽക്കൂടിയാണ് കടന്നുപോകുന്നത്. ന്യൂനപക്ഷ വിഭാഗങ്ങളുടെ സ്വാതന്ത്ര്യത്തിനു കടിഞ്ഞാണിടുവാനുള്ള പദ്ധതികൾ വിപുലപ്പെടുത്തുവാൻ തക്ക നിലയിൽ ചില സംസ്ഥാനങ്ങളുടെ കയ്യിലെ അപകടകരമായ ആയുധമായി ഈ രജിസ്റ്റർ മാറുവാനിടയുണ്ട്. സംഘപരിവാറിന്റെ അജണ്ടയോട് യോജിച്ചുപോകുന്ന ഈ നീക്കങ്ങൾ ഭാരതജനതയുടെ മനസ്സിൽ തികഞ്ഞ അശാന്തിയും ഭയവും നിറഞ്ഞ അവസ്ഥ സൃഷ്ടിച്ചിരിക്കുകയാണ്. ഇതു കൂടാതെതന്നെ, കാലാവസ്ഥാ വ്യതിയാനം, ദലിതർക്കും സ്ത്രീകൾക്കും എതിരേ വർദ്ധിച്ചുവരുന്ന ലൈംഗികാതിക്രമങ്ങളും അനീതിയും, വികസ്വര രാജ്യങ്ങളിൽ ദൃശ്യമാകുന്ന ദാരിദ്ര്യം, ജലദൗർലഭ്യം തുടങ്ങിയ നിരവധി പ്രശ്നങ്ങളും നാം ഇന്ന് അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നു. ഇതിന്റെ നടുവിൽ ലോകം ഇന്ന് പ്രത്യാശയിലേക്ക് ഉറ്റുനോക്കുന്നു. പ്രത്യാശയെ സംബന്ധിച്ച ചോദ്യങ്ങൾ ഇന്ന് ജനങ്ങളെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ടതായിത്തീർന്നിരിക്കുന്നു. പഴയ-പുതിയ നിയമങ്ങളിൽ വിഹരിക്കുന്ന ഒരു ചലനാത്മക ആശയമാണ് പ്രത്യാശ എന്നത്. മൊൾട്ട്മാന്റെ വാക്കുകളിൽ 'സഭയെയും വിശ്വാസികളെയും വിശ്രമഹീനമാക്കുന്നതും ഒരു നവ ലോക വ്യവസ്ഥയ്ക്കായുള്ള ദൈവത്തിന്റെ ഇടപെടലുകൾക്കായി കാത്തിരിക്കുവാൻ ദൈവത്തിങ്കലേക്ക് കൊളുത്തിപ്പിടിക്കുന്നതുമാണ് പ്രത്യാശ.'

അസമത്വം, ദാരിദ്ര്യം, തൊഴിലില്ലായ്മ, രാഷ്ട്രീയ സംഘട്ടനങ്ങൾ തുടങ്ങിയവ പോലുള്ള ദുരവസ്ഥകളുടെ വ്യാപ്തി വർദ്ധിച്ചിരിക്കുന്ന ഒരു ലോകത്താണ് നാം ഇന്ന് ജീവിക്കുന്നത്. ഉള്ളവനും ഇല്ലാത്തവനും തമ്മിൽ വളരെ വ്യക്തമായി നമ്മുടെ ലോകത്ത് വേർതിരിക്കപ്പെട്ടിരിക്കുന്നു. വിശപ്പും ഭവനമില്ലായ്മയും പോഷകാഹാരക്കുറവുമൊക്കെ പകർച്ചവ്യാധി പോലെ ലോകത്തെ ഭരിക്കുന്നു. നീതിയും സമൃദ്ധിയുമുള്ള ഒരു പുതു ലോകമാണ് ദൈവത്തിന്റെ ഭരണവും നീതിയും നമുക്കു മുമ്പിൽ ഒരുക്കുന്നത് എന്ന സുവ്യക്തമായ പ്രോത്സാഹനവും സുസ്ഥിര പ്രത്യാശയുമാണ് ദൈവവചന വാഗ്ദത്തങ്ങൾ, പ്രത്യേകിച്ചും പഴയ നിയമ പ്രവചനങ്ങൾ. ആ പുതുലോകം നാം ഇന്ന് കാണുന്നതിൽ നിന്ന് തികച്ചും വിഭിന്നവും ദൈവം തന്റെ നീതിയിലും സമാധാനത്തിലും സ്നേഹത്തിലും ഭരണനിർവ്വഹണം നടത്തുന്നതുമായിരിക്കും. ഈ മഹത്തരമായ പ്രത്യാശയിലേക്കാണ് ക്രൈസ്തവസഭ ഗമിക്കേണ്ടത്. ●

## Reading Time









ഡോ. ജോസ് എൽ.
Faculty, New Testament



# ക്രിസ്തീയ പ്രത്യാശ
## പൗലൂസിന്റെ കാഴ്ചപ്പാടുകൾ

സൃഷ്ടിക്കപ്പെട്ട ലോകംതന്നെ പ്രത്യാശയുടെ അടിസ്ഥാനത്തിൻമേലാണെന്നു പറയുന്നതിൽ സംശയിക്കേണ്ടതില്ല. കഷ്ടതകളും പീഡനങ്ങളും ജീവിതവെല്ലുവിളികളും നേരിടേണ്ടി വന്നപ്പോഴൊക്കെ ആരംഭ കാലംമുതൽതന്നെ സഭാസമൂഹം എന്ന നിലയിൽ നമുക്ക് പ്രത്യാശയുടെ ദൈവശാസ്ത്രം നൽകപ്പെട്ടിരുന്നു. റോമാസാമ്രാജ്യത്തിലെ സാമൂഹിക-രാഷ്ട്രീയ-മതപരമായ വെല്ലുവിളികൾക്കു നടുവിൽ അസ്ഥിരരായ വിശ്വാസികൾക്ക് ജീവനുള്ള പ്രത്യാശയുടെ ദൂത് പുതിയ നിയമ എഴുത്തുകാർ പകർന്നുനൽകിയിരുന്നു. ജീവിതവെല്ലുവിളികളുടെ തീവ്രതകളാലും അസാധ്യതകളാലും മാനവജീവിതം പരീക്ഷിക്കപ്പെട്ടപ്പോൾ ക്രിസ്തീയ സമൂഹത്തിന്റെ ഹൃദയത്തിൽ പ്രത്യാശ വളർന്നുകൊണ്ടിരിക്കുകയായിരുന്നു.

> **ജീവിത** വെല്ലുവിളികളുടെ തീവ്രതകളാലും അസാധ്യതകളാലും മാനവജീവിതം പരീക്ഷിക്കപ്പെട്ടപ്പോൾ ക്രിസ്തീയ സമൂഹത്തിന്റെ ഹൃദയത്തിൽ പ്രത്യാശ വളർന്നുകൊണ്ടിരിക്കുകയായിരുന്നു.

മോൾട്ട്മാന്റെ അഭിപ്രായത്തിൽ ക്രിസ്ത്യാനിത്വം എന്നാൽ യുഗാന്ത്യശാസ്ത്രമാണ്, പ്രത്യാശയാണ്, മുന്നോട്ട് ദൃഷ്ടിപായിച്ചും ചലിച്ചും കൊണ്ട് വർത്തമാനകാലത്തെ പരിവർത്തനം ചെയ്യുകയും രൂപാന്തരം വരുത്തുകയും ചെയ്യുന്നതാണ്.

### I. പ്രത്യാശ എന്ന ആശയം ബൈബിളിൽ

യിസ്രായേലിന് നൽകപ്പെട്ട വാഗ്ദത്തങ്ങളുടെ നിവൃത്തിയുമായി ബന്ധപ്പെട്ട്, പഴയനിയമത്തിൽനിന്നാണ് പ്രത്യാശയെക്കുറിച്ചുള്ള പുതിയ നിയമ ധാരണ വളർന്നുവന്നിട്ടുള്ളത്. ദൈവീക വാഗ്ദത്തങ്ങളിൽ ആശ്രയം വയ്ക്കുവാനും കഠിന ശോധനകളിലും വെല്ലുവിളികളിലും യഹോവയിൽ പ്രത്യാശ വയ്ക്കുവാനും പഴയ നിയമ എഴുത്തുകാർ ഉടമ്പടി സമൂഹമായ യിസ്രയേലിനെ എപ്പോഴും പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു (യിര. 14:8; 17:13). എന്നാൽ ഒരു പുതിയ ആരംഭത്തിനുവേണ്ടിയുള്ള തികഞ്ഞ പ്രത്യാശയും തീവ്രദാഹവും വാസ്തവത്തിൽ ഉടലെടുത്തത് പ്രവാസകാലത്താണ് (ഹോശേ. 2; യിര. 29; 31:31-34; യെഹ. 36:27).

ദൈവത്തിലും ദൈവീക വാഗ്ദത്തങ്ങളിലുമുള്ള വിശ്വാസം എന്ന് അർത്ഥം വരുന്ന എൽപിസ് (elpis) എന്ന ഗ്രീക്കുപദമാണ് -എൽപിസോ (elpizo)-ക്രിയാപദം-പ്രത്യാശ എന്നതിന് പുതിയ നിയമത്തിൽ ഉപയോഗിച്ചിട്ടുള്ളത്. ദൈവരാജ്യ ആഗമനവുമായി ബന്ധപ്പെടുത്തി 'പ്രതീക്ഷ' (expectation) എന്ന ധാരണയാണ് ഈ പദം സമവീക്ഷണ സുവിശേഷങ്ങളിൽ നൽകുന്നത്. അതുപോലെതന്നെ പൗലൂസിന്റെ എഴുത്തുകളിൽ, ദൈവത്തിന്റെ സാർവ്വലൗകീക ഭരണം, ശരീരത്തിന്റെ ഉയിർപ്പ് (1 കൊരി. 15:52), നിത്യജീവൻ (1 തിമോ. 6:17; തീത്തോ. 1:2; 3:7), ദൈവീക വാഗ്ദത്തങ്ങളിലും ക്രിസ്തുവിന്റെ വ്യക്തിത്വത്തിലുമുള്ള പ്രത്യാശ (കൊലോ. 1:27, cf. എബ്രാ. 10:23) ദൈവീക മഹത്ത്വത്തിന്റെ ഭാവികാല പങ്കാളിത്തം (റോമ. 5:2; 2 കൊരി. 4:16-18) എന്നിവയിലാണ് പ്രത്യാശയുടെ ദൈവശാസ്ത്രം കേന്ദ്രീകൃതമായിരിക്കുന്നത്.

പൗലൂസിന്റെ ദൈവശാസ്ത്രത്തിന്റെ സവിശേഷതകളുടെ കേന്ദ്രമായ പ്രത്യാശ തന്റെ ലേഖനങ്ങളിലൂടെ, വിശേഷിച്ച് റോമാലേഖനത്തിൽ, വളരെ വ്യക്തമായി പൗലൂസ് വിശദീകരിച്ചിട്ടുണ്ട്. വിശ്വാസികൾ ഇപ്പോൾ ക്രിസ്തുയേശുവിൽ അനുഭവിക്കുന്നതും ഭാവിയിൽ തേജസ്സോടെ വെളിപ്പെടുവാൻ പോകുന്നതുമായ 'മശീഹൈക ഭരണ'ത്തിലേക്കാണ് ഈ പ്രത്യാശ വിരൽചൂണ്ടുന്നത് (റോമ. 5-8; ഗലാ. 5:5, കൊലോ. 1:5; തിത്തോ. 2:13). കൊരിന്ത്യസഭയ്ക്ക് ലേഖനമെഴുതുമ്പോൾ 'വിശ്വാസം-പ്രത്യാശ-സ്നേഹം' എന്നീ ത്രയം പൗലൂസ് ശ്രദ്ധയിലേക്കു കൊണ്ടുവരുന്നുണ്ട് (1 കൊരി.13). തന്റെ വായനക്കാർ പരിശുദ്ധാത്മശക്തിയാൽ പ്രത്യാശയിൽ സമൃദ്ധിയുള്ളവരായിത്തീരുവാൻ പ്രാർത്ഥിച്ചുകൊണ്ടും പ്രത്യാശയുടെ ദൈവം എന്ന് ദൈവത്തെ വിശേഷിപ്പിച്ചുംകൊണ്ടാണ് റോമർക്കുള്ള ലേഖനം പൗലൂസ് സമ്മോദത്തോടെ അവസാനിപ്പിക്കുന്നത്.

> 'തന്റെ വായനക്കാർ പരിശുദ്ധാത്മശക്തിയാൽ പ്രത്യാശയിൽ സമൃദ്ധിയുള്ളവരായി ത്തീരുവാൻ പ്രാർത്ഥിച്ചുകൊണ്ടും പ്രത്യാശയുടെ ദൈവം എന്ന് ദൈവത്തെ വിശേഷിപ്പിച്ചുംകൊണ്ടാണ് റോമർക്കുള്ള ലേഖനം പൗലൂസ് സമ്മോദത്തോടെ അവസാനിപ്പിക്കുന്നത്.'

### II. പൗലൂസ് അവതരിപ്പിക്കുന്ന പ്രത്യാശ
#### റോമാലേഖനം എട്ടാം അധ്യായത്തിന്റെ വെളിച്ചത്തിൽ

ജീവിതത്തിന്റെ സുഖദായക മേഖലകളിൽ ഇരുന്നുകൊണ്ടല്ല, മറിച്ച് റോമിലേക്കു പോകുവാനുള്ള വെല്ലുവിളി നിറഞ്ഞ ദൗത്യയാത്രയ്ക്കായുള്ള തയ്യാറെടുപ്പുകളുടെ മധ്യത്തിലാണ് പൗലൂസ് ഇവിടെ പ്രത്യാശയെപ്പറ്റി എഴുതുന്നത്.

റോമൻ സമാധാനം (*Pax Romana*) എന്ന തെറ്റായ ആശയപ്രചാരണത്തിന്റെ നടുവിൽനിന്നുകൊണ്ട് യേശുക്രിസ്തു സകലത്തിന്റെയും കർത്താവ് എന്ന് തിരിച്ചറിയപ്പെടുന്ന ഭാവികാല പ്രത്യാശയുടെ രൂപരേഖയും പൗലൂസ് റോമാ ലേഖനത്തിൽ നൽകുന്നു (റോമ. 14:11; 15:12). മശീഹാ ലോകത്തെ ഭരിക്കും എന്ന പ്രത്യാശയ്ക്ക് യഥാർത്ഥത്തിൽ ഒന്നാം നൂറ്റാണ്ടിലെ റോമൻ സാമ്രാജ്യ പശ്ചാത്തലത്തിൽ സ്ഫോടനാത്മകമായ രാഷ്ട്രീയമാനങ്ങളാണുണ്ടായിരുന്നത്. എങ്കിലും 'ദൈവം നമുക്ക് അനുകൂലമെങ്കിൽ പ്രതികൂലം ആര്' (റോമ. 8:31) എന്ന ചോദ്യം തൊടുത്തുവിട്ടുകൊണ്ട് ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനപാഠത്തെ പൗലൂസ് ഇവിടെ ആവർത്തിക്കുന്നുണ്ട്.

അബ്രഹാമിന്റെ ജീവിതത്തെ ഒരു ഉദാഹരണമായി നമ്മുടെ മുന്നിലേക്കിട്ടുകൊണ്ടാണ് പ്രത്യാശയുടെ ദൈവശാസ്ത്രത്തെ പൗലൂസ് വിശാലമാക്കുന്നത്. ദൈവീക വാഗ്ദത്തങ്ങളിന്മേലാണ് പ്രത്യാശ അടിസ്ഥാനപ്പെട്ടിരിക്കുന്നത് എന്നാണ് പൗലൂസ് ഇതിലൂടെ തെളിയിക്കുന്നത്. മാനുഷിക അസാധ്യതകളാൽ അബ്രഹാം പരീക്ഷിക്കപ്പെട്ടപ്പോൾ ദൈവത്തിലുള്ള തന്റെ പ്രത്യാശയാൽ താൻ ധൈര്യപ്പെട്ടു എന്ന് പൗലൂസ് രേഖപ്പെടുത്തുന്നു (റോമ. 4:18-25).

### A. ക്രിസ്തീയ പ്രത്യാശയുടെ ഉള്ളടക്കവും അതിന്റെ ഭാവികാല ക്രമീകരണവും (8:1-27)

നമ്മിൽ വസിക്കുകയും നമ്മെ വിമോചനത്തിലേക്കു നയിക്കുകയും ജീവൻ പ്രദാനംചെയ്യുകയും നമുക്കായി പക്ഷവാദം ചെയ്യുകയും ചെയ്യുന്ന പരിശുദ്ധാത്മാവിന്റെ ശുശ്രൂഷയെ സംബന്ധിച്ച വിവരണങ്ങളാണ് റോമാ ലേഖനം 8-ാം അധ്യായത്തിന്റെ ആദ്യത്തെ 27 വാക്യങ്ങളിൽ കാണുന്നത്. ആത്മാവിനാൽ ലഭ്യമായ പുതുജീവൻ വിശ്വാസികൾക്ക് ശക്തി നൽകുന്നതാണ് (റോമ. 7). ഇതു കൂടാതെ വരുവാനുള്ള കാര്യങ്ങളുടെ ഉറപ്പും ഉദയംചെയ്ത പുതുയുഗത്തിന്റെ തെളിവുംകൂടിയാണ് പരിശു

ദ്ധാത്മാവ്. ക്രിസ്തീയ വിശ്വാസികൾക്ക് ജീവിതത്തിന്റെ സമസ്ത മേഖലകളിലും വിജയം നൽകുന്നു എന്ന നിലയിൽ പരിശുദ്ധാത്മാവിന്റെ കർത്തവ്യങ്ങളെ പൗലൂസ് വളരെ പ്രാമുഖ്യത്തോടെ എടുത്തുകാട്ടുന്നു. ജീവൽദായകശക്തിയും സമാധാനവും പ്രത്യാശയും നൽകുന്ന ആത്മാവിന്റെ പുതിയൊരു അധികാരതലത്തിലേക്ക് വിശ്വാസികൾ പറിച്ചുനടപ്പെട്ടിരിക്കുന്നു. അതേ ആത്മാവുതന്നെ പെരുകുന്ന പ്രത്യാശയെ അനുഭവവേദ്യമാക്കുന്നതിനായി വിശ്വാസികളെ പ്രാപ്തരാക്കുന്നു (റോമ. 15:13).

'ഈറ്റുനോവോടെ ഞരങ്ങുന്ന' മുഴുപ്രപഞ്ചത്തിന്റയും (v. 1825) നവീകരണത്തിനായി ആശയോടെ കാത്തിരിക്കുന്നതുമായി ചേർത്ത് ക്രിസ്തീയ പ്രത്യാശ എന്നത് പൗലൂസ് ഈ അധ്യായത്തിൽ എടുത്തുപറയുന്നു. വേണ്ടുംപോലെ പ്രാർത്ഥിക്കേണ്ടത് എന്തെന്ന് നാം അറിയാതിരിക്കുമ്പോൾ ആത്മാവ് നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു (റോമ. 8:15, 26–27) എന്ന് പ്രസ്താവിച്ചുകൊണ്ട് ഈ ഞരക്കത്തെ പ്രാർത്ഥനയുമായും പ്രത്യേകിച്ച് കഷ്ടതയുടെ കാലങ്ങളിൽ പ്രാർത്ഥനയ്ക്കുള്ള പ്രോത്സാഹനവുമായും പൗലൂസ് ബന്ധിപ്പിക്കുന്നു. അബ്ബാ! പിതാവേ! എന്നു വിളിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നതും നമ്മുടെ വിഷയങ്ങൾ ദൈവത്തിങ്കലേക്ക് ആത്മാവ് എത്തിക്കുന്നതും പ്രാർത്ഥനയാലാണ്. നമ്മുടെ പ്രാർത്ഥനകളിൽ നമുക്ക് ഉച്ചരിച്ചു കൂടാത്ത ഞരക്കങ്ങളാൽ ആത്മാവ് നമുക്ക് തുണ നിൽക്കുന്നതിനെ സംബന്ധിച്ചും പൗലൂസ് വിശദമാക്കുന്നു.

ഭാവിയിൽ വെളിപ്പെടുവാൻ പോകുന്ന തേജസ്സിനെ മുൻനിർത്തിക്കൊണ്ടാണ് പൗലൂസ് ക്രിസ്തീയ പ്രത്യാശയുടെ ഉള്ളടക്കത്തെ വെളിപ്പെടുത്തുന്നത് (v.18–25). സൃഷ്ടി ദ്രവത്വത്തിന്റെ ദാസ്യത്തിൽനിന്ന് വിടുതലും ദൈവമക്കളുടെ തേജസ്സാകുന്ന സ്വാതന്ത്ര്യവും പ്രാപിക്കും. സൃഷ്ടിതാവായ ദൈവത്താൽ മുഴുസൃഷ്ടിയും ദ്രവത്വത്തിൽനിന്ന് സ്വാതന്ത്ര്യവും പുതുക്കവും പരിണാമവും പ്രാപിക്കുന്നതിലൂടെ (പുതിയ ആകാശവും പുതിയ ഭൂമിയും) വിശ്വാസികൾക്കു ലഭ്യമാകുന്ന അവകാശത്തെക്കുറിച്ചും പൗലൂസ് വാചാലനാകുന്നു (cf. പ്രവൃ. 3:20–21; 2 പത്രോ. 3:13; വെളി. 21–22). പരിസ്ഥിതി ചൂഷണത്തിലേക്കും പ്രപഞ്ചത്തിന്റെ തകർച്ചയിലേക്കും നയിച്ചത് മനുഷ്യന്റെ വീഴ്ചയാണ് എന്ന് റോമൻ വിശ്വാസികളെ പൗലൂസ് ഉണർത്തിക്കുന്നു. സൃഷ്ടി ദ്രവത്വത്തിന്റെ ദാസ്യത്തിൽനിന്ന് സ്വാതന്ത്ര്യവും ദൈവമക്കളുടെ തേജസ്സാകുന്ന സ്വാതന്ത്ര്യവും പ്രാപിക്കും എന്നുള്ളത് പൗലൂസ് പ്രമാണീക

> അബ്ബാ! പിതാവേ! എന്നു വിളിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നതും നമ്മുടെ വിഷയങ്ങൾ ദൈവത്തിങ്കലേക്ക് ആത്മാവ് എത്തിക്കുന്നതും പ്രാർത്ഥനയാലാണ്. നമ്മുടെ പ്രാർത്ഥനകളിൽ നമുക്ക് ഉച്ചരിച്ചുകൂടാത്ത ഞരക്കങ്ങളാൽ ആത്മാവ് നമുക്ക് തുണനിൽക്കുന്നതിനെ സംബന്ധിച്ചും പൗലൂസ് വിശദമാക്കുന്നു.

രിക്കുന്നു (v. 21). ഭാവികാല പ്രത്യാശയെ സംബന്ധിച്ച പൗലൂസിന്റെ ധാരണകൾക്ക് നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പ് (വാ. 23; ഫിലി. 3:21), ദൈവമക്കൾ എന്ന നിലയ്ക്കുള്ള നമ്മുടെ ദത്തെടുപ്പ് എന്നിവയുടെ വിശദീകരണം താൻ നൽകുന്നുണ്ട്. വീണ്ടെടുപ്പിനായി ഇപ്പോൾ ഞരങ്ങിക്കൊണ്ടിരിക്കുന്ന (വാ. 22–23) സൃഷ്ടിയുടെ പുതുക്കം സംബന്ധിച്ച പ്രത്യാശയെ താൻ വിശദമായി പ്രതിപാദിക്കുന്നു. പൗലൂസിന്റെ അഭിപ്രായത്തിൽ യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തിലൂടെ ദൈവീക വീണ്ടെടുപ്പിൻപദ്ധതി താത്ത്വികമായി ആരംഭിച്ചു; എന്നിരുന്നാലും അതിന്റെ സമഗ്രമായ പൂർത്തീകരണം ഭാവിയിൽമാത്രം സംഭവിക്കുന്ന ഒന്നാണ്. അതിനായി വിശ്വാസികൾ തീവ്രമായ ആഗ്രഹത്തോടെ കാത്തിരിക്കുവാൻ നിയോഗിക്കപ്പെട്ടിരിക്കുന്നു.

## B. ക്രിസ്തീയ പ്രത്യാശയുടെ പെരുകുന്ന പ്രകൃതം (8:28–29)

റോമാലേഖനം 8–ാം അധ്യായത്തിന്റെ രണ്ടാം ഭാഗത്ത് ക്രിസ്തീയ പ്രത്യാശയുടെ ഉത്തുംഗങ്ങളിലേക്ക്, വിശേഷാൽ, ''ദൈവത്തെ സ്നേഹിക്കുന്നവർക്ക് സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു'' (വാ. 28–30) എന്ന നിലയിലുള്ള അതിന്റെ പാരമ്യതയിലേക്ക്, വായനക്കാരെ കൂട്ടിക്കൊണ്ടുപോകുന്നു. ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനമായ ദൈവസ്നേഹത്തിൽ ഊന്നിക്കൊണ്ട് ദൈവത്തിലുള്ള പെരുകുന്ന പ്രത്യാശയെ ഉറപ്പിച്ചു തരുവാൻ നിരവധി ചോദ്യോത്തരങ്ങൾ പൗലൂസ് ഈ ഭാഗത്ത് ഉപയോഗിക്കുന്നു (വാ. 31–39).

### 1. 'ദൈവം നമുക്ക് അനുകൂലമെങ്കിൽ, പ്രതികൂലം ആര്?'

അടുത്ത വാക്യങ്ങളിൽ പൗലൂസ് വ്യക്തമാക്കുന്നത്, നമ്മെ എതിർക്കുന്ന നിരവധി ഘടകങ്ങൾ ഉണ്ടെങ്കിലും 'ദൈവം നമുക്ക് അനുകൂലം (പൗലൂസിന്റെ സുവിശേഷത്തിന്റെ രത്നച്ചുരുക്കമാണത്) എങ്കിൽ ആർക്കും നമ്മെ എതിർക്കുവാൻ കഴികയില്ല എന്നാണ്. 'സ്വന്തപുത്രനെ ആദരിക്കാതെ നമുക്ക് എല്ലാവർക്കുംവേണ്ടി ഏല്പിച്ചു തന്നവൻ അവനോടുകൂടെ സകലവും നമുക്ക് നൽകാതിരിക്കുമോ?'(വാ. 32) എന്ന ഉത്തമബോധ്യത്തോടെയുള്ള ഒരു കുറിപ്പും താൻ രേഖപ്പെടുത്തുന്നുണ്ട്.

2. ദൈവം നീതീകരിച്ചാൽ പിന്നെ *ദൈവം തിരഞ്ഞെടുത്തവനെ ആർ കുറ്റം ചുമത്തും?* (വാ. 33). ഇതിന്റെ ഉത്തരം ദൈവമാണ് നീതികർത്താവ്, അതിനാൽ ദൈവം തിരഞ്ഞെടുത്തവരെ ആർക്കും കുറ്റപ്പെടുത്താനാവില്ല എന്നാണ്.





3. ക്രിസ്തു മരിക്കുകയും ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു. ഇപ്പോൾ അവൻ ദൈവത്തിന്റെ വലതുഭാഗത്തിരിക്കുകയും നമുക്കുവേണ്ടി പക്ഷവാദം കഴിക്കുകയും ചെയ്യുന്നതിനാൽ *'നമ്മെ ആർ കുറ്റം ചുമത്തും?'* (v. 33). ഇത് യഥാർത്ഥത്തിൽ ഭാവികാല ന്യായവിധിയിലേക്കാണ് വിരൽചൂണ്ടുന്നത്. ക്രിസ്തു മരിക്കുകയും ശേഷം ഉയിർത്തെഴുന്നേറ്റ് ദൈവത്തിന്റെ വലതുഭാഗത്തിരുന്ന് നമുക്കുവേണ്ടി പക്ഷവാദം കഴിക്കുകയും ചെയ്യുന്നതിനാൽ ആർക്കും നമ്മെ കുറ്റം വിധിക്കുവാനാകില്ല.

4. *ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്ന് നമ്മെ വേർപിരിക്കുന്നതാര്?* (വാ. 35). മതാധിഷ്ഠിതവും രാഷ്ട്രീയപരവുമായ (വിശപ്പ്, ക്ഷാമം, നഗ്നത, ആപത്ത്, വാൾ തുടങ്ങിയവ cf. 2 കൊരി.11:23–29) പീഡനങ്ങൾപോലെയുള്ള നിരവധി വിഷയങ്ങൾ പൗലൂസ് ഇവിടെ നമ്മുടെ ശ്രദ്ധയിലേക്കെടുക്കുന്നു. ഇവയെല്ലാംതന്നെ വാസ്തവത്തിൽ വിശ്വാസികളുടെ ജീവിതത്തിന് വെല്ലുവിളിയാണെങ്കിലും ദൈവത്തിന്റെ സഭ ഇതിലൊക്കെയും പൂർണ്ണജയം പ്രാപിക്കുന്നു. ക്രിസ്തുവിലുള്ളവരെ ദൈവത്തോടുള്ള സ്നേഹത്തിൽനിന്ന് വേർപിരിക്കുവാൻ ആർക്കും കഴിയുകയില്ല എന്ന് പ്രസ്താവിക്കുന്നത് ദൈവവും തന്റെ ജനവും തമ്മിലുള്ള പ്രത്യേക ബന്ധത്തെ വ്യക്തമാക്കുവാനാണ്.

ഒന്നാം നൂറ്റാണ്ടിലെ സഭ അഭിമുഖീകരിച്ച നിരവധി പ്രതിസന്ധികളെ ഈ ഭാഗത്ത്, റോമാ ലേഖനത്തിൽ ആദ്യമായി, പൗലൂസ് രേഖപ്പെടുത്തുന്നു (വാ. 38–39).

ഭൗമികവും അഭൗമികവുമായ മേഖലകളിൽനിന്ന് ഭീഷണി ഉയരുന്നുണ്ട് (ഗലാ. 4:3,9; കൊലോ. 2:8,20). എന്നാൽ, നാം ഇതിലൊക്കെയും പൂർണ്ണജയം പ്രാപിച്ചിരിക്കുന്നു (വാ. 37). ദൈവം നമുക്ക് അനുകൂലമായിരിക്കുന്നതിനാൽ പ്രതികൂലം ആര് എന്ന് ചോദിച്ചുകൊണ്ട് ഈ വെളിപ്പാടിന്റെ ഉന്നതിയാകുന്ന തികഞ്ഞ ആരാധനയുടെ അനുഭവത്തിലേക്ക് പൗലൂസ് നമ്മെ കരംപിടിച്ചുയർത്തുന്നു.

## III. വർത്തമാനകാലസഭയ്ക്കുള്ള ദൈവശാസ്ത്രപരമായ വിവക്ഷ

റോമാലേഖനം 8–ാം അധ്യായത്തിൽ ദൈവത്തിന്റെ വിശ്വസ്തതയിലുള്ള ഉറപ്പ് പൗലോസ് ആവർത്തിച്ചുറപ്പിക്കുന്നു. സുവിശേഷത്തെപ്രതി തന്റെ ജീവൻപോലും നഷ്ടമായിപ്പോകാവുന്നത്ര അപകടകരമായ സാഹചര്യങ്ങളിൽനിന്നുകൊണ്ടാണ്—ഒരിക്കലും സുഖസമൃദ്ധിയിൽനിന്നുകൊണ്ടല്ല—ഈ പ്രത്യാശയുടെ പാരമ്യതയുടെ അനുഭവം പൗലൂസ് അവതരിപ്പിക്കുന്നത്. എന്നാൽ, അതിന്റെ നടുവിലും ദൈവം നമ്മോടുകൂടെ ഉണ്ടെങ്കിൽ സ്വർഗ്ഗത്തിലോ ഭൂമിയിലോ ഉള്ള യാതൊരു ശക്തിക്കും നമുക്കെതിരായി നിൽക്കുവാൻ കഴിയുന്നതല്ല എന്ന പ്രത്യാശ ഇവിടെ പൗലൂസിനെ ഭരിക്കുന്നു. ദൈവത്തിന്റെ വാഗ്ദത്തങ്ങളിൽ അടിസ്ഥാനപ്പെട്ടിരിക്കുന്ന മഹത്ത്വത്തിന്റെ പ്രത്യാശയുടെ യാഥാർത്ഥ്യത്താൽ ഏതൊരു ക്രിസ്തീയ അനുഭവവും പ്രോജ്ജ്വലിക്കുകയും ദീപ്തമാക്കപ്പെടുകയും ചെയ്യുന്നു. കഷ്ടത, പ്രശ്നങ്ങൾ, ദുർഘടങ്ങൾ, പീഡനങ്ങൾ, ക്ഷാമം, നഗ്നത, ആപത്ത്, വാള് എന്നിവയുടെയെല്ലാം മധ്യത്തിൽ പുതിയ നിയമസമൂഹത്തിന്റെ പ്രത്യാശ വർദ്ധിക്കുന്നു.

> പെരുകുന്ന പ്രത്യാശയെക്കുറിച്ചുള്ള പൗലൂസിന്റെ പ്രബോധനങ്ങളെക്കുറിച്ചുള്ള പഠനം സാമൂഹിക-സാമ്പത്തിക-ആഗോള വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിനായി സഭയെ രൂപപ്പെടുത്തിയെടുക്കുന്നതിൽ സവിശേഷമായ കഴിവുള്ളവയാണ്.

പെരുകുന്ന പ്രത്യാശയെക്കുറിച്ചുള്ള പൗലൂസിന്റെ പ്രബോധനങ്ങളെക്കുറിച്ചുള്ള പഠനം സാമൂഹിക–സാമ്പത്തിക–ആഗോള വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിനായി സഭയെ രൂപപ്പെടുത്തിയെടുക്കുന്നതിൽ സവിശേഷമായ കഴിവുള്ളവയാണ്. സൃഷ്ടിയുടെ പതനമല്ല ഭാവികാല ക്രിസ്തീയ പ്രത്യാശയിന്മേൽ അടിസ്ഥാനപ്പെട്ട സൃഷ്ടിയുടെ രൂപാന്തരവും പുതുക്കവുമാണ് ക്രിസ്തീയസഭ വെളിപ്പെടുത്തേണ്ടത്. എന്നിരുന്നാലും ദൈവത്തിന്റെ സൃഷ്ടിപദ്ധതികൾ കണക്കിലെടുക്കുമ്പോൾ ഉടമ്പടി സമൂഹം പ്രകൃതിയുടെ കാര്യവിചാരകന്മാരായി നിയമിക്കപ്പെട്ടവരായി കാണുന്നു (ഉല്പ. 1:26–28).

ദൈവരാജ്യത്തിന്റെ അത്യന്തമായ പ്രത്യക്ഷത പ്രതീക്ഷിച്ചുകൊണ്ട് ജീവനുള്ള പ്രത്യാശയോടെ ഭാവികാല യുഗത്തിൽ ജീവിക്കുകയാണ് ഈ കാലത്തിലെ സഭ. നമുക്കു ചുറ്റുമുള്ള യാഥാർത്ഥ്യങ്ങൾ പലപ്പോഴും ദൈവീക വാഗ്ദത്തങ്ങളെ പിന്തുണയ്ക്കുന്നതല്ല എന്നു മാത്രമല്ല, നാം അഭിമുഖീകരിക്കുന്ന സാഹചര്യങ്ങൾ ഇതിനു നേരേ വിപരീതവുമായിരിക്കാനിടയുണ്ട്. എന്നിരുന്നാലും ഭാവിയിൽ പ്രത്യക്ഷമാകാനിരിക്കുന്ന സമൃദ്ധമായ പ്രത്യാശയെ ദൈവദാനമായ പരിശുദ്ധാത്മാവ് വർത്തമാനകാലസഭയ്ക്ക് അനുഭവഭേദ്യമാക്കുന്നു. കഷ്ടതയെ ഒരു ശാപമായും ദൈവപ്രസാദമില്ലായ്മയുടെ അടയാളമായും പരിഗണിക്കപ്പെടുന്ന ഒരു ലോകത്ത് ജീവിതത്തിൽ ആന്തരികവും ബാഹ്യവുമായ പോരാട്ടങ്ങളെ അഭിമുഖീകരിക്കുന്ന ക്രിസ്തീയ സമൂഹത്തോട് വിശ്വാസത്തിലും സമാധാനത്തിലും സഹിഷ്ണുതയിലും അതിന്റെ തനിമയിലും പ്രത്യാശയിലും ജീവിക്കുവാനാണ് പൗലൂസ് ഉദ്ബോധിപ്പിക്കുന്നത്. ●



പാസ്റ്റർ തോമസ് മാത്യു
Faculty



# പ്രത്യാശ താൽകാലികമോ നിത്യമോ ?

**ദൈവസൃഷ്ടിപ്പിൻ** പദ്ധതികളെ രണ്ടായി തരംതിരിക്കാം. (1) കാണാത്ത ലോകം-നിത്യത (2) കാണുന്ന ലോകം-ദൈവസൃഷ്ടിപ്പിൻ ലോകം. സ്വർഗ്ഗത്തിലുള്ളതും (മേഘമണ്ഡലത്തിനു മുകളിലുള്ള സൃഷ്ടികൾ)ഭൂമിയിലുള്ളതും ദൃശ്യമായതും അദൃശ്യമായതും... സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു (കൊലൊ. 1:16). കഴിഞ്ഞ കാലങ്ങളിൽ ശാസ്ത്രം കണ്ടുപിടിച്ചിരിക്കുന്നതിലൊക്കെയും 10 മടങ്ങിലേറെ നക്ഷത്രക്കൂട്ടങ്ങളെ (galaxies) ഇന്ന് കണ്ടുപിടിച്ചിട്ടുണ്ട്. ഓരോ നക്ഷത്രക്കൂട്ടങ്ങളിലും ലക്ഷം കോടിയിലേറെ നക്ഷത്രങ്ങൾ ഉണ്ടെന്നുള്ളത് ഓർക്കണം. എന്നാൽ, ഇന്നുവരെ പ്രപഞ്ചത്തിലെ 4% മാത്രമേ മനുഷ്യർ കണ്ടുപിടിച്ചിട്ടുള്ളൂ. ഇനിയും 96% കൂടി പ്രപഞ്ചത്തെ മനുഷ്യൻ കണ്ടുപിടിക്കാനുണ്ട്. ഈ 100% പ്രപഞ്ചത്തെ ഉൾപ്പെടുത്തിയാണ് കാണുന്ന ലോകം എന്ന് തിരുവെഴുത്ത് പറഞ്ഞിരിക്കുന്നത്. എന്നാൽ, ഈ കാണുന്നത് താത്കാലികമാകുന്നു. കാണാത്തതോ നിത്യം. കാണുന്നതിനെയല്ല കാണാത്തതിനെയത്രേ ഞങ്ങൾ നോക്കിക്കൊണ്ടിരിക്കുന്നത് (2 കൊരി. 4:18). ഇതത്രെ കവിഞ്ഞൊഴുകുന്ന പ്രത്യാശ.

> **ഇന്നുവരെ**
> പ്രപഞ്ചത്തിലെ 4% മാത്രമേ മനുഷ്യർ കണ്ടുപിടിച്ചിട്ടുള്ളൂ. ഇനിയും 96% കൂടി പ്രപഞ്ചത്തെ മനുഷ്യൻ കണ്ടുപിടിപ്പാനുണ്ട്. ഈ 100% പ്രപഞ്ചത്തെ ഉൾപ്പെടുത്തിയാണ് കാണുന്ന ലോകം എന്ന് തിരുവെഴുത്ത് പറഞ്ഞിരിക്കുന്നത്.

ഈ കാണുന്ന ലോകത്തിലെ ഏറ്റവും ഉന്നതസൃഷ്ടിയത്രേ ഭൂമി (ഇയ്യോ. 38: 4–11). അതിന്റെ ഹൃദയഭാഗമത്രേ പാലും തേനും ഒഴുകുന്ന കാനാൻനാട്. ഇതത്രെ ദൈവം അബ്രഹാമിനെ തിരഞ്ഞെടുത്തതിൽക്കൂടെ യിസ്രായേൽ ജാതിക്കു കൊടുത്തത് (ആവ. 8: 7–9). ആ മനോഹര ദേശത്തിൽ ദൈവം അബ്രഹാമിനെ കൊണ്ടെത്തിച്ചു. എന്നാൽ, ഹൃദയദൃഷ്ടി പ്രകാശിച്ച അബ്രഹാമിന്റെ കാഴ്ചപ്പാട് എന്തായിരുന്നു എന്ന് എബ്രായലേഖനത്തിൽ വളരെ മനോഹരമായ രീതിയിൽ ചിത്രീകരിച്ചിരിക്കുന്നു. വിശ്വാസത്താൽ അബ്രഹാം വാഗ്ദത്ത ദേശത്ത് ഒരു അന്യദേശത്ത് എന്നപോലെ ചെന്നു, വാഗ്ദത്തത്തിനു കൂട്ടവകാശികളായ യിസഹാക്കിനോടും യാക്കോബിനോടുംകൂടെ കൂടാരങ്ങളിൽ പാർത്തുകൊണ്ട് ദൈവം ശില്പിയായി നിർമ്മിച്ചതും അടിസ്ഥാനങ്ങളുള്ളതുമായ നഗരത്തിനായി കാത്തിരുന്നു (എബ്രാ. 11: 9–10). അത് പിതാവായ ദൈവത്തിന്റെ ദേശമാണ്. ഇതത്രെ നിത്യത. അത് അധികം നല്ലതും സ്വർഗ്ഗീയവുമാണ്. ദൈവം അവർക്കായി ഒരു നഗരം ഒരുക്കിയിരിക്കുന്നുവല്ലോ (എബ്ര. 11:16). കാണുന്നത് നല്ലതാണ്. എന്നാൽ, അധികം നല്ലതല്ല. ആയതിനാൽ, കാണുന്ന പ്രത്യാശ പ്രത്യാശയല്ല. കാണാത്തതാണ് നിത്യത. ഇതാണ് കവിഞ്ഞൊഴുകുന്ന പ്രത്യാശ.

ഈ കാണുന്ന പ്രപഞ്ചത്തിന്റെ അന്ത്യം അഗ്നിപ്രളയത്താൽ ചുടപ്പെടും എന്നതാണ് നശ്വരമായ പ്രത്യാശ... അന്ന് ആകാശം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞുപോകും. മൂലപദാർത്ഥങ്ങൾ (Elements) കത്തി അഴികയും ഭൂമിയും അതിലുള്ള പ്രാണികളും വെന്തുപോകുകയും ചെയ്യും (2 പത്രോ. 3: 10). ആയതിനാൽ, ഈ ലോകവും അതിൽ ഉൾപ്പെട്ട മനുഷ്യന്റെ എല്ലാ നേട്ടങ്ങളും മനുഷ്യൻ കഠിനാധ്വാനത്താൽ കൊയ്തുകൂട്ടുന്ന എല്ലാ സ്ഥാനമാനങ്ങളും വാടുന്ന കിരീടങ്ങളത്രെ. നാമോ, വാടാത്ത കിരീടം പ്രാപിപ്പാൻ യേശുകർത്താവിന്റെ ക്രൂശിനോടു ചേർന്ന് ഓടുന്നു.....വിളിയുടെ വിരുതിനായി ലാക്കിലേക്ക് ഓടുന്നു. ഭൂമിയിലെ പ്രത്യാശകളെല്ലാം മരണത്തോടുകൂടി സമാപിക്കുന്നു. ആയതിനാൽ തിരുവെഴുത്തു പറയുന്നു, ഇവിടെ നമുക്ക് നിലനിൽക്കുന്ന നഗരം ഇല്ല. ഈ കാണുന്ന പ്രത്യാശ പ്രത്യാശയല്ല. കാണുന്നതു താത്കാലികം. അതിനാൽ, വരുവാനുള്ളതത്രെ നാം അന്വേഷിക്കുന്നത്. അതിനായി നാം കാണുന്നതിനായി പ്രത്യാശിക്കുന്നതെന്തിന്. നാം കാണാത്തതിനായി പ്രത്യാശിക്കുന്നു എങ്കിലോ, അതിനായി ക്ഷമയോടെ കാത്തിരിക്കുന്നു.

> ‘
> **ഭൂമിയിലെ** പ്രത്യാശകളെല്ലാം മരണത്തോടുകൂടി സമാപിക്കുന്നു. ആയതിനാൽ തിരുവെഴുത്തു പറയുന്നു, ഇവിടെ നമുക്ക് നിലനിൽക്കുന്ന നഗരം ഇല്ല. ഈ കാണുന്ന പ്രത്യാശ പ്രത്യാശയല്ല. കാണുന്നതു താത്കാലികം. അതിനാൽ, വരുവാനുള്ളതത്രെ നാം അന്വേഷിക്കുന്നത്.
> ’

## കാണാത്ത പ്രത്യാശ എങ്ങനെ ലഭിക്കും?

അത് ക്രൂശിൽ ഉയർത്തപ്പെട്ട തേജസ്സിന്റെ കർത്താവിൽക്കൂടെ മാത്രമേ ലഭിക്കുകയുള്ളൂ. അതു ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് ഒരുക്കിയിരിക്കുന്ന പ്രത്യാശയാണ്. അത് ഒരു കണ്ണ് കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യന്റെ ഹൃദയത്തിൽ തോന്നീട്ടുമില്ല (1 കൊരി. 2:9,10). അത് ദൈവാത്മാവിൽമാത്രം മനുഷ്യഹൃദയങ്ങളിൽ വെളിപ്പെടുത്തി ലഭിക്കുന്നതാണ്. അത് ഹൃദയദൃഷ്ടി പ്രകാശിക്കുന്നവർക്കുമാത്രം ലഭിക്കുന്നു (പുറമേയുള്ള കണ്ണുകൊണ്ട് കാണാത്തതും ചെവികൊണ്ട് കേൾക്കാത്തതും ഹൃദയത്തിൽ തോന്നാത്തതും ദൈവജ്ഞാനികൾക്കു മറച്ചുവച്ചതും അത്രെ കാണാത്ത പ്രത്യാശ). ഇത് ദൈവം ശിശുക്കൾക്ക് വെളിപ്പെടുത്തിക്കൊടുത്തിരിക്കുന്നു (ലൂക്കോ: 10:21). ആയതിനാൽ നാം അവന്റെ നിന്ദ (ക്രൂശിന്റെ ദർശനം) ചുമന്ന് പാളയത്തിനു പുറത്ത് (യെരുശലേം നഗരവാതിലിനു വെളിയിൽ)-ലോകത്തിന് ലോകസംസ്കാരങ്ങൾക്കു വെളിയിൽ-ഇറങ്ങി കർത്താവിനോടു ചേർന്ന് കഷ്ടമനുഭവിക്കണം. ഇവിടെ നമുക്കു നിലനില്ക്കുന്ന നഗരം ഇല്ല. വരുവാനുള്ളതത്രേ നാം അന്വേഷിക്കുന്നത് (എബ്രാം. 13:12–14). ഈ കാണാത്ത പ്രത്യാശ ക്രൂശിൽ വീണ്ടും ജനനത്തോടുകൂടി മാത്രമേ ലഭിക്കുകയുള്ളൂ. ഈ മാർഗ്ഗം യോഹന്നാന്റെ സുവിശേഷം 3-ാം അദ്ധ്യായത്തിൽ കർത്താവ് വെളിപ്പെടുത്തിയിരിക്കുന്നു. ഇത് നിത്യതയുടെ പ്രത്യാശയാകയാൽ നിത്യതയിൽ നാം ജനിക്കണം. കർത്താവ് നിക്കോദിമോസിനോട് ഇതത്രെ പറഞ്ഞിരിക്കുന്നത്, പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴികയില്ല. ഗ്രീക്കുഭാഷയിൽ ജിനീതി-എനോദൻ (geneethe-anothen) എന്ന പദം ഇതിന്റെ അർത്ഥം ഉയരത്തിൽ ജനിക്കണം എന്നാണ് (begotten from above). ഭൗമികജനനത്തിന് രണ്ട് രക്ഷാകർത്താക്കൾ (parents) ആവശ്യം ആയിരിക്കുന്നതുപോലെതന്നെ, ആത്മീകജനനത്തിനും രണ്ടു രക്ഷാകർത്താക്കൾ ആവശ്യമാണ്. വചനം, ആത്മാവ് യോഹ. 3:5;1:13. ഇതിന്റെ വിശാലമായ അർത്ഥം പത്രോസ് അപ്പസ്തോലൻ പ്രസ്താവിച്ചിരിക്കുന്നു, ‘‘നമ്മെ ജീവനുള്ള പ്രത്യാശയ്ക്കായി.... നിങ്ങൾക്കുവേണ്ടി സ്വർഗ്ഗത്തിൽ സൂക്ഷിച്ചിരിക്കുന്നതും ക്ഷയം, മാലിന്യം, വാട്ടം എന്നിവ ഇല്ലാത്തതുമായ അവകാശത്തിനായിത്തന്നെ വീണ്ടും ജനിപ്പിച്ചിരിക്കുന്നു’’ (1 പത്രോ. 1:4) (ഇത് നിത്യാവകാശമാണ്, എബ്രാ. 9:15). യേശുവിന്റെ ക്രൂശുമരണ പുനരുദ്ധാരണത്തി

നുശേഷമാണ് നിത്യത മനുഷ്യർക്കു തുറന്നത് (യോഹ. 3:13). ഇത് പറഞ്ഞതിനുശേഷം മരുപ്രയാണയാത്രയിലായിരുന്ന യിസ്രായേൽ ജനത്തെ അഗ്നിസർപ്പം കടിച്ചു മരിച്ചപ്പോൾ, തുടർന്നു മരണം ഉണ്ടാകാതിരിപ്പാൻ, ഈ സർപ്പം കടിച്ചവരുടെ രക്ഷയ്ക്കായി ദൈവാലോചനയാൽ മോശ ഒരു അഗ്നിസർപ്പത്തെ ഉയർത്തിയതുപോലെ മനുഷ്യപുത്രനെയും ഉയർത്തേണ്ടതാകുന്നു എന്ന് യേശുകർത്താവിന്റെ ക്രൂശുമരണത്തെക്കുറിച്ച് യേശുകർത്താവ് പ്രസ്താവിച്ചിരിക്കുന്നു. യേശുവിന്റെ മരണം എന്തിനാണ്? ‘‘അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ പ്രാപിക്കേണ്ടതിനുതന്നെ’’ (യോഹ. 3:15).

യേശുകർത്താവിന്റെ മരണം കഴിഞ്ഞയുടൻ നിത്യതയുടെ വഴി, കൃപാസനത്തിൽ എത്തേണ്ടിയ വഴി ദൈവം ക്രൂശിൽക്കൂടി തുറന്നുകൊടുത്തു. അത് എങ്ങനെയെന്ന് പരിശുദ്ധാത്മാവ് വെളിപ്പെടുത്തിയിരിക്കുന്നു. ‘‘യേശു പിന്നെയും ഉറക്കെ നിലവിളിച്ച് പ്രാണനെ വിട്ടു. അപ്പോൾ മന്ദിരത്തിലെ തിരശ്ശീല മേൽതൊട്ട് അടിയോളം രണ്ടായി ചീന്തിപ്പോയി’’ (മത്താ. 27: 50,51). യെരുശലേം ദൈവാലയത്തിന് ഏകദേശം രണ്ടു കിലോമീറ്റർ അകലെ യെരുശലേം നഗരവാതിലിനു വെളിയിൽ ഈ മഹൽമരണം നടന്നയുടൻ യരുശലേം ദേവാലയത്തിൽ കൃപാസനത്തെ മറച്ചിരുന്ന തിരശ്ശീല രണ്ടായി ചീന്തിപ്പോയതിലൂടെ യെരുശലേം ദൈവാലയത്തെ യേശുവിന്റെ മരണത്തോടു ബന്ധപ്പെടുത്തിയിരിക്കുന്നു. അഹരോൻ മുതൽ ഏകദേശം 1600 വർഷം മറയ്ക്കപ്പെട്ട കൃപാസനം സകല മനുഷ്യർക്കുംവേണ്ടി മഹാദൈവം തുറന്നുകൊടുത്തു. അന്ന് ജാതികളുടെ പ്രാകാരത്തിൽ കൂടിയിരുന്ന ജാതികൾവരെയും ഈ മഹൽസംഭവത്തിൽക്കൂടെ അക്ഷരീക കൃപാസനം കണ്ടു (60 മുഴം ഉയരവും 4 ഇഞ്ച് ഘനവും 30 മുഴം വീതിയുമുള്ള ഈ തിരശ്ശീല 300 പുരോഹിതർ പരിശ്രമിച്ചെങ്കിലേ ഒന്നു നീക്കുവാൻ കഴികയുള്ളൂ. ആ തിരശ്ശീലയാണ് മുകൾതൊട്ട് അടിയോളം രണ്ടായി ചീന്തിയത്!). ഇത് എന്തിനെ സൂചിപ്പിക്കുന്നു.

## യേശുവിന്റെ ദേഹം എന്ന തിരശ്ശീല

പഴയ നിയമത്തിലെ ഒടുവിലത്തെ നിഴലും പൊരുളും ആണ് ഇവിടെ കാണുന്നത്. പഴയ നിയമത്തിൽ, നിഴലായ തിരശ്ശീല, യേശുവിന്റെ ദേഹത്തോടു ബന്ധപ്പെടുത്തി ഇവിടെ കാണുന്നു. യേശുവിന്റെ ശരീരം ക്രൂശിൽ മുറിക്കപ്പെട്ട് പ്രാണനെ വിട്ടതിന് ഇവിടെ ‘‘യേശു തന്റെ ദേഹം എന്ന തിരശ്ശീലയിൽക്കൂടി (ദൈവം) നമുക്കു പ്രതിഷ്ഠിച്ച ജീവനുള്ള പുതുവഴിയായി തന്റെ രക്തത്താൽ വിശുദ്ധ മന്ദിരത്തിലേക്കുള്ള (കൃപാസനത്തിൽ) പ്രവേശനത്തിന് ധൈര്യം ലഭിച്ചു’’ (എബ്രാ. 10:19). അങ്ങനെ വേർപാടിന്റെ നടുച്ചുവർ (പഴയ നിയമത്തിലെ ആരാധനയോടുള്ള നിയമങ്ങൾ) ക്രൂശിൽ ഇടിച്ചുകളഞ്ഞു (എഫെ. 2:14).അങ്ങനെ യേശുകർത്താവ് മുഖാന്തരം ഇരുപക്ഷക്കാർക്കും (യഹൂദനും ജാതികളും) ഏകാത്മാവിനാൽ പിതാവിലേക്ക് (നിത്യതയിലേക്ക്) പ്രവേശനം ലഭിച്ചു (എഫെ. 2:18). ഇതത്രേ കാണാത്ത പ്രത്യാശ അല്ലെങ്കിൽ കവിഞ്ഞൊഴുകുന്ന പ്രത്യാശ.

> ജീവിതമാകുന്ന വിശ്വാസക്കപ്പൽ ലോകമാകുന്ന സമുദ്രത്തിൽക്കൂടി അക്കരെനാട് ലക്ഷ്യമായി യാത്ര ചെയ്യുമ്പോൾ ഓളങ്ങളും തിരമാലകളും ഈശാനമൂലനാകുന്ന കൊടുങ്കാറ്റും അടിച്ച് നമ്മുടെ വിശ്വാസക്കപ്പൽ ഉടച്ചുതകർക്കുവാൻ നോക്കുമ്പോൾ ആ പ്രത്യാശ നമ്മുടെ ആത്മാവിന്റെ നങ്കൂരമായി സ്ഥിതി ചെയ്യുന്നു.

ആയതിനാൽ, നാം പിമ്പിലുള്ളതിനെ മറന്നും (കാണുന്ന പ്രത്യാശ) നമ്മുടെ മുമ്പിൽവച്ചിട്ടുള്ള പ്രത്യാശ പിടിച്ചുകൊൾവാൻ ശരണത്തിനായി ലാക്കിലേക്ക് ഓടുന്നു. ജീവിതമാകുന്ന വിശ്വാസക്കപ്പലിൽ ലോകമാകുന്ന സമുദ്രത്തിൽക്കൂടി അക്കരെനാട് ലക്ഷ്യമായി യാത്ര ചെയ്യുമ്പോൾ ഓളങ്ങളും തിരമാലകളും ഈശാനമൂലനാകുന്ന കൊടുങ്കാറ്റും അടിച്ച് നമ്മുടെ വിശ്വാസക്കപ്പൽ ഉടച്ചുതകർക്കുവാൻ നോക്കുമ്പോൾ ‘‘ആ പ്രത്യാശ നമ്മുടെ ആത്മാവിന്റെ നങ്കൂരമായി സ്ഥിതിചെയ്യുന്നു.’’ അതു നിശ്ചയമായ പ്രത്യാശയാണ്. ക്രൂശിൽ സ്ഥിരപ്പെടുത്തിയ പ്രത്യാശയാണ്, അത് തിരശ്ശീലയ്ക്കകത്ത് കൃപാസനത്തിൽ നമ്മെ കൊണ്ടെത്തിക്കുന്ന പ്രത്യാശയാകുന്നു. ‘‘അവിടേക്ക് യേശു മല്ക്കിസേദെക്കിന്റെ ക്രമപ്രകാരം എന്നേക്കും മഹാപുരോഹിതനായി മുമ്പുകൂട്ടി നമുക്കുവേണ്ടി പ്രവേശിച്ചിരിക്കുന്നു’’ (എബ്രാ. 6:19,20), (മർക്കോ. 16:19). അവിടെ നമ്മെ ഇരുത്തുന്നതിന് യേശുകർത്താവ് ഇപ്പോൾ സ്ഥലം ഒരുക്കിക്കൊണ്ടിരിക്കുന്നു. അവിടേക്കു നമ്മെ ചേർപ്പാൻ എത്രയും വേഗം കർത്താവ് താൻ ഗംഭീരനാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടുംകൂടി മേഘമണ്ഡലത്തിൽ ഇറങ്ങിവരും. ഇതത്രേ കാണാത്ത പ്രത്യാശ. അതിനായിട്ടത്രെ നാം നോക്കിപാർക്കുന്നത്.

ഈ പ്രത്യാശ പുതിയ നിയമവിശുദ്ധന്മാർക്കുവേണ്ടി മാത്രമല്ല, പിന്നെയോ പഴയ നിയമവിശുദ്ധന്മാർക്കുംവേണ്ടി ഒരുക്കിയിരിക്കുന്നതാണ്. അതിനാൽ പഴയനിയമത്തിൽ ദൈവത്തെ യിസ്രയേലിന്റെ

*ശേഷം പേജ് 145*




*Blessings and prayers for the Graduating Class of 2020!*

**Pr. George Alexander**

Fremont Grace Church
4130 Technology Place Rm 229,
Fremont, CA 94538

*Congratulations on your graduation!!*
*May God continue to lead, guide and uphold your future. (Jer. 29:11)*



**Philip & Susan George,**
**Lisa & Jijoe Mathews Abraham, Allison**

*For You have been a strength to the poor,*
*A strength to the needy in his distress,*
*A refuge from the storm, A shade from the heat;*
*For the blast of the terrible ones is as a storm against the wall*
*(Isaiah 25:4).*

**James Edakkalloor and Family**
**Tulsa, Oklahoma, USA**






"THE LORD HAS DONE THIS , AND IT IS MARVELOUS IN OUR EYES"
Paradise
An ideal place for peaceful living in Kolenchery
Paradise
Near to Court Complex
Perumbavoor Road, Kolenchery
Ernakulam - 682 311, Kerala, India
Ph: +91 9495651163
E-mail: pandatilparadise@gmail.com
Our Bankers
सिंडिकेटबैंक
SyndicateBank


MGM Muthoot Hospitals
Our Specialities and Super Specialities
Anaesthesiology | Interventional Cardiology | Dermatology
Dental | Endocrinology | Gastroenterology
General Medicine | Nephrology | Neurology
Pathology | Paediatrics and Neonatology
Psychiatry | ENT | General Surgery & Laparoscopic Surgery
Neuro Surgery | Ophthalmology
Orthopaedics and Traumatology | Urology
Medical & Radiation Oncology | Obstetrics & Gynaecology
Pulmonology | Audiology & Speech Therapy
MGM Muthoot Hospitals
COLLEGE ROAD, KOZHENCHERRY
0468 2314000 9562501213 (24 HRS HELPLINE) 7012223846
/muthoothealthcare
muthoothealthcare.com

*Dear Graduates may God commission you to the ambassadors of hope!*



**George K. Varghese & Family, Kuwait**

*Prayers and wishes to IBC Graduates of 2020!*



**E. M. Jacob & Family, Kuwait**















*Wishing the Graduates every heavenly blessing!*



**Joel Sunny & Family, Kuwait**

*Greetings to all the Graduates of India Bible College and Seminary!*



**Ligesh Joy & Family**

Congratualations and best wishes to the Graduates
as you enter the Lord's Vineyard



M. C. Philip & Family, Kuwait

May God anoint and equip all the
Graduates for a blessed ministry




Nijo John & Family, Kuwait

Praying divine strength and courage upon all Graduates!



Mammen George & Family, High Wycombe, UK

May the God of hope fill you with all joy
as you labor in the ministry!



Pr. Saji Mathew & Family, Cambridge, UK



# ഫെലോഷിപ്പ് മിഷൻ ആശുപത്രി

കുമ്പനാട്, പത്തനംതിട്ട. സ്ഥാപിതം : 1946

ഫോൺ : 0469 - 2664249, 2744900

Email:fellowshiphosp@hotmail.com www.fellowshipmissionhospital.com

- ജനറൽ മെഡിസിൻ
- ഗൈനക്കോളജി
- കാർഡിയോളജി
- അനസ്തേഷ്യോളജി
- അസ്ഥിരോഗ വിഭാഗം
- ശിശുരോഗ വിഭാഗം
- ന്യൂറോളജി
- ഡെർമറ്റോളജി
- ജനറൽ സർജറി
- ഒപ്താൽമോളജി
- നെഫ്റോളജി
- യൂറോളജി
- ഇ.എൻ.റ്റി.
- സോണോളജി

24 മണിക്കൂറും പ്രവർത്തിക്കുന്ന കാഷ്വാലിറ്റി, ബ്ലഡ് ബാങ്ക്, ലബോറട്ടറി, എക്സറേ, ഇ.സി.ജി., എക്കോകാർഡിയോഗ്രാം, റ്റി.എം.റ്റി, അൾട്രാ സൗണ്ട് സ്കാനിങ്ങ്, ഡോപ്ലർ ടെസ്റ്റ് തുടങ്ങിയ സൗകര്യങ്ങളും ലഭ്യമാണ്. ആശുപത്രിയിൽ അഡ്മിറ്റാകുന്ന രോഗികൾക്ക് കൂടെ നില്ക്കുവാൻ ആളുകളില്ലായെങ്കിൽ ആശുപത്രിയിൽ നിന്നും ബൈസ്റ്റാൻഡറെ നല്കുന്നതാണ്.

**ഡോ. ജോസഫ് മാർത്തോമ്മാ ഡയാലിസിസ് സെന്റർ:** ഡയാലിസിസ് 650/- രൂപ മാത്രം.

**ഫെലോഷിപ്പ് മൊബൈൽ ക്ലിനിക്** : വീടുകളിൽ കഴിയുന്ന വാർദ്ധക്യത്തിലുള്ള മാതാപിതാക്കളെ അവിടെയെത്തി ചികിത്സിക്കുന്ന ഈ സ്കീമിൽ കുമ്പനാടിന് 20 കി.മി ചുറ്റളവിലുള്ള ആളുകൾക്ക് അംഗത്വം എടുക്കാവുന്നതാണ്.

**E.C.H.S.:** ഈ പദ്ധതിപ്രകാരം ജനറൽ മെഡിസിൻ, ജനറൽ സർജറി, അസ്ഥിരോഗം എന്നീ വിഭാഗങ്ങളിൽ ശസ്ത്രക്രിയ ഉൾപ്പെടെയുള്ള എല്ലാ ചികിത്സകളും ലഭ്യമാണ്.

## ഡോ. അലക്സാണ്ടർ മാർത്തോമ്മാ മെമ്മോറിയൽ സെന്റർ

പ്രായാധിക്യത്താലും, രോഗത്താലും, അപകടങ്ങളിൽപ്പെട്ട് അവശത അനുഭവിക്കുന്ന പ്രീയപ്പെട്ടവരെ അവരോടൊപ്പം താമസിച്ച് പരിചരിക്കാൻ സാധിക്കാതെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുവെങ്കിൽ അങ്ങനെയുള്ളവരെ മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ മെഡിക്കൽ മിഷൻ വകയായ കുമ്പനാട് ഫെലോഷിപ്പ് ആശുപത്രിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഡോ.അലക്സാണ്ടർ മാർത്തോമ്മാ സെന്ററിൽ (എ.എം.എം. സെന്റർ) ആക്കാവുന്നതാണ്.

● ഗൃഹതുല്യമായ പരിചരണം ● ഇഷ്ടവിഭവങ്ങളടങ്ങിയ രുചികരമായ ആഹാരക്രമീകരണം ● എല്ലാ ദിവസവും ഡോക്ടറുടെ പരിശോധന. ● ഹൃദ്യമായ നേഴ്സിങ് പരിചരണം ● പ്രത്യേകം പരിശീലനം ലഭിച്ചിട്ടുള്ള ജീറിയാട്രിക് നേഴ്സുമാരുടെ സേവനം ● ശുചിത്വവും, ശാന്തവും മനോഹരവുമായ അന്തരീക്ഷം ● ആരാധനയ്ക്കും, പ്രാർത്ഥനയ്ക്കും, കൗൺസിലിങ്ങിനും പ്രത്യേകം സൗകര്യം ● പ്രീയപ്പെട്ടവർക്ക് വന്നു താമസിക്കുവാനുള്ള ഗസ്റ്റ് ഹൗസ് സൗകര്യം ● ആഴ്ചതോറും ഇ-മെയിൽ വഴി വിവരങ്ങൾ അറിയിക്കുന്നു. ● A/c, Non A/c റൂമുകൾ ● Veg & Non Veg ആഹാരക്രമീകരണം ● സിംഗിൾ റൂം, ഡബിൾ റൂം, ഡോർമെറ്ററി സൗകര്യങ്ങൾ. ● മൾട്ടിസ്പെഷ്യാലിറ്റി ആശുപത്രിയിൽ പ്രവർത്തിക്കുന്ന കേരളത്തിലെ ഏക ജീറിയാട്രിക് സെന്റർ.

**റ്റി.പി.ഫിലിപ്പ്**
**അഡ്മിനിസ്ട്രേറ്റർ**



*Blessings and prayers for the Graduating Class of 2020!*



**Babu Varghese & Family, Kuwait**

*Wishing overflowing hope to the Graduates of 2020!*



**K.M. Abraham & Family, Kuwait**

Praying that God strengthens the Graduates to be harbingers of hope!



Merly Joseph and Melvin Joseph, Australia

Dear Graduates, May God enable you to be agents of transformation!



Jacob Mammen & Family, Kuwait



Wishing God's choicest blessings on the Graduates of 2020!



Koshy Philip & Family, Pune

May God help each graduate to be a messenger of hope!



Sam Mathew & Family, Kuwait

Congratulations to all the graduates of 2020
for a bright and fruitful time of ministry!



**Rency Philip & Family, UAE**

Dear Graduates. May you be like a tree planted by the waters!





**Sunil S. Daniel & Family, Kuwait**





*(പേജ് 128 തുടർച്ച)*

പ്രത്യാശ എന്നു വിളിച്ചിരിക്കുന്നു (യിരമ്യാ. 17:13). ''പിതാക്കന്മാരുടെ പ്രത്യാശയായ യഹോവ'' യിരമ്യാ. 50:7. ''എന്നാൽ കർത്താവേ, ഞാൻ ഏതിനായി കാത്തിരിക്കുന്നു. എന്റെ പ്രത്യാശ ഞാൻ നിങ്കൽ വച്ചിരിക്കുന്നു'' (സങ്കീ. 39–7). ഇതു സംബന്ധിച്ച് വിശുദ്ധ പൗലോസ് പറഞ്ഞിരിക്കുന്ന വേദഭാഗങ്ങൾ ശ്രദ്ധിക്കുക! ''നീതിമാന്മാരുടെയും നീതികെട്ടവരുടെയും പുനരുത്ഥാനം ഉണ്ടാകും എന്ന് ഇവർ കാത്തിരിക്കുന്നതുപോലെ ഞാനും ദൈവത്തിങ്കൽ ആശവെച്ചിരിക്കുന്നു. നമ്മുടെ പന്ത്രണ്ടു ഗോത്രങ്ങളും രാപകൽ ശ്രദ്ധയോടുകൂടി ആരാധിച്ചുകൊണ്ട് എത്തിപ്പിടിപ്പാൻ ആശിക്കുന്നതുമായ വാഗ്ദത്തത്തിലുള്ള പ്രത്യാശ ഹേതുവായിട്ടത്രേ ഞാൻ ഇപ്പോൾ വിസ്താരത്തിൽ ആയിരിക്കുന്നത്'' (പ്രവൃ. 24:15,26). അവർ എല്ലാവരും അജ്ഞരും പരദേശികളുമെന്ന് ഏറ്റുപറഞ്ഞ് വിശ്വാസത്തിൽ മരിപ്പാൻ കാരണം ദൈവം അവർക്ക് ഏറ്റവും നല്ലത് ഒന്ന് മുൻ കരുതിയതുകൊണ്ടാണ്. ''അത് സ്വർഗ്ഗീയമായതാണ്'' കാണുന്നത് താത്കാലികം കാണാത്തതോ നിത്യം. കവിഞ്ഞൊഴുകുന്ന പ്രത്യാശയുടെ ചുരുക്കം ചുവടെ ചേർക്കുന്നു.

ഈ കാണാത്ത പ്രത്യാശയുടെ സ്വീകാര്യം മുറുകെപ്പിടിച്ചുകൊൾക. വാഗ്ദത്തം ചെയ്തവൻ വിശ്വസ്തനാകുന്നു (എബ്രാ. 10:22, 23). ഈ വാഗ്ദത്തം ഏതാണ്, അതത്രെ യോഹന്നാൻ 14:2–ൽ കാണുന്നത്. ''ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കിയാൽ ഞാൻ ഇരിക്കുന്ന ഇടത്ത് നിങ്ങളെയും ഇരുത്തും.'' അത് കർത്താവിന്റെ മടങ്ങിവരവിൽ ലഭിക്കും.

## ഈ പ്രത്യാശ എന്താണ്?

ഇത് ജീവനുള്ള പ്രത്യാശയാണ്.

ഇത് സ്വർഗ്ഗത്തിൽ സൂക്ഷിച്ചിരിക്കുന്ന പ്രത്യാശയാണ്.

ഇത് ക്രിസ്തുവിൽ മരിച്ചവരുടെ പുനരുത്ഥാനത്തിന്റെ പ്രത്യാശയാണ് (പ്രവ. 26: 7;23:6.

ഇത് യിസ്രായേലിന്റെയും പ്രത്യാശയാണ്. (പ്രവ. 28:20).

ഇത് ദൈവതേജസ്സിന്റെ പ്രത്യാശയാണ് (റോമ. 5:2, 11 കൊരി.3:18).

ഇത് രക്ഷയുടെ പ്രത്യാശയാണ് (റോമ. 8:24).

ഇത് കാണാത്ത പ്രത്യാശയാണ് (റോമ. 8: 25).

ഇത് നിലനില്ക്കുന്ന പ്രത്യാശയാണ് (1 കൊരി. 13:13).

ഇത് ഉയിർപ്പിന്റെ പ്രത്യാശയാണ് ( 1 കൊരി. 15:19).

ഇത് വിശ്വാസത്താൽ നീതി ലഭിക്കും എന്ന പ്രത്യാശയാണ് (ഗലാ. 5:5).

ഇത് സ്വർഗ്ഗത്തിൽ സംഗ്രഹിച്ചിരിക്കുന്ന പ്രത്യാശയാണ്. (കൊലൊ. 1:3)

ഇത് സുവിശേഷത്തിന്റെ സത്യവചനത്തിൽനിന്നും ലഭിച്ച പ്രത്യാശയാണ് (കൊലൊ. 1:3, 23).

ഇത് മഹത്ത്വത്തിന്റെ പ്രത്യാശയായ ക്രിസ്തുവിൽ കേന്ദ്രീകരിച്ചിരിക്കുന്ന പ്രത്യാശയാണ് (കൊലൊ: 1: 23).

ഇത് സകലകാലത്തിനുംമുമ്പേ വാഗ്ദത്തം ചെയ്ത നിത്യജീവന്റെ പ്രത്യാശയാണ് (തീത്തോ. 1:2).

ഇത് ഭാഗ്യകരമായ പ്രത്യാശയാണ്: (തീത്തോ. 2:1).

ഇത് തേജസ്സിന്റെ പ്രത്യാശയാണ് (തീത്തോ. 1: 1).

ഇത് അങ്ങേക്കരയിൽ അഥവാ നിത്യതയിൽ സംഗ്രഹിച്ചിരിക്കുന്ന പ്രത്യാശയാണ് (11 കൊരി. 2: 18).

ഇത് കവിഞ്ഞൊഴുകുന്ന പ്രത്യാശയാണ്.

''എന്നാൽ, പ്രത്യാശ നൽകുന്ന ദൈവം പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നിങ്ങൾ പ്രത്യാശയിൽ സമൃദ്ധിയുള്ളവരായി വിശ്വസിക്കുന്നതിലുള്ള സകല സന്തോഷവും സമാധാനവുംകൊണ്ടു നിങ്ങളെ നിറയ്ക്കുമാറാകട്ടെ! ''(റോമ.15:13).

''ജീവൻ എൻ യേശുവിൽ അർപ്പിച്ചിട്ട്,
അക്കരെനാട്ടിൽ ഞാൻ എത്തിടുമ്പോൾ

ശുദ്ധ പളുങ്കിൽ കടൽത്തീരത്തു യേശുവിൻ പൊൻമുഖം മുത്തിടും ഞാൻ

യാത്രചെയ്യും ഞാൻ ക്രൂശിൽ നോക്കി...'' •

> പ്രത്യാശയാകുന്ന ദൈവം പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നിങ്ങൾ പ്രത്യാശയിൽ സമൃദ്ധിയുള്ളവരായി വിശ്വസിക്കുന്നതിലുള്ള സകല സന്തോഷവും സമാധാനവും കൊണ്ടു നിങ്ങളെ നിറയ്ക്കുമാറാകട്ടെ!
> *(റോമ.15:9)*





പാസ്റ്റർ ബി. സജി
Faculty



# കഷ്ടതയിലൂടെ ഉളവാകുന്ന പ്രത്യാശ

**നമ്മുടെ** ജീവിതത്തിലേക്ക് നമ്മയെ തകർത്തു കൊണ്ട്, ദു:ഖത്തിലേക്ക് ആഴ്ത്തിക്കൊണ്ട് കഷ്ടത എന്ന ടൊർനാഡോ അപ്രതീക്ഷിതമായി പ്രവേശിക്കുമ്പോഴുള്ള അനുഭവം എന്താണ്...?

മനുഷ്യ ജീവിതത്തിലെ ഒരു പുരോഗതിയും സ്വയമായോ യാന്ത്രികമായോ ഉടലെടുക്കുന്നതല്ല. ലക്ഷ്യത്തിലേക്കുള്ള യാത്രയ്ക്ക് യാഗമായി തീരേണ്ടതും (sacrifice) കഷ്ടത അനുഭവിക്കേണ്ടതും (suffering) പ്രതിസന്ധികൾ നേരിടേണ്ടതു (struggle) മായിട്ടുണ്ട്. അക്ഷീണ പരിശ്രമവും, അത്യാവേശമുള്ള സംഗതികളും ഒരുവനിൽ ഉടലെടുക്കേണ്ടതായിട്ടുണ്ട്. കഷ്ടതയിലൂടെ മാത്രമേ പ്രത്യാശ ഉടലെടുക്കുകയുള്ളു. മാർട്ടിൻ ലൂഥർ കിംഗ് (Jr.) ന്റെ വാക്കുകൾ ഇവിടെ അന്വർത്ഥമാണ്. അപ്പൊസ്തലനായ പൗലോസ് ഇതിനെക്കുറിച്ചു പറയുന്നത് 'കഷ്ടത... പ്രത്യാശയെ ഉളവാക്കുന്നു എന്നത്രേ' (റോമ. 5:3).

## കഷ്ടതയില്ലാതെ പ്രത്യാശ ഉളവാകുമോ?

അപ്പസ്തോലനായ പൗലോസ് പറയുന്നത് 'കഷ്ടത സഹിഷ്ണുതയേയും, സഹിഷ്ണുത സിദ്ധതയേയും സിദ്ധത പ്രത്യാശയേയും ഉളവാക്കും' (റോമ.5:3) . ആകയാൽ കഷ്ടതയുടെ ആകെ തുകയാണ് പ്രത്യാശ.

**കഷ്ടത:** ആരും താല്പര്യപ്പെടാത്ത ഒരു പദം. വേദന, നിരുത്സാഹം, കോപം, അന്ധകാരം എല്ലാം ഇതിൽ ഒളിഞ്ഞിരുപ്പുണ്ട്. നമ്മുടെ ജീവിതത്തിലേക്ക് നമ്മയെ തകർത്തുകൊണ്ട്, ദു:ഖത്തിലേക്ക് ആഴ്ത്തിക്കൊണ്ട് കഷ്ടത എന്ന ടൊർനാഡോ അപ്രതീക്ഷിതമായി പ്രവേശിക്കുമ്പോഴുള്ള അനുഭവം എന്താണ്.....? എല്ലാവരുടെയും ജീവിതത്തിൽ കഷ്ടത അനുഭവിക്കുന്നുണ്ട്. യേശുകർത്താവ് പറഞ്ഞത് ലോകത്തിൽ നിങ്ങൾക്കു കഷ്ടം ഉണ്ട് എന്നാണ് (യോഹ. 16:33). മനുഷ്യൻ അനുഭവിക്കുന്ന വിവിധ കഷ്ടതകൾ ചിലതെല്ലാം ഫലം ഉളവാകുവാനുള്ളതാണ്. കഷ്ടതയുടെ അത്യന്തിക ഫലം പ്രത്യാശയാണ്. വേദനയ്ക്ക് അർത്ഥം ഉണ്ട്. വേദനയുടെ അതികാഠീന്യ നിമിഷത്തിൽ ഒരു ദൈവ പൈതലിന് കർത്താവിന്റെ സ്നേഹത്തെ ആഴമായി അനുഭവിക്കുവാൻ കഴിയുന്നു. കഷ്ടതയുണ്ട് എന്നത് കർത്താവിന്റെ മുന്നറിയിപ്പും, അതിനു വിടുതലുണ്ട് എന്നത് കർത്താവിന്റെ ദാനവുമാണ്.

സർവ്വശക്തനായ ദൈവം പ്രശ്നങ്ങളെ അഭിമുഖീകരിക്കുവാൻ നമ്മെ അനുവദിച്ചിരിക്കുന്നു എന്ന് ദാവീദിന്റെ ജീവിതത്തിൽ നിന്ന് വ്യക്തമാകുന്നു. ഒരുപക്ഷേ ദൈവത്തിന്റെ പദ്ധതി നമുക്കു ഗ്രഹിക്കുവാൻ കഴിഞ്ഞു എന്നു വരികയില്ല. എന്നാൽ ദൈവത്തിന്റെ സർവ്വാധിപത്യത്തിൽ നാം ആശ്രയിക്കേണ്ടതായിട്ടുണ്ട്. ദൈവം സകലത്തേയും നിയന്ത്രിക്കുന്നു. ഞാൻ അവിടുത്തെ നന്മയെ പ്രകീർത്തിക്കും (സങ്കീ. 52:9) കഷ്ടത പ്രത്യാശയെ ഉളവാക്കുന്നതാണ്. പ്രത്യാശ ഒരിക്കലും ലജ്ജിപ്പിക്കുന്നതല്ല. 2 തെസ്സ.2:16-17/1പത്രോ 1:3-9.

കഷ്ടതയുടെ കാഠിന്യത്തിന്റെ മദ്ധ്യേ ദൈവം അവിടുത്തെ സാന്നിദ്ധ്യം തന്റെ ജനത്തിനായി നല്കുന്നു.

കഷ്ടത എന്നത് ആഗോള വ്യാപകമായ യാഥാർത്ഥ്യമാണ്. ഇത് എല്ലാവരുടെയും ജീവിതത്തിൽ പെട്ടെന്നോ, സാവധാനത്തിലോ ബാധിക്കുന്നു. കഷ്ടതയുടെ കാരണം എല്ലാവരും അന്വേഷിക്കുന്നു. മനുഷ്യ ജീവിതത്തിന്റെ കഷ്ടതയെക്കുറിച്ച് പ്രതിപാദിക്കാതെ വിശുദ്ധ വേദപുസ്തകം മാറിനില്ക്കുന്നില്ല, കഷ്ടതയോട് അനുഭാവം പുലർത്തി ആശ്വാസം ഉളവാക്കുന്ന ഗ്രന്ഥമാണ് ബൈബിൾ റോമർ.8:1828

-കഷ്ടതയുടെ മദ്ധ്യേ ചില ശക്തരായ വിശ്വാസികൾ ഉയരത്തിലേക്കു നോക്കി നിശബ്ദരായി ദൈവ പ്രവൃത്തിക്കായി കാത്തിരിക്കുന്നു. അവർ വിശ്വാസത്തിൽ ശക്തരാണ്. അവർ ദൈവത്തിനായി കാത്തിരിക്കുന്നു. അവർ വേദനയിലും പാടുന്നവരാണ്. കൂരിരുൾ താഴ്വരയിൽകൂടി കടന്നാലും അവരുടെ നാവിൽ പാട്ടുകളുണ്ട്.

-നാം അധിവസിക്കുന്ന ലോകം പ്രത്യാശക്കായി കേഴുന്നവരാണ്. ലഭിക്കാത്തവർ ധാരാളം പേർ ത്യജിക്കപ്പെട്ടവരായി ജീവിക്കുന്നു. അവരിൽ നിരാശയും വേദനയും ഉളവാകുന്നു. എന്നാൽ യേശുവിലൂടെയുള്ള പ്രത്യാശയെ നമുക്ക് പ്രസ്താവിക്കാം - ബില്ലിഗ്രഹാം.

കഷ്ടത എന്നത് ആഗോള വ്യാപകമായ യാഥാർത്ഥ്യം. ഇത് എല്ലാവരുടെയും ജീവിതത്തിൽ പെട്ടന്നോ, സാവധാനത്തിലോ ബാധിക്കുന്നു. കഷ്ടതയുടെ കാരണം എല്ലാവരും അന്വേഷിക്കുന്നു. മനുഷ്യ ജീവിതത്തിന്റെ കഷ്ടതയെക്കുറിച്ച് പ്രതിപാദിക്കാതെ വിശുദ്ധ വേദപുസ്തകം മാറിനില്ക്കുന്നില്ല

പ്രത്യാശ ഉളവാക്കുന്ന കഷ്ടതയെ കുറിച്ച് വിവരിക്കുമ്പോൾ വിശുദ്ധ വേദപുസ്തകം വ്യക്തമാക്കുന്ന വ്യക്തിയാണ് ഭക്തനായ ഇയ്യോബ്. താൻ അനുഭവിച്ച കഷ്ടത വിവരിക്കാവുന്നതിലും അപ്പുറമാണ്. എന്നാൽ ഒരോ കഷ്ടതയുടെയും അവസാനം താൻ പ്രത്യാശ നിറഞ്ഞവനായി, ഒന്നുകൂടെ പ്രത്യാശയുടെ വഴികളിലേക്ക്തന്നെ നയിക്കുന്നതായി കാണുന്നു. ഇയ്യോബ് അനുഭവിച്ച കഷ്ടതകളെ 4 ഗണമായി തിരിക്കാവുന്നതാണ്. ഇവ നാലിന്റെയും അവസാനത്തിൽ താൻ പ്രത്യാശയുള്ളവനായി തീരുന്നു.

### 1 സമ്പത്തിന്മേലുള്ള കഷ്ടതകൾ

യഹോവയാം ദൈവം ഒരു ഭക്തന് നല്കുന്ന കൃഷിസമ്പത്ത്, മൃഗസമ്പത്ത്, ഗർഭഫലം എന്നീ മൂന്നിവിധ അനുഗ്രഹങ്ങളാലും ധനികനായിരുന്ന ഒരു വലിയ മനുഷ്യൻ നിമിഷങ്ങൾക്കകം അത് നഷ്ടപ്പെട്ട് ഒരു ദരിദ്രനായി തീർന്നു. എന്നാൽ ഇയ്യോബിന്റെ ഭൗതികം നഷ്ടപ്പെട്ടെങ്കിലും പ്രത്യാശ നഷ്ടപ്പെട്ടില്ല. കഷ്ടതയിൽ നിന്നും നിർഗ്ഗമിച്ച പ്രത്യാശയിൽ താൻ പറഞ്ഞത് ''യഹോവ തന്നു യഹോവ എടുത്തു യഹോവയുടെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ'' (1:21) എന്നത്രേ.

### 2 ആരോഗ്യത്തിന്റെ നഷ്ടം

ഇയ്യോബിന്റെ ശരീരം മുഴുവൻ വല്ലാത്ത പരുക്കൾ ബാധിച്ച്, വലിയ കഷ്ടതയിൽ ആയി. ശരീരത്തിന്റെ ഗുരുതരമായ രോഗാവസ്ഥയിൽ, വേദനയാൽ നേരം വെളുക്കുവോളം നിലത്തുകിടന്ന് ഉരുണ്ട്, ഓട്ടുകഷണംകൊണ്ട് ചൊറിഞ്ഞ്, ദുർഗന്ധം വമിപ്പിക്കുന്ന, ദേഹം മുഴുവൻ പുഴുവും, മൺകട്ടയും ഉടുത്തതുപോൽ ആയിട്ടും ഇയ്യോബ് തന്റെ പ്രത്യാശ കൈവിട്ടുകളഞ്ഞില്ല. പ്രത്യാശ നിറഞ്ഞ ഇയ്യോബ് പറഞ്ഞത് ''എന്റെ ത്വക്ക് ഇങ്ങനെ നശിച്ചശേഷം ഞാൻ ദേഹസഹിതനായി ദൈവത്തെ കാണും'' (19:26). ഞാൻ തന്നെ അവനെ കാണും, അന്യനല്ല എന്റെ സ്വന്തകണ്ണ് അവനെ കാണും എന്ന് പ്രഖ്യാപിക്കത്തക്കവിധം പ്രത്യാശയുള്ളവനായി തീരുവാൻ തന്റെ കഷ്ടത തന്നെ നിർമ്മിലികരിച്ചു.

### 3 ഭാര്യയുടെ എതിർപ്പുകൾ

കൂടെ ഇരിപ്പാനും കൂടെ സഹിപ്പാനും ദൈവത്താൽ യോജിപ്പിച്ച ഇയ്യോബിന്റെ

ഭാര്യ, അവന്റെ വിശ്വാസവും, ഭക്തിയും ഉപേക്ഷിച്ച് മരിച്ചു കളവാൻ ഉപദേശിക്കുന്നു. എന്നാൽ ഇതിൽ ഇയ്യോബിന് പതറിച്ച നേരിട്ടെങ്കിലും, അവിടെയും തന്റെ പ്രത്യാശ വർദ്ധിപ്പിച്ചു. ഇവിടെ ഇയ്യോബ് പ്രത്യാശ നിറഞ്ഞവനായി പറയുന്നത് ‘‘നാം ദൈവത്തിന്റെ കയ്യിൽ നിന്ന് നന്മ കൈക്കൊള്ളുന്നു. തിന്മയും (കഷ്ടതയും) കൈക്കൊള്ളരുതോ’’ (2:10) എന്നത്രേ.

### 4 സ്നേഹിതന്മാരുടെ ആക്ഷേപങ്ങൾ

ഇയ്യോബിന്റെ കഷ്ടതയിൽ അവനോട് സഹതപിപ്പാനും, ആശ്വസിപ്പിപ്പാനും വന്നവർ വാക്കുകളുടെ ശരത്താൽ കുത്തി മുറിവേല്പിച്ചപ്പോൾ ഈ കഷ്ടതയിലും ഇയ്യോബ് തകർന്നുപോകാതെ പ്രത്യാശയുള്ളവനായി, പ്രത്യാശയുടെ വാക്കുകളാൽ താൻ ധൈര്യം സംഭരിക്കുവാനിടയായി. ഇയ്യോബിന്റെ സ്നേഹിതന്മാർ തന്നെ കുറ്റം ചുമത്തി താൻ അനുഭവിക്കുന്ന കഷ്ടതയ്ക്കു കാരണം തിന്മയും അകൃത്യവുമാണെന്നു പറഞ്ഞപ്പോഴും, താൻ അല്പം പോലും ചഞ്ചലഹൃദയനല്ല. പ്രത്യുത ഒരോ കഷ്ടതയും തന്നെ പ്രത്യാശയുള്ളവനാക്കിത്തീർത്തു. ‘‘എന്റെ വീണ്ടെടുപ്പുകാരൻ ജീവിക്കുന്നു. അവൻ ഒടുവിൽ പൊടിമേൽ നില്ക്കുമെന്നും ഞാൻ അറിയുന്നു.’’ (19:25).

–കഷ്ടതയുടെ തീച്ചൂളയിലൂടെ കടന്നുപോയ ഇയ്യോബിൽ പ്രത്യാശ വർദ്ധിച്ചു. താൻ പറയുന്നത് ‘‘ഒരു വൃക്ഷമായിരുന്നാൽ പ്രത്യാശയുണ്ട്. അതിനെ വെട്ടിയാൽ പിന്നേയും പൊട്ടികിളർക്കും’’ (14:7). വൃക്ഷം ഇവിടെ പ്രതിനിധാനം ചെയ്യുന്നത് ഇയ്യോബിനേയും, വെട്ടുക എന്നത് ഇയ്യോബ് അനുഭവിച്ച കഷ്ടതയേയും ആണ്. കഷ്ടതയുടെ മദ്ധ്യേയുള്ള പ്രത്യാശയാണ് പൊട്ടികിളർക്കുക എന്നത്. വൃക്ഷത്തിന്റെ കുറ്റി മണ്ണിൽ കെട്ടുപോയാലും, വെള്ളത്തിന്റെ ഗന്ധം കൊണ്ട് അത് കിളർക്കും.

### കഷ്ടതയിൽ പ്രത്യാശ ഉളവാക്കുന്ന സംഗതികൾ

ക്രിസ്ത്യാനിത്വം കഷ്ടതയുടെ മാർഗ്ഗമാണ്. യേശുവിന്റെ വഴികൾ ക്രൂശിന്റെ വഴിയാണ്. ക്രിസ്തുവിൽ വിശ്വസിക്കുന്നവൻ, ക്രിസ്തുവിന്റെ കഷ്ടങ്ങളുടെ കൂട്ടായ്മയിൽ പങ്കാളിയാകേണ്ടതാണ്. (ഫിലി. 3:10) യേശു ചിലവഴിച്ചതുപോലെ നാം അല്പ സമയം ഒലിവുമലയിലെ ഗത്ശമനയിൽ ക്രിസ്തുവിനോടൊപ്പം ആയിരിക്കേണ്ടതാണ്. നാം എല്ലാവരും കഷ്ടതയുടെ

**ദുഷ്ടന്റെ അധീനതയിലുള്ള ലോകത്തിൽ വസിക്കുന്ന ഏവരേയും കഷ്ടതയിലൂടെ യാത്ര ചെയ്യേണ്ടതായി വരുന്നു. എന്നാൽ യേശുവിനെപ്പോലെ കഷ്ടതയിൽ ദൈവത്തോടു കൂടുതൽ അടുക്കുവാൻ കഴിഞ്ഞാൽ നന്നായിരിക്കും.**

വഴിയിലൂടെ യാത്ര ചെയ്യേണ്ടതായിട്ടുണ്ട്. ആ സമയങ്ങളിൽ നമ്മിൽ നിന്നും വരുന്ന ശബ്ദം ‘‘എന്തുകൊണ്ടു’’ എന്നുള്ളതാണ്. എന്തുകൊണ്ട് കഷ്ടം അനുഭവിക്കുവാൻ നിയമിച്ചിരിക്കുന്നു. അന്ധകാരനിബിഢമായ രാത്രിയുടെ അനുഭവം എല്ലാവരിലും ഉടലെടുക്കും. ഈ സമയം നാം അറിഞ്ഞിരിക്കേണ്ട ചില യാഥാർത്ഥ്യങ്ങളിലേക്ക് നമ്മുക്ക് ശ്രദ്ധിക്കാം.

ഗദ്ശമനാ തോട്ടത്തിൽ യേശുകർത്താവ് അനുഭവിച്ച ചില കാര്യങ്ങളെ നമുക്ക് ശ്രദ്ധിക്കാം. ഈ കഷ്ടതകൾ തന്നെ പ്രത്യാശ ഉള്ളവനാക്കിതീർത്തു. ഈ യാഥാർത്ഥ്യങ്ങൾ നമ്മെ കഷ്ടതയുടെ മല കയറുന്നതിന് സഹായിക്കുന്നു.

### 1 കഷ്ടത സാർവ്വലൗകിക പ്രതിഭാസം

എല്ലാ രൂപത്തിലും ഭാവത്തിലും കഷ്ടത എത്തപ്പെടും. എവിടെ നിന്ന് ഉള്ളവനായിരുന്നാലും, യേശുകർത്താവ് സ്വർഗ്ഗത്തിൽ നിന്ന് ഉള്ളവനായിരുന്നിട്ടുപോലും കഷ്ടത എതിരേറ്റു. ദുഷ്ടന്റെ അധീനതയിലുള്ള ലോകത്തിൽ വസിക്കുന്ന ഏവരും കഷ്ടതയിലൂടെ യാത്ര ചെയ്യേണ്ടതായി വരുന്നു. എന്നാൽ യേശുവിനെപ്പോലെ കഷ്ടതയിൽ ദൈവത്തോടു കൂടുതൽ അടുക്കുവാൻ കഴിഞ്ഞാൽ നന്നായിരിക്കും.

കഷ്ടത പ്രത്യാശയെ ഉളവാക്കുന്നു. പ്രത്യാശ കൂടാതെ ഒരു മനുഷ്യനും ജീവിക്കുവാൻ കഴിയുന്നതല്ല. ആഹാരവും, ജലവും കൂടാതെ കൂടുതൽ നാളുകൾ ജീവിക്കുവാൻ കഴിയുമെങ്കിലും പ്രത്യാശ കൂടാതെ ജീവിതത്തെ മുൻപോട്ടു നയിക്കുവാൻ കഴിയുന്നതല്ല. ക്ഷീണിച്ചിരിക്കുന്ന, തകർന്ന ഹൃദയത്തിനുള്ള എണ്ണയാണ് പ്രത്യാശ. സന്തോഷ പ്രദമായ സാക്ഷാത്തായ ഭാവി പ്രതീക്ഷയാണ് പ്രത്യാശ. അടുത്ത നിമിഷം എന്തു ഭവിക്കുമെന്ന ഭയം കഷ്ടതയുടെ അനന്തരഫലമായി ഉളവാകുമ്പാൾ, പ്രത്യാശ ആ ഭീതിയെ നിർമ്മൂലമാക്കി കളയുന്നു. കഷ്ടതയാകുന്ന ഈശാന മൂലൻ ജീവിതത്തിന്റെ അടിത്തറ തന്നെ ഇളക്കുമ്പോൾ പ്രത്യാശ അതിന്റെ മദ്ധ്യേയും ഉറച്ചു നില്ക്കുവാൻ പ്രേരണ നല്കുന്നു.

ജീവിതത്തിൽ ധാരാളം കഷ്ടങ്ങളിലൂടെ കടന്നുപോയ പൗലോസിന്റെ പ്രത്യാശയുടെ വാക്കുകൾ ഇവിടെ പ്രസ്താവ്യമാണ്. കഷ്ടം സഹിക്കുന്നവരെങ്കിലും ഇടുങ്ങിയിരിക്കുന്നില്ല, ബുദ്ധിമുട്ടുന്നവർ എങ്കിലും നിരാശപ്പെടുന്നില്ല, ഉപദ്രവം അനുഭവിക്കുന്നവരെങ്കിലും ഉപേക്ഷിക്ക

*ശേഷം പേജ് 151*





**പാസ്റ്റർ ഡി. സാംകുട്ടി**
Faculty



# പ്രത്യാശയില്ലാത്ത സമൂഹത്തിലെ പ്രത്യാശ

**കുടുംബത്തിലെ പൊരുത്തക്കേടുകൾ, ബിസ്സിനസ്സിലെ തകർച്ചകൾ, രോഗങ്ങളുടെ കടന്നാക്രമണം, ആകസ്മിക മരണങ്ങൾ ഇങ്ങനെ പലതും നാം അഭിമുഖീകരിക്കേണ്ടതായിവരും. പക്ഷേ, പ്രത്യാശയാകുന്ന നങ്കൂരം ഉറപ്പിച്ചിട്ടുണ്ടെങ്കിൽ നാം ആടിയുലഞ്ഞുപോകില്ല.**

**പരാജയങ്ങളിൽ** തളരാതെയും പ്രതിസന്ധികളിൽ ഇടറാതെയും മുന്നേറുവാൻ നമ്മെ സഹായിക്കുന്ന ചാലകശക്തിയാണ് പ്രത്യാശ. ജീവിതം എന്ന കപ്പലിന്റെ നങ്കൂരമാണ് പ്രത്യാശ. തിരമാലകൾ ആഞ്ഞടിച്ചാലും സമുദ്രക്ഷോഭമുണ്ടായാലും കപ്പലിനെ സ്വസ്ഥമായി സംരക്ഷിക്കുന്നത് നങ്കൂരമാണ്. കരയിൽനിന്നും അല്പമകലെ കടലിൽക്കിടക്കുന്ന കപ്പൽ താണുപോകാതെ കിടക്കുന്നു. തിരമാലകൾ ആഞ്ഞടിക്കുന്നുണ്ട്, കപ്പൽ ചലിക്കുന്നുണ്ട്; പക്ഷേ, നീങ്ങിപ്പോകുന്നില്ല. കാരണം, നങ്കൂരമിട്ട് കപ്പലിനെ ഉറപ്പിച്ചിരിക്കുകയാണ്. ദൂരെനിന്നും നോക്കുമ്പോൾ നങ്കൂരം ദൃശ്യമല്ല. എന്നാൽ, അലമാലകളുടെ നടുവിൽ നങ്കൂരം കപ്പലിനെ പിടിച്ചു നിർത്തുന്നു. നമ്മുടെ ജീവിതം ആ കപ്പലിനോട് സാദൃശ്യപ്പെടുത്താം. കുടുംബത്തിലെ പൊരുത്തക്കേടുകൾ, ബിസ്സിനസ്സിലെ തകർച്ചകൾ, രോഗങ്ങളുടെ കടന്നാക്രമണം, ആകസ്മിക മരണങ്ങൾ ഇങ്ങനെ പലതും നാം അഭിമുഖീകരിക്കേണ്ടതായിവരും. പക്ഷേ, പ്രത്യാശയാകുന്ന നങ്കൂരം ഉറപ്പിച്ചിട്ടുണ്ടെങ്കിൽ നാം ആടിയുലഞ്ഞുപോകില്ല.

നമ്മിലുള്ള പല കഴിവുകളും തെളിഞ്ഞുവരുന്നതും ശക്തിപ്പെടുന്നതും വിപരീത സാഹചര്യങ്ങൾ നേരിടുമ്പോഴാണ്. കഷ്ടത സഹിഷ്ണുതയെയും സഹിഷ്ണുത സിദ്ധതയെയും സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നു. അതുകൊണ്ട് നാം കഷ്ടങ്ങളിലും പ്രശംസിക്കുന്നു. ഇതിന് ഉത്തമോദാഹരണമായിരിക്കുന്നു വിശുദ്ധ പൗലോസ് അപ്പോസ്തലന്റെ ജീവിതവും ശുശ്രൂഷയും. പ്രതിസന്ധികളിൽ തളരാതെനിന്ന

പൗലോസ് എഴുതി, എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു; ദൈവം അനുകൂലമെങ്കിൽ പ്രതികൂലം ആര് (ഫിലി. 4:13, റോ 8:31). ജീവിതത്തിലുണ്ടാകുന്ന പരാജയങ്ങൾ ചിലരെ വല്ലാതെ തളർത്തിക്കളയും.

വേദപുസ്തകത്തെ അടിസ്ഥാനമാക്കിയും യേശുക്രിസ്തുവിലൂടെ വെളിപ്പെട്ടുവരുന്ന രക്ഷാപദ്ധതിയുടെ അടിസ്ഥാനത്തിലും ക്രിസ്തീയ പ്രത്യാശ എപ്രകാരം നമ്മുടെ ജീവിതത്തിന്റെ ചാലകശക്തിയാക്കാമെന്നു നോക്കാം. പ്രത്യാശ എന്നുള്ളതിന് ഇപ്പോഴത്തേതിനപ്പുറം നന്മയായതു സംഭവിക്കുമെന്ന വിശ്വാസമാണ്. അത് ഒരു യാഥാർത്ഥ്യബോധമാണ്. കാണാത്തതിനായി പ്രത്യാശിക്കുകയാണെങ്കിൽ നാം അതിനായി സ്ഥിരതയോടെ കാത്തിരിക്കണം. പ്രത്യാശ നാം ഉയർത്തിപ്പിടിക്കുമ്പോൾ ഭാവിയെപ്പറ്റിയുള്ള ആശങ്കയും ഉത്കണ്ഠയും അകന്നുനിൽക്കും.

മനുഷ്യരെ നമുക്ക് രണ്ടായിത്തിരിക്കാം. പ്രത്യാശയുള്ളവരും പ്രത്യാശയില്ലാത്തവരും. പ്രത്യാശയില്ലാത്തവർ സകലവും നിരാശയുടെ കരിനിഴലിൽ ദർശിക്കുന്നു. ശുഭകരമായി ചിന്തിക്കുവാൻ കഴിയാതെപോകുന്നു. തുറന്ന മനസ്സോടെയുള്ള സമീപനവും അസാധ്യമായിത്തീരും. വർദ്ധിച്ചുവരുന്ന ആത്മഹത്യാക്കണക്ക് പ്രത്യാശയില്ലാത്തവരുടെ സംഖ്യ ഏറിക്കൊണ്ടിരിക്കുന്നുവെന്ന് വ്യക്തമാക്കുന്നു. പ്രതിസന്ധികളിൽ അവർ തകർന്നടിഞ്ഞുപോകുന്നു. പ്രതിസന്ധിക്കപ്പുറം പ്രകാശം കാണുന്നവരാണ് പ്രത്യാശയുള്ളവർ. രാത്രിയുടെ അന്ധകാരത്തെ ഭയപ്പെട്ട് മനസ്സു നീറാതെ പൊട്ടിവിടരുന്ന പ്രകാശം നിറഞ്ഞ പ്രഭാതത്തിലേക്ക് അങ്ങനെയുള്ളവർ മനസ്സു തിരിക്കും. ആഴമായ ദൈവവിശ്വാസം ആത്മവിശ്വാസമുണ്ടാക്കിത്തന്ന് പ്രത്യാശയിലേക്ക് നമ്മെ നയിക്കുന്നു. മാതാവിന്റെ കരങ്ങളിലിരിക്കുന്ന ഒരു ശിശു സുരക്ഷിതനായിരിക്കുന്നതുപോലെ. മാത്രമല്ല, ആഴ്ന്നിറങ്ങുന്ന പ്രത്യാശ ദൃഢധൈര്യത്തിലേക്കു നയിക്കും. അപ്പോൾ പ്രധാനമായ മൂന്നു ചിന്തകൾ നമുക്കു ലഭിക്കും:

1. ദുഃഖം എനിക്കു മാത്രമല്ല, ഇത് ഒറ്റപ്പെട്ട സംഭവവുമല്ല, യേശു പറഞ്ഞു. ലോകത്തിൽ നിങ്ങൾക്കു കഷ്ടമുണ്ട് എങ്കിലും ധൈര്യപ്പെടുവിൻ, ''ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു.''

2. ജീവിതം വെല്ലുവിളിയായി ഏറ്റെടുക്കുന്നു (സങ്കീ. 18:29). ''നിന്നാൽ ഞാൻ പടക്കൂട്ടത്തിന്റെ നേരേ പാഞ്ഞുചെല്ലും; എന്റെ ദൈവത്താൽ ഞാൻ മതിൽ ചാടിക്കടക്കും.'' പടക്കൂട്ടവും മതിലും ഇവിടത്തെ സാരമായ പ്രശ്നങ്ങളാണ്. എന്നാൽ, ദൈവസാന്നിദ്ധ്യത്താൽ അവകളെ അതിജീവിക്കാൻ കഴിയും.

> മനുഷ്യരെ നമുക്ക് രണ്ടായിത്തിരിക്കാം. പ്രത്യാശയുള്ളവരും പ്രത്യാശയില്ലാത്തവരും. പ്രത്യാശയില്ലാത്തവർ സകലവും നിരാശയുടെ കരിനിഴലിൽ ദർശിക്കുന്നു. ശുഭകരമായി ചിന്തിക്കുവാൻ കഴിയാതെ പോകുന്നു.

3. കഷ്ടങ്ങളിൽ ഏറ്റം അടുത്ത തുണയായ ദൈവം ഉണ്ടെന്നുള്ള ഉറപ്പ് (ദാനിയേൽ). അഗ്നിയിൽ മൂന്നു പേരേ എറിഞ്ഞ്, നാലാമനായി കൂടെനിൽക്കുന്ന ദൈവത്തിന്റെ സാന്നിദ്ധ്യം കണ്ണുകൾക്ക് തിളക്കമുണ്ടാക്കുന്നു.

പ്രത്യാശയുടെ ഫലമായി രോഗസൗഖ്യം ഉണ്ടാകുന്നതായി വൈദ്യശാസ്ത്രം സമ്മതിക്കുന്നുണ്ട്. അതേ സമയം നിരാശ വന്നാൽ, രോഗാവസ്ഥ കൂടുതൽ വഷളാകുമെന്നും തെളിയിക്കപ്പെട്ടിട്ടുണ്ട്. കാതില്ലെങ്കിലും കണ്ണില്ലെങ്കിലും ഹൃദയവും നിശ്ചയദാർഢ്യവും ഉണ്ടെങ്കിൽ എന്തിനെയും നേരിടാം എന്നതിന്റെ ചരിത്രതെളിവാണ് ഹെലൻ കെല്ലർ. വളരെ ചെറുപ്പത്തിൽതന്നെ കാഴ്ചശക്തിയും കേൾവിശക്തിയും നഷ്ടപ്പെട്ടുപോയ ഈ പെൺകുട്ടിയുടെ അടുത്തേക്ക് ആത്മാർത്ഥ സ്നേഹത്തോടെ കടന്നുവന്ന ആനി സുളിവൻ എന്ന അദ്ധ്യാപികയുടെ ശ്രമഫലമായി സ്പർശനത്തിലൂടെ വാക്കുകൾ പഠിക്കുകയും തുടർന്നുള്ള കാലങ്ങളിൽ ബ്രെയിലിലിപിമുതൽ എല്ലാ സംവിധാനങ്ങളും പഠിക്കുകയും ചെറിയ പ്രായത്തിൽത്തന്നെ പഠനത്തിന്റെ ഫലമായി ബിരുദം സമ്പാദിച്ച് ഉന്നതയായിത്തീർന്നു. ഈ മഹതിയുടെ ജീവിതം നമ്മെ ഇച്ഛാശക്തി വർദ്ധിപ്പിക്കുന്നതിനു കാരണമാക്കുന്നു. കാഴ്ചയില്ലാത്തവർക്കും കേൾവി ഇല്ലാത്തവർക്കുമായി അവളുടെ ജീവിതം സമർപ്പിച്ചു.

സജീവപ്രത്യാശയുടെ അഭാവമാണ് നിരാശ. നിരാശ മാരകമായ പാപമാണ്. പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽക്കൂടി വരുന്നിടത്ത് ഞാനുണ്ട് എന്നുള്ള തിരുവെഴുത്തിൽ വിശ്വസിക്കുകയും അദൃശ്യസാന്നിദ്ധ്യത്തെ അംഗീകരിക്കുകയും ചെയ്യുമ്പോൾ നിരാശ മാറിപ്പോകുന്നു. നിരാശയിൽ കഴിയുന്ന വ്യക്തികൾക്ക് പ്രത്യാശ നൽകുന്ന പ്രോത്സാഹജനകമായ വാക്കുകൾ കൊടുക്കേണ്ടതാണ്. വാക്കുകളിൽ ദൈവകൃപയുടെ ചൈതന്യം തുടിച്ചുനിൽക്കും. അതിനാൽ, നിരാശാബാധിതർ പ്രത്യാശയുടെ ലോകത്തിലേക്കു പ്രവേശിക്കും. എനിക്കും കഴിയും, സാധിക്കും, സാരമില്ല എന്നൊക്കെയുള്ള ചിന്തയാൽ അവർ നിറയും. അതല്ലാതെ നിരാശയും വെറുപ്പും വിദ്വേഷവും വളർന്നാൽ അത് ശരീരത്തെയും മനസ്സിനെയും ബാധിക്കും. ഈ പ്രപഞ്ചത്തിന്റെ മാത്രമല്ല, നമ്മുടെ വ്യക്തിജീവിതത്തിന്റെയും സർവ്വാധിപത്യം ദൈവത്തിനാണ്. സ്നേഹത്തിലും സാഹോദര്യത്തിലും അധിഷ്ഠിതമായ ദൈവരാജ്യത്തിന്റെ കെട്ടുപണി ദൈവം നടത്തിക്കൊണ്ടിരിക്കുന്നു.

കടലലകളിൽ പടകിളകിമറിയുമ്പോൾ ശാന്തത വരുത്തുന്ന കർത്താവിനെ ലൂക്കോസ് 8:24-ൽ ദർശിക്കാം. മനുഷ്യന്റെ ദുഃഖത്തിൽനിന്നും നിരാശയിൽനിന്നും മോചനം നൽകുന്നവനാണ് യേശു. മനുഷ്യന്റെ ദുഃഖവും ഉത്കണ്ഠയും നിരാശയും പൂർണ്ണമായും മനസ്സിലാക്കുന്നതിനും അതിൽനിന്നും മോചനം നൽകുന്നതിനുംവേണ്ടി ക്രിസ്തു നമ്മോടൊത്തു വസിച്ചു. നമ്മുടെ ഭാരങ്ങൾ ചുമന്നു. പുതിയ നിയമത്തിന്റെ ആരംഭത്തിൽ സർവ്വജനത്തിനും ഉണ്ടാകുവാനുള്ള മഹാസന്തോഷം നിങ്ങളോടു സുവിശേഷിക്കുന്നു എന്ന പ്രഖ്യാപനത്തോടെ തുടങ്ങുന്നു. ന്യായപ്രമാണത്തിന്റെയും കൃപയുടെയും ഇടയിലുള്ള ഇരുണ്ട കാലത്തിന്റെ ഒടുവിലായി ഒരു രക്ഷകനെ ലോകത്തിനു പരിചയപ്പെടുത്തുന്ന പ്രഖ്യാപനമാണ് പ്രസ്തുത വാചകം. യേശുവിന്റെ ജനനവും, മരണവും ആദ്യഘട്ടവും പുനരുത്ഥാനവും സ്വർഗ്ഗാരോഹണവും രണ്ടാം ഘട്ടവും ആകുന്നു. പുനരുത്ഥാനത്തിലൂടെ ജീവനുള്ള പ്രത്യാശയ്ക്കായി ഒരു നവജീവൻ ദൈവം നമുക്കു നൽകിയിരിക്കുന്നു എന്ന് പത്രോസ് അപ്പോസ്തലൻ പറയുന്നു (1 പത്രോ. 1:3, 8.). ചിതറിപ്പാർക്കുന്ന പരദേശികൾ എന്ന വാചകത്തിലൂടെ വിശുദ്ധന്മാർ അനുഭവിക്കുന്ന യാതനകളെ താൻ വെളിപ്പെടുത്തുന്നു (വാക്യം 6). അവർക്ക് ആനന്ദത്തിനുള്ള സാഹചര്യങ്ങൾ ഇല്ലായിരുന്നു. അതുകൊണ്ട് വീണ്ടും പറയുന്നു, ആകയാൽ നിങ്ങളുടെ മനസ്സ് ഉറപ്പിച്ച് നിർമ്മദരായി യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിങ്കൽ നിങ്ങൾക്ക് വരുവാനുള്ള കൃപയിൽ പ്രത്യാശ വച്ചുകൊൾവിൻ (1 പത്രോ. 1:13).

> ഇന്നത്തെ ലോകാന്തരീക്ഷംമാത്രം നോക്കിയാൽ പ്രത്യാശ വളരെ അകലെയാണെന്നു തോന്നും. എങ്കിലും ദൈവത്തിന്റെ പദ്ധതിക്കായി കാത്തിരിക്കുമ്പോൾ തകർച്ചയുടെ നടുവിലും പ്രത്യാശ കണ്ടെത്തും.

യഥാർത്ഥ പ്രത്യാശയുള്ളിടത്ത് സഹനവും സഹനമുള്ളിടത്ത് വിവിധ പരീക്ഷകൾ നേരിടാൻപോരുന്ന പ്രത്യാശയും ഉണ്ട്. ഭൗമികവസ്തുക്കൾ നശിക്കുകയോ ആരോഗ്യമോ, മാനമോ, ജീവിതനിലവാരമോ തകരുകയോ ചെയ്യുമ്പോൾ വിവിധ വേദനകളിൽ പതിക്കുവാൻ നാം പ്രേരിതരാകുന്നു. അത്തരം അപകടസാഹചര്യങ്ങളിൽ അത് ഒഴിവാക്കുന്നതിന് സംശയകരമായ മാർഗ്ഗങ്ങൾ തേടുന്നതിനെക്കാൾ ദൈവഹിതത്തിനുവേണ്ടി സമർപ്പിച്ച് കാത്തിരിക്കുകയാണ് നല്ലത്. ഇന്നത്തെ ലോകാന്തരീക്ഷംമാത്രം നോക്കിയാൽ പ്രത്യാശ വളരെ അകലെയാണെന്നു തോന്നും. എങ്കിലും ദൈവത്തിന്റെ പദ്ധതിക്കായി കാത്തിരിക്കുമ്പോൾ തകർച്ചയുടെ നടുവിലും പ്രത്യാശ കണ്ടെത്തും. ക്ഷമ കൂടാതെ പ്രത്യാശ നിലനിൽക്കുകയില്ല. ലോകത്തെ ഭരിക്കുന്ന മനുഷ്യയുക്തിക്കും നിയമത്തിനും മീതേ പ്രത്യാശയും വിശ്വാസവും സ്നേഹവും ഒന്നിച്ചു നിലനിൽക്കുന്നു. യേശുക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പിൽക്കൂടി ലഭിച്ചിരിക്കുന്ന പ്രത്യാശയെ ലോകത്തിലെ യാതൊരു ശക്തിക്കും നീക്കിക്കളയുവാൻ കഴിയുകയില്ല. ക്രിസ്തു നമുക്കു തരുന്ന ശാശ്വതവും അഴിഞ്ഞുപോകാത്തതുമായ പ്രത്യാശയിൽ നമുക്ക് വർദ്ധിച്ചുവരാം. ദൈവം അതിനു നമ്മെ സഹായിക്കട്ടെ. ●

---

*പേജ് 148 തുടർച്ച*

പ്പെടുന്നില്ല. വീണുകിടക്കുന്നവർ എങ്കിലും നശിച്ചുപോകുന്നില്ല. കാണുന്നതിനെ അല്ല കാണാത്തതിനെ അത്രേ ഞങ്ങൾ നോക്കിക്കൊണ്ടിരിക്കുന്നു. കാണുന്നത് താല്കാലികം, കാണാത്തതോ നിത്യം. (2 കൊരി. 4:8-18).

പ്രത്യാശയുടെ രണ്ട് വശങ്ങളുണ്ട് - താല്കാലികവും, നിത്യവും, ഒരു ദൈവ പൈതൽ ജീവിതത്തിൽ നേരിടുന്ന എല്ലാ പ്രതിസന്ധികളും സഹിക്കുന്നത് നിത്യമായ പ്രത്യാശ ലക്ഷ്യമാക്കികൊണ്ടാണ്. ഭൂപരപ്പിലുള്ള താല്കാലിക പ്രത്യാശ നിത്യമായ പ്രത്യാശക്കായി വഴി ഒരുക്കുന്നു. നമ്മുടെ നയനങ്ങൾ നിത്യ പ്രത്യാശയിൽ കേന്ദ്രീകരിക്കേണ്ടതാണ്. ശവകല്ലറയ്ക്കും അപ്പുറമുള്ള ഒരു നിത്യ പ്രത്യാശക്കായി ഇഹലോക ജീവിതത്തിലെ കഷ്ടതകൾ ഒരുവനെ നയിക്കേണ്ടതാണ്. ''നാം ഈ ആയുസ്സിൽ മാത്രം ക്രിസ്തുവിൽ പ്രത്യാശ വെച്ചിരിക്കുന്നുവെങ്കിൽ, സകല മനുഷ്യരിലും അരിഷ്ടന്മാരത്രേ. (1 കൊരി. 15:19). പൊന്ന് തീച്ചൂളയിലൂടെ ശുദ്ധി വരുത്തിയെങ്കിലെ തട്ടാന് ഒരു നല്ല ഉരുപ്പടി ലഭിക്കുകയുള്ളു. കഷ്ടതയാകുന്ന തീച്ചൂളയിലൂടെ കയറി ഇറങ്ങി, ജീവിതമാകുന്ന പൊന്നിനെ സ്ഫുടം ചെയ്തെങ്കിലെ പ്രത്യാശ ഉളവാകുകയുള്ളു. കഷ്ടതയുടെ ആത്യന്തികഫലം പ്രത്യാശയത്രേ. ●



പാസ്റ്റർ റ്റി.റ്റി. സൈമൺ
Faculty



# ആദ്യകാല സഭാപിതാക്കന്മാരുടെ പ്രത്യാശ

**ആദിമ** സഭാ പിതാക്കന്മാരിൽ മിക്കപേരും രക്തസാക്ഷികളായി മരിക്കേണ്ടിവന്നു. അവരുടെയെല്ലാം പ്രത്യാശ യേശുക്രിസ്തു വീണ്ടും വരും, തന്നോടൊപ്പം യുഗായുഗം വാഴാമെന്നുള്ളതും ആയിരുന്നു.

**ആദ്യകാല** സഭാപിതാക്കന്മാർ തങ്ങളുടെ ജീവിതം ധൈര്യത്തോടെ ക്രിസ്തുവിനായി നിലകൊണ്ടു. അവർ അപ്പോസ്തോലിക യുഗത്തിന്റെ നിഴലിലാണ് ജീവിച്ചിരുന്നത്. അവരിൽ ചിലർ വ്യക്തിപരമായി നടന്ന് അപ്പോസ്തലന്മാരുമായി സംസാരിച്ചു. ആദ്യകാല പിതാക്കന്മാരെ ഗൗരവമായി പഠിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു. അവരിൽ പലർക്കും സഭാപിതാക്കന്മാരുടെ വ്യാഖ്യാനപരമായ പിശകുകൾ സംഭവിച്ചിട്ടുണ്ട് എന്നതും നാം മറന്നുകളയരുത്. മതം പരമോന്നതവും വിജയകരമായി ഉയർന്നുവരുന്ന യഹൂദരും ക്രിസ്ത്യാനികളും കടുത്ത ശത്രുതയിൽ ഏർപ്പെട്ടിരുന്ന ഒരു യുഗത്തിലാണ് അവർ ജീവിച്ചിരുന്നത്. സഭാപീഡന ത്തിൽക്കൂടെ കടന്നുപോയ കാലഘട്ടത്തിൽ ക്രിസ്തുവിലുള്ള പ്രത്യാശയിലും ദൈവവചനത്തിലുള്ളതായ വിശ്വാസവുംകൊണ്ടാണ് അവർ ക്രിസ്തുവിനുവേണ്ടി രക്തസാക്ഷികളാകാൻപോലും മടിക്കാഞ്ഞത്. ആദിമ സഭാ പിതാക്കന്മാരിൽ മിക്കപേരും രക്തസാക്ഷികളായി മരിക്കേണ്ടിവന്നു. അവരുടെയെല്ലാം പ്രത്യാശ യേശുക്രിസ്തു വീണ്ടും വരും, തന്നോടൊപ്പം യുഗായുഗം വാഴാമെന്നുള്ളതും ആയിരുന്നു.

ആദ്യകാല സഭാപിതാക്കന്മാർ ഏതാണ്ട് പ്രീമിലേനിയലിസ്റ്റുകളായിരുന്നു(കർത്താവായ യേശുക്രിസ്തുവിന്റെ വരവിനുശേഷം സഹസ്രാബ്ദ വാഴ്ച). ഒന്നാം നൂറ്റാണ്ടിന്റെ അവസാനത്തിൽ/രണ്ടാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ എഴുതിയ ബർന്നബാസിന്റെ ലേഖനം, ഒറിജിന്റെ തിരുവെഴുത്ത് സൃഷ്ടിവാരത്തെ മനുഷ്യചരിത്രത്തിന്റെ ഒരു മാതൃകയായി സൂചിപ്പിക്കുന്നു. ഒരു ദിവസം തുല്യമാണ് ആയിരം വർഷം --ആറായിരം വർഷത്തെ പരിശ്രമവും ഏഴാം ദിവസം ശബത്തും വിശ്രമിക്കുന്നത് മിലേനിയത്തിനു തുല്യമാണ്. രണ്ടാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ പാപ്പിയാസ് യോഹന്നാൻ അപ്പോസ്തലന്റെ ബിഷപ്പും ശിഷ്യനും യൂഡീബിയസ്(ആദ്യകാല സഭാ ചരിത്രകാരൻ) രേഖപ്പെടുത്തിയിട്ടുണ്ട്. മരിച്ചവരിൽനിന്നുള്ളതായ ഉയർത്തെഴുന്നേല്പിനുശേഷം ഒരു സഹസ്രാബ്ദവാഴ്ച ഉണ്ടാക്കുമെന്നും ക്രിസ്തുവിന്റെ വ്യക്തിപരമായ വാഴ്ച ഈ ഭൂമിയിൽ സ്ഥാപിക്കപ്പെടുമെന്നും താൻ വിശ്വസിച്ചിരുന്നു. ജസ്റ്റിൻ തന്റെ പ്രാഥമിക വിശ്വാസങ്ങളെ യോഹന്നാൻ അപ്പോസ്തലനിൽനിന്ന് ചരിത്രം പഠിപ്പിക്കുന്നു. അന്ത്യോകയിലെ ബിഷപ്പായിരുന്ന(2-ാം നൂറ്റാണ്ട്) തിയോഫിലസ് ഒരു സഹസ്രാബ്ദ അവസ്ഥയെക്കുറിച്ച് പഠിപ്പിച്ചിരുന്നു.

സർഡിസ് ബിഷപ്പ്, ഹെഗെസിപ്പസ്, മെലിറ്റോഫിലോസഫർ തുടങ്ങിയവർ പന്ത്രണ്ട് അപ്പോസ്തലന്മാരുടെ പഠിപ്പിക്കൽ, അന്ത്യകാലത്തെ വിശ്വാസത്യാഗം, എതിർക്രിസ്തു, കഷ്ടത, യേശുക്രിസ്തുവിന്റെ രണ്ടാം വരവ് എന്നീ കാര്യങ്ങൾ മത്തായിയുടെ സുവിശേഷം ഇരുപത്തിനാലിൽനിന്നും ഗ്രഹിച്ച് സഭയെ പഠിപ്പിച്ചിരുന്നു. യോഹന്നാൻ 5:25, അപ്പോസ്തല...1, 2 അദ്ധ്യായങ്ങൾ 1 കൊരി 15:23,52, 1 തെസ്സ 4:16-18 വരെ, 2 തെസ്സലോ 2:1-8, വെളിപാട് 1:7, 19:11 എന്നീ വാക്യങ്ങളുടെ അടിസ്ഥാനത്തിൽ തിരുവെഴുത്തുകളെ വ്യാഖ്യാനിച്ച് പഠിപ്പിച്ചിരുന്നു. പോളികാർപ്പിന്റെ ശിഷ്യനും യോഹന്നാൻ അപ്പോസ്തലന്റെ ശിഷ്യനുമായ ഐനേയഡ് ഒരു പ്രീമിലേനിയലിസ്റ്റ് ആയിരുന്നു. പുതിയ നിയമം എഴുതിയതിനുശേഷം പ്രാവജനീകസംഭവങ്ങൾ വിവരിച്ചതും ഐനേയിഡ് ആയിരുന്നു. രണ്ടാം നൂറ്റാണ്ടിന്റെ അവസാനത്തിലും മൂന്നാം നൂറ്റാണ്ടിന്റെ തുടക്കത്തിലും ജീവിച്ചിരുന്ന തെർജലിയൻ യേശുക്രിസ്തുവിന്റെ രണ്ടാം വരവിനെക്കുറിച്ചും വളരെ വിശദമായി പഠിപ്പിച്ചിരുന്നു. അക്കാലത്ത് സഭയ്ക്കുണ്ടായ പീഡനത്തിലും അവരെ നിലനിർത്തിയത് ഈ പ്രത്യാശയാണ്. ഐനേയഡിന്റെ ശിഷ്യനായിരുന്ന ഹിപ്പോളിറ്റസും ക്രിസ്തുവിന്റെ രണ്ടാം വരവും വിശുദ്ധന്മാരുടെ പുനരുദ്ധാന രാജ്യവും വളരെ വിശദമായി പഠിപ്പിച്ചിരുന്നു.

മൂന്നാം നൂറ്റാണ്ടിലെ പിതാവ് മെത്തോഡിയസ് പീഡനത്തിനുശേഷമുള്ള സഹസ്രാബ്ദവാഴ്ചയെക്കുറിച്ച് എഴുതുകയും പഠിപ്പിക്കുകയും ചെയ്തിരുന്നു എന്ന് ചരിത്രരേഖകൾ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. സഭാപിതാക്കന്മാരായ ഒറിജൻ, പാപ്പിയാഡ്, ഐറേനിയസ്, മെത്തോഡിയസ് എന്നിവർ വെളിപാട് 20-21 അദ്ധ്യായങ്ങൾ യേശുക്രിസ്തു ഭൂമിയിൽ വാഴുന്നതിനെക്കുറിച്ചാണ് എന്നു വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്തിരുന്നു. ജെ. ഡ്വെയിറ്റ് പെന്തക്കോസ്റ്റ് എന്ന എഴുത്തുകാരന്റെ വീക്ഷണത്തിൽ സിപ്രിയൻ, സെവേറസ് എന്നിവരും ആദ്യത്തെ എക്യുമെനിക്കൽ കൗൺസിലിലും (AD-325) (നിവ്യസുനഗത്തോസ്) ക്രിസ്തുവിന്റെ രണ്ടാം വരവിനെക്കുറിച്ച് വ്യക്തമായി പറഞ്ഞിട്ടുണ്ട് എന്ന് സാക്ഷ്യപ്പെടുത്തുന്നു. ആദ്യകാലസഭയിൽ എസ്കറ്റോളജിക്കൽ (അന്ത്യകാല വിജ്ഞാനിയം) സുവിശേഷത്തിന്റെ പ്രത്യാശ നിലനിന്നിരുന്നു. വിശുദ്ധകൂട്ടായ്മയുടെയും സ്നാനത്തിന്റെയും അർത്ഥം പൗലോസ് അപ്പോസ്തലൻ/കൊരിന്ത്യർ 11:26-ൽ ഉദ്ധരിച്ചിരുന്നത് അവർ അതേപടി വിശ്വസിച്ചിരുന്നു(നിങ്ങൾ അപ്പം തിന്നുകയും ഈ പാനപാത്രം കുടിക്കുകയും ചെയ്യുമ്പോഴെല്ലാം നിങ്ങൾ കർത്താവിനെ ആഘോഷിക്കുന്നു. അവൻ വരുന്നതുവരെ കർത്താവിന്റെ പ്രാർത്ഥനയും പാരായണം ചെയ്തു. അതിൽ ഇങ്ങനെ പറയുന്നു: നിന്റെ രാജ്യം വരുന്നു... രാജ്യവും മഹത്ത്വവും ശക്തിയും എന്നേക്കും നിന്റേത്, ആമേൻ.

> നിങ്ങൾ അപ്പം തിന്നുകയും ഈ പാനപാത്രം കുടിക്കുകയും ചെയ്യുമ്പോഴെല്ലാം നിങ്ങൾ കർത്താവിനെ ആഘോഷിക്കുന്നു. അവൻ വരുന്നതുവരെ കർത്താവിന്റെ പ്രാർത്ഥനയും പാരായണം ചെയ്തു. അതിൽ ഇങ്ങനെ പറയുന്നു: നിന്റെ രാജ്യം വരുന്നു...

യേശുക്രിസ്തുവിന്റെ രണ്ടു വരവുകളുടെയും അതിന്റെ അർത്ഥവും സഭാപിതാക്കന്മാർ ഊന്നിപ്പഠിപ്പിച്ചിരുന്നു. അവരുടെ എഴുത്തുകളിൽ (ദിഡാഷെ) യുക്കറിസ്റ്റിക് പ്രാർത്ഥനയുടെ വിശുദ്ധകൂട്ടായ്മ എന്നിവയിലെല്ലാം അവരുടെ പ്രത്യാശയെ നമുക്ക് ദർശിക്കാൻ കഴിയും. സഭാപിതാവായ ഇഗ്നേഷ്യസ്സ് ഇപ്രകാരം പറയുന്നു, സമർപ്പിത അപ്പം (തിരുവത്താഴത്തിലെ അപ്പം) അമർത്യതയുടെ മരുന്ന് എന്ന് വിശേഷിപ്പിച്ചിരിക്കുന്നു. പുനരുത്ഥാനശരീരത്തിന്റെ അണുക്കൾ (നിത്യജീവൻ) ക്രിസ്തുവിന്റെ ശരീരമായ അപ്പത്തിൽ അടങ്ങിയിരിക്കുന്നു എന്ന് സഭാപിതാവായ ഐനേയഡും രേഖപ്പെടുത്തിയിട്ടുണ്ട്.

ക്രിസ്തുവിന്റെ മഹാനിയോഗത്തെ (മത്തായി 28:20)പ്പറ്റി പഠിപ്പിക്കുമ്പോൾ ലോകാവസാനത്തോടും എല്ലാ നാളും ഞാൻ നിങ്ങളോടുകൂടെയുണ്ട് എന്നതിന്റെ വ്യാഖ്യാനം പറയുമ്പോൾ ഇതാ ഞാൻ നിന്നോടുകൂടെ എല്ലായ്പോഴും ഇരിക്കുന്നു. യുഗത്തിന്റെ അവസാനംവരെ എന്ന് ഊന്നിപ്പറഞ്ഞിരിക്കുന്നു. ക്രൈസ്തവലോകത്തിന്റെ പ്രധാന വിശ്വാസങ്ങളായിരുന്ന പുതിയ നിയമവിശ്വാസികളുടെ സ്നാനത്തിൽ അവർ ഇപ്രകാരം ചൊല്ലുന്നു (അവൻ മഹത്ത്വത്തോടെ വീണ്ടും വരും. അവർ മരിച്ചവരെ വിധിക്കും. അവന്റെ രാജ്യത്തിന് അവസാനം ഇല്ല). മരിച്ചവരുടെ പുനരുത്ഥാനം, വരുവാനിരിക്കുന്ന ലോകജീവിതം എന്നിവയെപ്പറ്റി ഊന്നിപ്പറഞ്ഞിട്ടുണ്ട്.

ആദ്യകാല സഭാപിതാക്കന്മാരിൽ ഏറ്റ

വും അഗ്രഗണ്യനായ എഴുത്തുകാരിൽ ഒരാളായിരുന്നു 'ഹിപ്പോളിറ്റസ്.' എതിർക്രിസ്തുവിനെക്കുറിച്ച് തിരുവെഴുത്തുകൾ വളരെ വ്യക്തമായി പഠിപ്പിക്കുന്നു എന്ന് വിശ്വസിച്ച വ്യക്തിയായിരുന്നു അദ്ദേഹം. എതിർക്രിസ്തുവിനെക്കുറിച്ചുള്ള സൂചനകൾ ബൈബിളിൽ വ്യക്തമായി വിവരിച്ചിട്ടുണ്ട് എന്നും അത് സംഭവിക്കുമെന്നും താൻ വിശ്വസിച്ചിരുന്നു. എതിർക്രിസ്തുവിന്റെയും അവന്റെ ഭരണത്തിൻകീഴിലുള്ള എല്ലാ ജനതകളുടെയും നാശത്തിനുശേഷം നീതിമാന്മാരുടെ പുനരുത്ഥാനം നടക്കുമെന്നും വിശ്വാസികൾ ഈ കഷ്ടതയിൽക്കൂടെ കടന്നുപോകുമെന്നും താൻ വിശ്വസിച്ചു. കഷ്ടതയുടെ ഭീകരത സഭ അനുഭവിക്കുമെന്ന് ഐറേനിയസ് വിശ്വസിച്ചിരുന്നു എന്ന് തന്റെ അവസാന വാക്യം വ്യക്തമാക്കുന്നു. ആദ്യകാല സഭാപിതാക്കന്മാരുടെ ജീവിതത്തിൽ അടിസ്ഥാനപരമായ ഉപദേശ വിഷയങ്ങളിൽ പല തെറ്റുകൾ സംഭവിച്ചിട്ടുണ്ട് എങ്കിലും യേശുക്രിസ്തുവിന്റെ രണ്ടാം വരവ് വിശ്വാസികളുടെ പുനരുത്ഥാനം, ആയിരാമാണ്ട് വാഴ്ച, പുതിയ ആകാശം, പുതിയ ഭൂമി എന്നിവയെക്കുറിച്ച് വ്യക്തമായ നിലപാടുകൾ ഉണ്ടായിരുന്നു. അതുകൊണ്ടാണ് ആദ്യകാല സഭാപിതാക്കന്മാരിൽ ഒട്ടു മിക്ക ആളുകളും ക്രിസ്തുവിനുവേണ്ടി രക്തസാക്ഷിയായിത്തീർന്നത്. അവർ പ്രസംഗിക്കുകയും പഠിപ്പിക്കുകയും മാത്രമല്ല, പ്രായോഗിക ക്രിസ്തീയ ജീവിതത്തിൽ മാതൃകയായി സമൂഹമദ്ധ്യത്തിൽ കാണിച്ചുകൊടുക്കുകയും ചെയ്തു.

ആദ്യകാല സഭാപിതാക്കന്മാരുടെ എഴുത്തുകളിൽ ക്രിസ്തീയ ജീവിതത്തിന്റെ സമൃദ്ധിയെക്കുറിച്ചല്ല, മറിച്ച് ക്രിസ്തീയ ജീവിതത്തിലെ കഷ്ടതയെക്കുറിച്ചും അതിൽക്കൂടെ ഉളവാക്കുന്ന പ്രത്യാശയെക്കുറിച്ചും വിശ്വസിച്ചിരുന്നു. ആദ്യകാല സഭാപിതാക്കന്മാർ ആരുംതന്നെ ഭൗതികസമൃദ്ധിക്കല്ല ഊന്നൽക്കൊടുത്തത്, ഭക്ഷണവും പാനീയവും അല്ലാത്ത ദൈവരാജ്യത്തെക്കുറിച്ചുള്ള പ്രത്യാശ (Hope) ജനഹൃദയങ്ങളിൽ ആഴ്ന്നിറങ്ങത്തക്ക രീതിയിൽ പഠിപ്പിച്ചിരുന്നു. മിക്കവരുടെയും ജീവിതാന്ത്യം വളരെ സാഹസികത നിറഞ്ഞതായിരുന്നു. അവരിൽ ചിലരെ അഗ്നിക്കിരയാക്കി, ദുഷ്ട മൃഗങ്ങളുടെ കൈയിലേല്പിച്ചും കല്ലേറുകൊണ്ട്, പട്ടിണി, ജയിൽവാസം, മതനേതാക്കന്മാരിൽനിന്നുമുള്ളതായ പീഡനങ്ങൾ, നാടുകടത്തൽ- ഇങ്ങനെ എത്രയെത്രയോ അനുഭവങ്ങളിൽക്കൂടെ അവർ കടന്നുപോകേണ്ടിവന്നു.

ഇവയൊന്നും വിശ്വാസത്തിൽനിന്നും അവരെ പിന്തിരിപ്പിക്കാൻ കഴിഞ്ഞില്ല. അവരെ നിലനിർത്തിയത് ക്രിസ്തുവിലുള്ള പ്രത്യാശയായിരുന്നു. യേശു പറഞ്ഞു, ''ഒരുവൻ എന്നെ അനുഗമിപ്പാൻ ഇച്ഛിച്ചാൽ തന്റെ ക്രൂശെടുത്ത് എന്നെ അനുഗമിക്ക. ലോകത്തിൽ നിങ്ങൾക്ക് കഷ്ടമുണ്ട്. എങ്കിലും ധൈര്യപ്പെടുവിൻ. ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു'' എന്ന് അരുളിചെയ്ത അരുമനാഥന്റെ യഥാർത്ഥ ശിഷ്യന്മാരായിരുന്നു ആദ്യകാല (1, 2 നൂറ്റാണ്ടിലെ) സഭാപിതാക്കന്മാർ. എബ്രായലേഖന കർത്താവ് പറയുന്നപ്രകാരം (13:7) ''നിങ്ങളോട് ദൈവവചനം പ്രസംഗിച്ച് നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവിൻ; അവരുടെ ജീവാവസാനമോർത്ത് അവരുടെ വിശ്വാസം അനുകരിപ്പിൻ. ഈ കാലഘട്ടത്തിൽ സഭാപിതാക്കന്മാർ അനുഭവിച്ച കഷ്ടതയും അതിൽക്കൂടെ അവരിലുളവായ പ്രത്യാശയും നമുക്ക് ഓരോരുത്തർക്കും അനുകരിപ്പാൻ യോഗ്യമായ ഒന്നാണ്. അവരിലുളവായ പ്രത്യാശ നമ്മിലുമുളവാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ●











പാസ്റ്റർ കെ.ജെ. ജെയിംസ്
Former Registrar & Faculty



# സമൃദ്ധമായ പ്രത്യാശ: ഉറവിടവും ഊർജ്ജവും

**അമേരിക്കയിൽ** 2020 ആകുമ്പോൾ ഹൃദ്രോഗം കഴിഞ്ഞാൽ കൂടുതൽ ആളുകൾ മരണപ്പെടുന്നത് വിഷാദരോഗം നിമിത്തമായിരിക്കുമെന്ന് കണക്കുകൾ പറയുന്നു. പ്രത്യാശയ്ക്കു മാത്രമേ സകല സന്തോഷവും സമാധാനവും നൽകുവാൻ കഴികയുള്ളൂ.

**പൗലോസ്** ഈ വാക്യം പ്രത്യാശയുടെ സമൃദ്ധിയെപ്പറ്റി പറയുമ്പോൾ നാം നമ്മോടുതന്നെ ചോദിക്കേണ്ട ചോദ്യം, എന്റെ ജീവിതം പ്രത്യാശാനിർഭരമാണോ? പ്രത്യാശയാലുളവാകുന്ന സന്തോഷവും സമാധാനവും അനുഭവിപ്പാൻ എനിക്കു കഴിയുന്നുണ്ടോ? ഈ വാക്യം പ്രായോഗികമാക്കുന്നതിൽ നാം പലപ്പോഴും വീഴ്ചവരുത്തിയിട്ടുണ്ട്. പ്രത്യാശയില്ലായ്മ മനുഷ്യനെ നിരാശനാക്കുന്നു. അത് വിഷാദരോഗത്തിലേക്കു നയിക്കുന്നു. വിഷാദരോഗികളിൽ 15 പേർ ആത്മഹത്യ ചെയ്യുന്നതായി കണക്കുകൾ വെളിപ്പെടുത്തുന്നു. അമേരിക്കയിൽ 2020 ആകുമ്പോൾ ഹൃദ്രോഗം കഴിഞ്ഞാൽ കൂടുതൽ ആളുകൾ മരണപ്പെടുന്നത് വിഷാദരോഗം നിമിത്തമായിരിക്കുമെന്ന് കണക്കുകൾ പറയുന്നു. പ്രത്യാശയ്ക്കു മാത്രമേ സകല സന്തോഷവും സമാധാനവും നൽകുവാൻ കഴികയുള്ളൂ.

സമൃദ്ധമായ പ്രത്യാശയുടെ ഉറവിടം, അടിസ്ഥാനം, ദൈവികസന്തോഷം, സമാധാനം എന്നീ കാര്യങ്ങളിൽ വളരുവാനുള്ള നാല് പ്രായോഗിക മാർഗ്ഗങ്ങൾ ഇവിടെ ചിന്തയ്ക്കു വിധേയമാക്കുന്നു.

## 1. സമൃദ്ധമായ പ്രത്യാശയുടെ ഉറവിടം, പ്രത്യാശ നൽകുന്ന ദൈവംതന്നെയാണ്

പ്രത്യാശയുടെ ഉറവിടം ദൈവത്തിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. റോമർ 15:5-ൽ സ്ഥിരതയും ആശ്വാസവും നൽകുന്ന ദൈവം എന്നു

പറയുന്നു. തന്നെ അന്വേഷിക്കുന്നവർക്ക് ദൈവം ഈ സവിശേഷതകൾ നൽകുന്നു. റോമ. 15:33; 16:20 വാക്യങ്ങളിൽ സമാധാനത്തിന്റെ ദൈവം എന്ന് കാണുന്നു. ദൈവം തന്റെ ജനത്തിന് സമാധാനം നൽകുന്നു. അതിനാൽ പ്രത്യാശയ്ക്ക് ഭംഗം വന്നാൽ ആദ്യം നോക്കേണ്ടത് അതിന്റെ ദാതാവും ഉറവിടവുമായ ദൈവത്തെത്തന്നെയാണ്. തന്റെ വീട്ടിൽവന്ന അതിഥിയെ പോഷിപ്പിക്കാൻ അർദ്ധരാത്രിയിൽ സ്നേഹിതന്റെ വാതിലിൽ ലജ്ജകൂടാതെ മുട്ടുന്ന (ലൂക്കോ 11:5-8) ആളെപ്പോലെ ദൈവകരുണയുടെ വാതിലിൽ മടികൂടാതെ മുട്ടണം.

വചനാധിഷ്ഠിത പ്രത്യാശ വാഗ്ദത്ത പൂർത്തീകരണമാണ്. റോമർ 15:13-ലെ പ്രത്യാശ, 12-ാം വാക്യത്തിലെ പ്രത്യാശയോടു ബന്ധപ്പെട്ടാണ്. അത് യെശയ്യാവ് 11:10-ലെ പ്രത്യാശയാണ്. വംശങ്ങൾ (ജാതികൾ) അവനിൽ പ്രത്യാശവയ്ക്കും എന്നാണ്. അത് യേശുക്രിസ്തുവിലേക്ക് വിരൽചൂണ്ടുന്നതാണ്. എഫേസ്യർ 2:12-ൽ ഒരിക്കൽ നിങ്ങൾ പ്രത്യാശയില്ലാത്തവരായിരുന്നു. എന്നാൽ, ഇപ്പോൾ നിങ്ങൾ സകല അനുഗ്രഹങ്ങൾക്കും യോഗ്യരായി. ക്രിസ്തുവിലുള്ള പ്രത്യാശ മരണത്തിന്റെ ശവക്കുഴിക്കുമപ്പുറത്തേക്കെത്തിക്കുന്ന പ്രത്യാശയാണ് (1 തെസ്സ. 4:13). പൗലോസ് തന്റെ മറ്റ് ഏത് ലേഖനങ്ങളെക്കാളുമധികം പ്രത്യാശയെപ്പറ്റി പറഞ്ഞിരിക്കുന്നത് റോമാ ലേഖനത്തിലാണ്.

## 2. സമൃദ്ധമായ പ്രത്യാശയുടെ അടിസ്ഥാനം സന്തോഷവും സമാധാനവുമാണ് (റോമ.15)

വല്ലപ്പോഴും വന്നുപോകുന്ന ഒരു സന്തോഷത്തെക്കുറിച്ചല്ല പറയുന്നത്. പ്രത്യാശ നൽകുന്ന സന്തോഷവും സമാധാനവും നിറവിന്റേതാണ്. ദാഹിച്ചുവലയുന്ന മനുഷ്യൻ തന്റെ ഒഴിഞ്ഞ വെള്ളക്കുപ്പിയിൽ കുടിവെള്ളം നിറയ്ക്കുന്നതുപോലെ സമാധാനവും സന്തോഷവും നമ്മിൽ നിറയുമ്പോൾ തുടർച്ചയായി പ്രത്യാശയുടെ സമൃദ്ധി നമുക്കു ലഭ്യമാകുന്നു. റോമർ 14:17 -ൽ അത് പരിശുദ്ധാത്മ സന്തോഷസമൃദ്ധിയുമായി ബന്ധിപ്പിക്കുന്നു (ഗലാ. 5:16, 22). പൗലോസ് പറയുന്ന സന്തോഷവും സമാധാനവും സ്വാഭാവികമല്ല. കേവലം അനുകൂല സാഹചര്യങ്ങൾ നൽകുന്ന സന്തോഷവും സമാധാനവുമല്ല, സകലവും നിരാശാഭരിതവും ദുഃഖപൂർണ്ണവുമായിരിക്കുമ്പോഴും ഹൃദയം നിറഞ്ഞുകവിയുന്ന സന്തോഷവും സകല ബുദ്ധിയെയും കവിയുന്ന സമാധാനവും അനുഭവിക്കുന്നതാണ്

> ‘ പ്രത്യാശ നൽകുന്ന സന്തോഷവും സമാധാനവും നിറവിന്റേതാണ്. ദാഹിച്ചുവലയുന്ന മനുഷ്യൻ തന്റെ ഒഴിഞ്ഞ വെള്ളക്കുപ്പിയിൽ കുടിവെള്ളം നിറയ്ക്കുന്നതുപോലെ സമാധാനവും സന്തോഷവും നമ്മിൽ നിറയുമ്പോൾ തുടർച്ചയായി പ്രത്യാശയുടെ സമൃദ്ധി നമുക്കു ലഭ്യമാവുന്നു. ’

അത്. പൗലോസിന് വലിയ ദുഃഖവും ഇടവിടാതെ നോവും ഉള്ളപ്പോൾ (റോമ. 9:2) സന്തോഷത്തെക്കുറിച്ചെഴുതുന്നു.

ഗ്രീക്ക് പുതിയ നിയമത്തിലെ ഏറ്റവും ചെറിയ വാക്യം ‘‘എപ്പോഴും സന്തോഷിപ്പിൻ’’ (1 തെസ്സ. 5:16) എന്നതാണ്. എന്നാൽ, ഇംഗ്ലിഷ് പുതിയ നിയമത്തിലെ ഏറ്റവും ചെറിയ വാക്യം ‘‘യേശു കണ്ണുനീർ വാർത്തു’’ (യോഹ. 11:35) എന്നതാണ്. പൗലോസ് തന്നെക്കുറിച്ച് 2 കൊരി 6:10-ൽ പറയുന്നു, ‘‘ദുഃഖിതരെങ്കിലും എപ്പോഴും സന്തോഷിക്കുന്നവർ’’ എന്നാണ്. തന്റെ ലേഖനങ്ങളിൽ 21 പ്രാവശ്യം സന്തോഷത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നത് ദുഃഖത്തെ അതിജീവിക്കുന്നത് പ്രത്യാശയുടെ സമൃദ്ധിയിൽനിന്നാണ്. 2 കൊരിന്ത്യർ 11:23-28 വരെ വാക്യങ്ങളിൽ അക്കമിട്ട് എണ്ണുവാൻ 25-ൽപരം പീഡനങ്ങൾ നിരത്തുന്നുണ്ട്. എന്നാൽ, ഫിലിപ്യർ 4:6,7 വാക്യങ്ങളിൽ അതിന്മേലൊക്കെയും ജയമെടുക്കുവാനുള്ള പരിഹാരവും നിർദ്ദേശിച്ചിരിക്കുന്നു. അങ്ങനെ ചെയ്താൽ ‘‘സകല ബുദ്ധിയെയും കവിയുന്ന ദൈവിക സമാധാനം’’ നമ്മുടെ ഹൃദയങ്ങളെ നിറയ്ക്കുമെന്ന് ഉറപ്പുനൽകുന്നു.

## 3. സമൃദ്ധമായ പ്രത്യാശയുടെ മാനുഷികമാർഗ്ഗം ദൈവത്തെയും വചനത്തെയും വിശ്വസിക്കുന്നതാണ്.

പ്രത്യാശയും വിശ്വാസവും വചനത്തിൽ എപ്പോഴും ഒത്തിണങ്ങിയാണ്. എബ്രാ. 11:1 -ൽ വിശ്വാസത്തെയും പ്രത്യാശയെയും ബന്ധിപ്പിച്ചിരിക്കുന്നു. ക്രിസ്തുവിലുള്ള പ്രത്യാശ തന്നിൽ വിശ്വസിക്കുന്നതാണ് (സങ്കീ. 71:5). നമ്മോടുള്ള സകല വാഗ്ദത്ത നിവൃത്തികൾക്കും പ്രത്യാശയോടെ കർത്താവിങ്കലേക്കു നോക്കണം. അതാണ് റോമർ 15:14-ലെ പ്രതിപാദ്യം. തിരുവെഴുത്തുകളാലുളവാകുന്ന സ്ഥിരത, ആശ്വാസം, പ്രത്യാശ. വചനത്തെ വിശ്വസിക്കുന്നതിലൂടെ പ്രത്യാശയുടെ സമൃദ്ധിയിൽ എത്തുന്നു. റോമർ 10:17-ൽ പൗലോസ് പറയുന്നത് വിശ്വാസം, കേൾവി, വചനം എന്നിങ്ങനെയുള്ള ക്രമമാണ്. പ്രത്യാശയുടെ നിറവിലെത്താൻ ദൈവത്തിലും തന്റെ വചനത്തിലും തുടർച്ചയായി വിശ്വസിച്ചുകൊണ്ടിരിക്കണം. തന്റെ ജനത്തിന്റെ എല്ലാ പ്രതിസന്ധികളിലും ദൈവം വിശ്വസ്തനായി കൂടെയുണ്ടെന്ന് വചനം പറയുന്നു. ചില സന്ദർഭങ്ങളിൽ ദൈവം നേരിട്ടിറങ്ങി വിടുതലുകൾ നൽകുമ്പോൾ മറ്റു ചില സന്ദർഭങ്ങളിൽ ചില കഷ്ടത അനുനുഭവിപ്പാനും മരിക്കാനും അനുവദിക്കുന്നു. അപ്പോൾതന്നെ സ്വർഗ്ഗത്തിൽ നിലനിൽക്കുന്ന ഉത്തമപ്രതിഫലത്തിന്റെ





പ്രത്യാശയാൽ അവർ അത് മനപ്പൂർവ്വം സഹിക്കുന്നു.

ദൈവികവാഗ്ദത്തങ്ങൾക്കു വിരുദ്ധമായി ഭയാനക സാഹചര്യങ്ങൾ വരുമ്പോഴും വിശ്വാസത്തിന്റെ കാഴ്ചപ്പാടിൽനിന്ന് അണുവിട വ്യതിചലിക്കാതെ പുതുക്കപ്പെട്ട പ്രത്യാശയോടെ ദൈവത്തിങ്കലേക്കു നോക്കാൻ യിരമ്യാവ് പഠിപ്പിക്കുന്നു. നെബുക്കദ്നേസറിന്റെ സൈന്യം ആലയവും യരുശലേമും നശിപ്പിച്ച് യിശ്രയേലിൽ ആയിരങ്ങളെ കൊന്നൊടുക്കിയപ്പോഴും യിരമ്യാവിന്റെ ഉള്ളിലെ പ്രത്യാശയ്ക്ക് ക്ഷതമേൽക്കുന്നില്ല. വചനാധിഷ്ഠിത വിശ്വാസം തന്റെ പ്രത്യാശയെ തട്ടിയുണർത്തി (വിലാ. 3:21 -24). സാഹചര്യങ്ങളുടെ വൈപരീത്യത്തെ അതിജീവിക്കുന്നതാണ് പ്രത്യാശാസമൃദ്ധി.

## 4. സമൃദ്ധമായ പ്രത്യാശയുടെ ദൈവികമാർഗ്ഗം പരിശുദ്ധാത്മശക്തിയാണ്.

റോമർ 15:13-ൽ അത് വ്യക്തമാണ്. ‘‘പ്രത്യാശ നൽകുന്ന ദൈവം തന്റെ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ’’ എന്ന് പറഞ്ഞിരിക്കുന്നു. പ്രത്യാശയുടെ സമൃദ്ധി പരിശുദ്ധാത്മശക്തിയാലാണ്. റോമർ 15:12,13 വാക്യങ്ങൾ ചേർത്തു വായിച്ചാൽ ത്രിയേക ദൈവത്തിന്റെ സംയുക്തപ്രവൃത്തി വെളിപ്പെടുന്നു. പ്രപഞ്ചത്തെ സൃഷ്ടിച്ച സൃഷ്ടികർത്താവിന്റെ ശക്തിയെക്കാൾ ഒട്ടും കുറവല്ല പരിശുദ്ധാത്മാവിന്റെ ശക്തി. സങ്കീർത്തനം 33:9, ‘‘അവൻ കല്പിച്ചു, അങ്ങനെ സ്ഥാപിതമായി.’’ വചനത്തിന്റെ സത്യങ്ങളെ തിരിച്ചറിയത്തക്കനിലയിൽ പരിശുദ്ധാത്മാവ് നമുക്ക് ഗ്രഹിപ്പിച്ചു നൽകുന്നു (1 കൊരി. 2:9-13). ആത്മാവിനെ അനുസരിച്ചു നടന്നാൽ നമ്മിൽ വിശുദ്ധിയുടെ അളവ് വർദ്ധിപ്പിച്ച് ജഡാഭിലാഷങ്ങളെ ജയിപ്പാൻ പരിശുദ്ധാത്മാവ് കൃപ നൽകുന്നു (ഗലാ. 5:16-2). ദൈവരാജ്യത്തെ അവകാശമാക്കുവാൻ യേശുക്രിസ്തുവിന്റെ നാമത്തിലും ദൈവത്തിന്റെ പരിശുദ്ധാത്മാവിലും ശുദ്ധീകരണവും നീതീകരണവും പ്രാപിക്കുന്നു (1 കൊരി. 6:11). പരിശുദ്ധാത്മാവ് നമ്മുടെ പുത്രത്വത്തിന്റെ അവകാശത്തെപ്പറ്റി നമ്മോട് സാക്ഷ്യംപറകയും (റോമ. 8:15-17) നമ്മുടെ ബലഹീനതയ്ക്ക് തുണനിന്ന് ഉച്ചരിച്ചുകൂടാത്ത ഞരക്കങ്ങളാൽ നമുക്കുവേണ്ടി പക്ഷവാദംകഴിക്കയും ചെയ്യുന്നു (റോമ. 8:26). ക്രിസ്തു വിശ്വാസത്താൽ നമ്മുടെ ഹൃദയങ്ങളിൽ വസിക്കേണ്ടതിനും നമ്മുടെ അകത്തെ മനുഷ്യൻ ശക്തിയോടെ ബലപ്പെടേണ്ടതിനും പരിശുദ്ധാത്മാവ് സഹായിക്കുന്നു (എഫേ. 3:16,17).

> ‘ ചില സന്ദർഭങ്ങളിൽ ദൈവം നേരിട്ടിറങ്ങി വിടുതലുകൾ നൽകുമ്പോൾ മറ്റു ചില സന്ദർഭങ്ങളിൽ ചില കഷ്ടമനുഭവിപ്പാനും മരിക്കാനും അനുവദിക്കുന്നു. അപ്പോൾ തന്നെ സ്വർഗ്ഗത്തിൽ നിലനിൽക്കുന്ന ഉത്തമപ്രതിഫലത്തിന്റെ പ്രത്യാശയാൽ അവർ അത് മനപ്പൂർവ്വം സഹിക്കുന്നു. ’

വീണ്ടെടുപ്പുനാളിനായി പരിശുദ്ധാത്മാവ് നമ്മെ മുദ്ര ഇടുന്നു (എഫേ. 1:13,14,4:30). പ്രത്യാശാസമൃദ്ധിയും സകല സന്തോഷവും സമാധാനവുംകൊണ്ട് നമ്മെ നിറയ്ക്കുന്നതിൽ പരിശുദ്ധാത്മാവിന്റെ പങ്ക് ഒഴിച്ചുകൂടാനാവാത്ത ഘടകമാണ്.

## പ്രത്യാശാസമൃദ്ധിയുടെ വിവിധ വശങ്ങൾ

ഭംഗംവരാത്ത പ്രത്യാശ (സങ്കീ. 9:18).

മുഖത്തെ പ്രകാശിപ്പിക്കുന്ന പ്രത്യാശ (സങ്കീ. 43:5).

തിരുവചനത്തിലെ പ്രത്യാശ (സങ്കീ. 119:74).

നീതിമാന്മാരുടെ പ്രത്യാശ (സദൃശ 10:28).

മരണത്തിലെ പ്രത്യാശ (സദൃശ 14:32).

മരിച്ചവരുടെ പ്രത്യാശ (അ. പ്ര. 23:6).

വാഗ്ദത്തത്തിലുള്ള പ്രത്യാശ (അ. പ്ര. 26:7).

ദൈവതേജസ്സിന്റെ പ്രത്യാശ (റോമ 5:2).

നിലനിൽക്കുന്ന പ്രത്യാശ (1 കൊരി. 13:13).

ക്രിസ്തു മഹിമപ്പെടുന്ന പ്രത്യാശ (ഫിലി. 1:20).

സ്വർഗ്ഗത്തിൽ സംഗ്രഹിച്ചിരിക്കുന്ന പ്രത്യാശ (കൊലൊ. 1:3).

സുവിശേഷത്തിന്റെ പ്രത്യാശ (കൊലൊ. 1:23).

മഹത്ത്വത്തിന്റെ പ്രത്യാശ (കൊലൊ 1:27).

നിത്യജീവന്റെ പ്രത്യാശ (തീത്തോ. 1:2).

ഭാഗ്യകരമായ പ്രത്യാശ (തീത്തോ. 2:12).

ജീവനുള്ള പ്രത്യാശ (1 പത്രോ. 1:3).

നിർമ്മലീകരിക്കുന്ന പ്രത്യാശ (1 യോഹ. 3:3).

മരണപുനരുത്ഥാനങ്ങളുടെ പ്രത്യാശ നൽകുന്ന (1 കൊരി. 15) പൗലോസിന്റെ ശക്തമായ ഒരു വിളംബരം 19-ാം വാക്യത്തിൽ ‘‘നാം ഈ ആയുസ്സിൽമാത്രം ക്രിസ്തുവിൽ പ്രത്യാശവച്ചിരിക്കുന്നു എങ്കിൽ സകല മനുഷ്യരിലും അരിഷ്ടന്മാരത്രേ.’’ നമ്മുടെ ആത്മാവിന്റെ നങ്കൂരമായ പ്രത്യാശ നിശ്ചയവും സ്ഥിരവും തിരശ്ശീലയ്ക്കകത്തേക്ക് കടക്കുന്നതുമാകുന്നു. നമ്മുടെ വിഷയത്തോടു ചേർന്നുള്ള ഒരു പദപ്രയോഗം (റോമ. 15:13) ‘‘പ്രത്യാശയിൽ സമൃദ്ധിയുള്ളവരായി വിശ്വസിക്കുന്നതിലുള്ള...’’ ഏറ്റം പ്രധാനം അതാണ്. വിശ്വസിക്കുക, പ്രത്യാശ നമ്മെ ഇഹത്തിൽ നിലനിർത്തുകയും പരത്തിൽക്കൊണ്ടെത്തിക്കയും ചെയ്യുന്നു.
ആമേൻ. ●



പ്രമോദ് ജോർജ്ജ്
B.D. - IV

കഥ



# പ്രത്യാശയുടെ കിരണങ്ങൾ

**ഡോർബെൽ** ശബ്ദിക്കുന്നതു കേട്ടാണ് അനിത അടുക്കളയിൽനിന്നും ഓടിയെത്തിയത്. ആരാണ് ഈ നേരത്ത്? ചേട്ടൻ വരാൻ സമയമായില്ലല്ലോ. കതകു തുറന്ന അവൾ പ്രകാശനെക്കണ്ട് അത്ഭുതപ്പെട്ടു. ''എന്തുപറ്റി ചേട്ടാ, നേരത്തേ വന്നല്ലോ? എന്താ മുഖം വാടിയിരിക്കുന്നെ?'' ''ഒന്നുമില്ല,'' പ്രകാശൻ ഒഴിഞ്ഞുമാറാൻ ശ്രമിച്ചു.

ഭാര്യയുടെ സ്നേഹംനിറഞ്ഞ നിർബന്ധത്തിനു വഴങ്ങി അവൻ മനസ്സു തുറന്നു. ''ചില ദിവസങ്ങളായി ശരീരത്തിനു വല്ലാത്ത ക്ഷീണം. ജോലിചെയ്തുകൊണ്ടിരുന്നപ്പോൾ വിയർത്തു കുഴഞ്ഞുവീണു. അല്പനേരം എന്താണ് സംഭവിച്ചത് എന്നുപോലും അറിയില്ല. കണ്ണു തുറന്നപ്പോൾ എല്ലാവരും ചുറ്റിലുമുണ്ട്. മാനേജർസാർ വീട്ടിലേക്കു പൊയ്ക്കൊള്ളാൻ പറഞ്ഞു.''

അനിതയുടെ മുഖം മ്ലാനമായി. കണ്ണുകൾ നിറയാൻതുടങ്ങി. ''എന്തിനാണ് നീ കരയുന്നത്? എനിക്കൊന്നും സംഭവിച്ചില്ലല്ലോ. ഈശ്വരൻ ഒന്നും ദോഷമായി നമുക്കു വരുത്തുകയില്ല.'' അവൻ അവളെ ആശ്വസിപ്പിക്കുവാൻ ശ്രമിച്ചു.

അവരുടെ വിവാഹം കഴിഞ്ഞിട്ട് രണ്ടു വർഷം ആകുന്നതേയുള്ളൂ. കളിയും ചിരിയും തമാശയും സ്വകാര്യനിമിഷങ്ങളും പെട്ടെന്നു നിന്നുപോയതുപോലെ തോന്നുന്നു. ഒന്നിനും ഒരു താത്പര്യവുമില്ലാത്ത അവസ്ഥ. സന്തോഷമെല്ലാം നഷ്ടപ്പെട്ടതുപോലെ.

ഓരോ ദിവസവും പ്രകാശൻ ജോലിക്കുപോയി മടങ്ങിവരുംവരെയും അവളുടെ മനസ്സിൽ തീയാണ്. വളരെ ശ്രദ്ധിക്കണേ എന്നൊക്കെ ഓർമ്മിപ്പിച്ചാണ് അവൾ അവനെ ജോലിക്കു വിടുന്നത്. തനിക്കറിയാവുന്ന ദൈവങ്ങൾക്കൊക്കെ അവൾ നേർച്ച നേർന്നിട്ടുണ്ട്. ചേട്ടന് ഒന്നും വരുത്തരുതേ എന്ന് അവൾ മനമുരുകി പ്രാർത്ഥിക്കാറുണ്ട്.

മൊബൈൽഫോണിന്റെ ശബ്ദം കേട്ടാണ് അവൾ ഉച്ച മയക്കത്തിൽനിന്നും ഞെട്ടിയുണർന്നത്. അയ്യോ, ഇത് ചേട്ടന്റെ കമ്പനിയിൽനിന്നാണല്ലോ. അവളുടെ മനസ്സിൽ ഒരു കൊള്ളിയാൻ മിന്നി.

''പേടിക്കാനൊന്നുമില്ല, പ്രകാശന് അല്പം ശാരീരിക പ്രയാസമുണ്ടായി. അനിത ഒരുങ്ങിനിൽക്കുക. ഞങ്ങൾ അങ്ങോട്ടുവരികയാണ്. ആശുപത്രിയിൽ ഒന്ന് കാണിക്കാനാണ്.'' മറുതലയ്ക്കൽനിന്ന് മാത്യുസാറിന്റെ ശബ്ദം.

പിന്നെ ഒന്നും അവൾ ഓർത്തില്ല. കിട്ടിയ വസ്ത്രമൊക്കെ വാരിച്ചുറ്റി അവൾ ഗേറ്റിലേക്ക് ഓടി. കാറിന്റെ പിൻസീറ്റിൽ മയങ്ങിക്കിടക്കുന്ന പ്രകാശനെ കണ്ടപ്പോൾ അവളുടെ ഹൃദയം പിടഞ്ഞു. ചേട്ടന് ഒന്നും വരുത്തരുതേ എന്നവൾ മനമുരുകി പ്രാർത്ഥിച്ചു.

നഗരത്തിലെ അറിയപ്പെടുന്ന ഒരു സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിന്റെ അത്യാഹിത വിഭാഗത്തിൽ കാർ നിന്നു. സ്ട്രെച്ചറുമായി അറ്റൻഡർ ഓടിവന്നു. പ്രകാശനെ ഐ.സി.യു.വിൽ അഡ്മിറ്റ് ചെയ്തു. എല്ലാത്തിനും സഹായവും ആശ്വാസവുമായി മാത്യുസാർ കൂടെയുണ്ട്.

ചില ദിവസങ്ങളിലെ ടെസ്റ്റുകൾക്കും ചികിത്സകൾക്കുംശേഷം, അനിതയെ ഡോക്ടർ റൂമിലേക്കു വിളിപ്പിച്ചു. മാത്യുസാറും കൂടെയുണ്ട്. അവളുടെ ഹൃദയത്തിന്റെ ഇടിപ്പുകൂടി. എന്താണ് ഡോക്ടർ പറയാൻപോകുന്നത്. മുഖവുര കൂടാതെ ഡോക്ടർ പറഞ്ഞു, അല്പം പ്രയാസമുള്ള വാർത്തയാണ്. പ്രകാശന്റെ ഹൃദയത്തിന്റെ വാൽവിന് സാരമായ തകരാറുണ്ട്. ഒരു ഓപ്പറേഷൻ നടത്തിയാലും അമ്പതു ശതമാനം മാത്രമേ സാധ്യത കാണുന്നുള്ളൂ. ഡിസ്ചാർജ് വാങ്ങി വീട്ടിൽപ്പോകാം. മരുന്നുകൾ മുടങ്ങാതെ കഴിക്കുക. ഓപ്പറേഷന് താത്പര്യമെങ്കിൽ അറിയിക്കുക. ഇനി എല്ലാം ദൈവത്തിന്റെ കൈകളിലാണ്.

അവളുടെ കണ്ണിൽ ഇരുട്ട് കയറുന്നതുപോലെ. ചവിട്ടിനിന്ന ഭൂമി താണുപോകുന്നതുപോലെ തോന്നി. എല്ലാം നഷ്ടപ്പെട്ടുപോയ അവസ്ഥ. ദൈവമേ, ഇനി എന്തു ചെയ്യും. സഹായിക്കാൻ ആരുമില്ലല്ലോ ഈ പട്ടണത്തിൽ. പണവും ഇല്ലല്ലോ. അവൾ ആശ നഷ്ടപ്പെട്ട് നിരാശയുടെ കയങ്ങളിലേക്ക് താണുപോയി.

ഗേറ്റു തുറക്കുന്ന ശബ്ദം. ആരോ വരുന്നുണ്ടല്ലോ. ആകാംക്ഷയോടെ അവൾ വാതിൽ തുറന്നു. മാത്യുസാറും ഭാര്യയുമാണ്. അവൾ അവരെ അകത്തേക്കു ക്ഷണിച്ചു. മാത്യുസാറിന്റെ ഭാര്യയെ അവൾ ആദ്യമായാണ് കാണുന്നത്. പ്രസന്നഭാവം. ആഭരണങ്ങളില്ലാത്ത മുഖത്ത് ഒരു തേജസ്സിന്റെ പ്രഭാവം.

മാത്യുസാറിൽനിന്നും എല്ലാ രോഗങ്ങൾക്കും സൗഖ്യം നൽകുന്ന, നിരാശയിൽ പ്രത്യാശ നൽകുന്ന യേശുവിനെക്കുറിച്ച് അവൾ ആദ്യമായി കേട്ടു. അവരുടെ വാക്കുകൾ അവൾക്കു വളരെ ആശ്വാസമായി തോന്നി. പ്രകാശനും വളരെ ശ്രദ്ധയോടെ എല്ലാം കേട്ടുകൊണ്ടു കിടന്നു. അവന്റെ ഹൃദയത്തിൽ പ്രത്യാശയുടെ കിരണങ്ങൾ വെളിച്ചം പകരുവാൻ തുടങ്ങി.

അവസാനമായി മാത്യുസാർ അവരോടു ചോദിച്ചു, പ്രകാശനു പൂർണ്ണസൗഖ്യം നൽകുവാൻ കഴിയുന്ന



നിങ്ങളെ സ്നേഹിക്കുന്ന യേശുവിനുവേണ്ടി ജീവിതം സമർപ്പിക്കുവാൻ തയ്യാറാണോ?

അവർക്ക് മറ്റൊന്നും ചിന്തിക്കുവാനില്ലായിരുന്നു. ഏകമനസ്സോടെ അവർ രണ്ടുപേരുംസമ്മതിച്ചു. പ്രകാശനെ അവർ താങ്ങി കിടക്കയിലിരുത്തി. വേദപുസ്തകത്തിൽനിന്നും ചില കാര്യങ്ങൾ അവരെ പഠിപ്പിച്ചുകൊടുത്തു. അവർ സന്തോഷത്തോടെ ജീവിതം യേശുവിനായി സമർപ്പിച്ചു.

മാത്യുസാർ പറഞ്ഞു, നിങ്ങൾ യേശുവിനായി ജീവിക്കുവാൻ തീരുമാനിച്ചു. യേശു നിങ്ങളെ സ്നേഹിക്കുന്നു. യേശു നിങ്ങളുടെ സമർപ്പണത്തെ മാനിക്കും. ഞങ്ങൾ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവാൻ പോകയാണ്. പ്രകാശനും അനിതയ്ക്കും കരങ്ങൾ കോർത്തുപിടിക്കാം.

മാത്യുസാറിന്റെയും ഭാര്യയുടെയും കണ്ണുകൾ നിറഞ്ഞൊഴുകുന്നു. അവർ ഉച്ചത്തിൽ പ്രാർത്ഥിക്കയാണ്. പ്രാർത്ഥിക്കുന്നതെല്ലാം മനസ്സിലാകുന്നില്ല. പെട്ടെന്ന് മാത്യുസാർ തന്റെ വലതു കരം പ്രകാശന്റെ ശിരസ്സിൽവച്ചു. തന്റെമേൽ ഒരു ശക്തി വ്യാപരിക്കുന്നത് പ്രകാശനു മനസ്സിലായി. ഹൃദയത്തിലേക്ക് ഒരു വലിയ പ്രകാശം വരുന്നതായി അവൻ കണ്ടു. അനിത കണ്ണീരോടെ ദൈവത്തെ സ്തുതിച്ചുകൊണ്ടിരുന്നു.

പ്രാർത്ഥന കഴിഞ്ഞതും പ്രകാശൻ പതിയെ എഴുന്നേറ്റു. ക്ഷീണമെല്ലാം മാറി ഒരു പുതിയബലം വന്നിരിക്കുന്നു. യേശു പൂർണ്ണസൗഖ്യം നൽകിയെന്ന് പ്രകാശനു വിശ്വാസമായി.

ആശ നഷ്ടപ്പെട്ട തങ്ങളുടെ ജീവിതത്തിൽ പ്രത്യാശയുടെ കിരണങ്ങൾ പരത്തിയ യേശുവിനുവേണ്ടി തുടർന്നു ജീവിക്കുമെന്ന് ഒരിക്കൽക്കൂടി ഉറപ്പുനൽകി അവർ മാത്യുസാറിനെയും ഭാര്യയെയും യാത്രയാക്കി. ●



പാസ്റ്റർ സജി നെടുങ്കണ്ടം

# വേദപാഠശാലയിലെ ഓർമ്മകൾ

**പരിശുദ്ധാത്മാവിന്റെ** അഗ്നിസാന്നിദ്ധ്യം മലയാളക്കരയിലെ ചില നാവുകളെ ചലിപ്പിച്ചുതുടങ്ങിയ കേരളത്തിൽ പെന്തെക്കോസ്തിന്റെ ആരംഭകാലത്ത് ഒരു ഏകാദ്ധ്യാപക വിദ്യാലയം പോലെ കുമ്പനാട് ഭവനത്തിൽ സമാരംഭംകുറിച്ച ഹെബ്രോൺ ബൈബിൾ സ്കൂൾ...

**ഏഷ്യയിലെത്തന്നെ** പേരെടുത്തു പറയാവുന്ന വേദപാഠശാലയായ ഇൻഡ്യാ ബൈബിൾ കോളജ് & സെമിനാരി നവതിയുടെ നിറവിലാണ്. ഭാരത സുവിശേഷകരണത്തിന്റെ രണഭൂമികയിൽ വചനത്തിന്റെ വാളേന്തുവാൻ ഒട്ടനവധി ധീരയോദ്ധാക്കൾക്ക് കരുത്തും ആവേശവും പകർന്നു നൽകിയ ഈ പ്രസ്ഥാനം വേർപാട് സഭകളുടെ അഭിമാനസ്തംഭമായി തലയുയർത്തി നിൽക്കുന്നു. തികഞ്ഞ ദൈവാശ്രയബോധത്തിന്റെ ശിലാപാളികളിൽ അടിത്തറയിട്ട് ആരംഭിച്ച ഈ ചെറിയ സംരംഭത്തെ ഇന്നു കാണുന്ന പ്രൗഢിയിലേക്ക് ദൈവം വളർത്തിയത് പാസ്റ്റർ കെ.ഇ. ഏബ്രഹാം എന്ന ക്രാന്തദർശിയുടെ വിശ്വാസവീക്ഷണങ്ങൾക്ക് കർത്താവു നൽകിയ അംഗീകാര മുദ്രയാണ്. അദ്ദേഹത്തിന്റെ മൂന്നാം തലമുറയിലേക്ക് അധികാരവും നിയന്ത്രണവും കാലം കൈമാറിയെങ്കിൽ അതിനു പിന്നിൽ തലമുറ തലമുറയായി സങ്കേതമാകുന്ന ദൈവത്തിന്റെ കരവല്ലഭത്വത്തിന്റെ ചലനാത്മകതയുണ്ടെന്നത് തീർച്ച.

പരിശുദ്ധാത്മാവിന്റെ ശക്തിയേറിയ സാന്നിദ്ധ്യം മലയാളക്കരയിലെ ചില നാവുകളെ ചലിപ്പിച്ചുതുടങ്ങിയ കേരളത്തിൽ പെന്തെക്കോസ്തിന്റെ ആരംഭകാലത്ത് ഒരു ഏകാദ്ധ്യാപക വിദ്യാലയംപോലെ കുമ്പനാട് വാടക ഭവനത്തിൽ സമാരംഭംകുറിച്ച ഹെബ്രോൺ ബൈബിൾ സ്കൂൾ, പട്ടിണിയും ദാരിദ്ര്യവും സാർവ്വത്രികമായ കാലത്ത് പരിമിതികളെ പടവെട്ടി തോൽപ്പിച്ച് ദൗത്യനിർവ്വഹണത്തിൽ മുന്നേറി. വചനദാഹികളായ ശിഷ്യന്മാരുടെ എണ്ണം പ്രതിവർഷം പെരുകിവന്നു. കാലത്തിന്റെ വൈതരണികളെ ചവിട്ടിമെതിച്ചു മുന്നേറിയ അവരുടെ പാദങ്ങൾ ലോകത്തിന്റെ സകല ദിക്കുകളിലും പതിഞ്ഞു. പ്രശസ്തരും പ്രഗല്ഭരുമായ പ്രതിഭകൾക്ക് ജന്മം നൽകിയ ഈ വേദവിദ്യാലയ മുത്തശ്ശി നവതിയിൽ നിറയുമ്പോഴും ഈ വചനഗ്രഹത്തിന്റെ പടികടന്ന എത്രയോ പ്രമുഖർ ഭാരതത്തിന് അകത്തും പുറത്തുമായി സുവിശേഷത്തിന്റെ കാവൽക്കാരാകുന്നു. ഏറ്റെടുത്ത ദൗത്യം വിശ്വസ്തതയോടെ തികച്ചു. ഇന്ന് അനേകർ നിത്യവിശ്രമത്തിന്റെ പവിത്രതയിലേക്കു പ്രവേശിക്കപ്പെട്ടു. ഓർമ്മകൾ പങ്കുവയ്ക്കുന്ന ചിലരാകട്ടെ ഇന്നും കളങ്കിതമാവാതെ കർത്തൃവേലയിൽ കർമ്മനിരതരാവുന്ന വിശ്വസ്ത സാക്ഷികൾ. അവരുടെ പഠനകാലത്തെ ചുട്ടുപൊള്ളുന്ന ഓർമ്മകളുടെ ദീപ്തസ്മരണയിലേക്ക് ചിന്തകൾകൊണ്ടൊരു മടക്കയാത്ര.

## പാസ്റ്റർ എം. വി. വർഗീസ്

ഒരു പുരുഷായുസ്സിന്റെ സിംഹഭാഗവും കർത്താവിനുവേണ്ടി ഓടി വാർദ്ധക്യത്തിന്റെ ജരാനരകൾ ഏറ്റുവാങ്ങി ഭവനത്തിൽ വിശ്രമിക്കുന്ന ഐ.പി.സി.യുടെ രണ്ടാം തലമുറയിലെ വേറിട്ട ശബ്ദം. തനതായ പ്രഭാഷണശൈലികൊണ്ട് വേദിയെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്ത പാസ്റ്റർ എം.വി. വർഗീസ് ബാല്യകാലത്തിന്റെ ഓർമ്മകളിലേക്ക് മനസ്സ് പായിക്കുമ്പോൾ കൂടുതൽ കരുത്തനാകുന്നു, വാക്കുകളിലൂടെ.

''സുഖലോലുപമായ ജീവിതം ചപ്പും ചവറും'' എന്ന് എണ്ണിയ ആത്മീകതയയുടെ അനുഭവത്തികവുള്ള ചില പച്ചമനുഷ്യരെ കാണുവാൻ, അവരിൽനിന്നും ചിലത് അനുഭവിച്ച് അനുകരിക്കുവാൻ കഴിഞ്ഞു എന്നതാണ് എന്റെ ജീവിതത്തിലെ ഏറ്റവും വലിയ ഭാഗ്യം. കനത്ത ദാരിദ്ര്യംമൂലം വിശപ്പകറ്റുവാൻ മുണ്ടുമുറുക്കി ഉടുക്കേണ്ട കാലത്താണ് ഞങ്ങളുടെ വേദപഠനം. കപ്പ, കാച്ചിൽ, ചേന, ചേമ്പ്, വാട്ടുകപ്പ, ചോളക്കഞ്ഞി എന്നിവയാണ് മുഖ്യ ഭക്ഷണം. ഇടയ്ക്ക് എപ്പോഴെങ്കിലും റേഷനരി ലഭിക്കും. കട്ടൻകാപ്പി ഇടയ്ക്ക് ഒരു പ്രത്യേക പാനീയംപോലെ ലഭിച്ചിരുന്നു. 1942–44 കാലഘട്ടം സഹോദരന്മാരും സഹോദരിമാരുമായി ഏകദേശം മുപ്പതോളം കുട്ടികൾ കെ. ഇ. ഏബ്രഹാം, റ്റി.ജി. ഉമ്മച്ചൻ, പി.എം. ഫിലിപ്പ്, എ.ജെ. ജോൺ എന്നിവരാണ് പ്രധാന അധ്യാപകർ. വിദേശത്തുനിന്നും അതിഥി അധ്യാപകരായി എത്തും. പെന്തെക്കോസ്തിൽ അന്ന് തർജ്ജമ ചെയ്യുവാൻ



പാസ്റ്റർ
എം.വി. വർഗീസ്

കഴിവുള്ളവർ ആരുമില്ല. ബ്രദറൻകാരനായ ഒരാളെയാണ് ആശ്രയിക്കുന്നത്. സ്വീഡിഷ് മിഷനറി റംസ്ട്രാം ഒരിക്കൽ എത്തി. സായിപ്പ് ആത്മശക്തിയിൽ പറയും. തർജ്ജമക്കാരൻ നിർവികാരനായി സായിപ്പ് ഇങ്ങനെ പറയുന്നു എന്ന് പറഞ്ഞു തുടങ്ങും. അന്നാണ് വചനവും ആത്മാവും തമ്മിൽ ഏറ്റുമുട്ടുന്നത് സത്യത്തിൽ കാണുന്നത്. പാസ്റ്റർ പി.ജെ. തോമ്മച്ചൻ പഠനം കഴിഞ്ഞു വന്നാണ് ആ പ്രശ്നം പരിഹരിച്ചത്.

ഇത്രയും കുട്ടികൾക്കുവേണ്ടി ഓല കെട്ടി മറച്ച ഒരു ടോയ്ലെറ്റാണ് ആകെയുള്ളത്. ബദേസ്ഥ കുളക്കരയിൽ ഊഴം കാത്തുകിടക്കുന്ന രോഗികളെപ്പോലെ ഞങ്ങൾ അവിടെ കാത്തുനിന്നു എന്നാണ് സ്വതവേ നർമ്മംകൊണ്ട് കാര്യങ്ങളെ അവതരിപ്പിക്കുന്ന അദ്ദേഹത്തിന്റെ ഓർമ്മ. പഠനരീതികൾ ആരുടെയും ഹൃദയത്തിൽ ആഴത്തിൽ പതിയുമായിരുന്നു. സമാഗമന കൂടാരം അന്ന് ആഴമായ ഒരു വിഷയം പോലെ പഠിപ്പിക്കുമായിരുന്നു. ഇതിനുവേണ്ടി സ്വീഡനിൽനിന്നും കൊണ്ടുവന്ന നിർമ്മിത ഉപകരണങ്ങൾ ഗ്രൗണ്ടിന്റെ നടുവിൽ കുത്തിവച്ചു പഠിപ്പിക്കുമായിരുന്നു. ഏതാണ്ട് സമാഗമന കൂടാരത്തിന്റെ തൊട്ടടുത്ത് നിൽക്കുന്നതുപോലെ അനുഭവപ്പെടുമായിരുന്നു. ഉള്ളിൽപ്പേറിയ വചനചിന്ത ഒരു നഷ്ടമായില്ല. സുവിശേഷത്തിന്റെ വ്യാപ്തിക്കുവേണ്ടി അതിനോടൊപ്പം ഇൻഡ്യാ പെന്തെക്കോസ്ത് ദൈവസഭയുടെ വളർച്ചയ്ക്കുവേണ്ടി ദേശാന്തരങ്ങൾ പിന്നിടുവാൻ ആ കാലങ്ങൾ എന്നെ രൂപാന്തരപ്പെടുത്തി.

ഒരു ദിവസം കോളജിൽ പതിവുപോലെ ഒരു അറിയിപ്പ്. ആഹാരം തീർന്നു. ഇനി ആഹാരം ലഭിക്കുന്നതുവരെ ക്ലാസ്സില്ല. ഉപവാസം. രണ്ടു ദിവസങ്ങൾക്കുശേഷം കുമ്പനാട് റേഷൻകടയിലേക്ക് റേഷൻ ചരക്ക് കൊണ്ടുപോകുന്ന കാളവണ്ടി ഹെബ്രോന്റെ മുമ്പിലെത്തിയപ്പോൾ കാള കിടന്നു. വണ്ടിക്കാരന്റെ പതിവ് പ്രയോഗങ്ങൾക്കൊന്നും കാളയെ എഴുന്നേല്പിക്കാനായില്ല. ഹെബ്രോനിൽനിന്നും പ്രാർത്ഥനയുടെ ശബ്ദം ഉയർന്നു കേൾക്കാം. അദ്ദേഹം കടക്കാരനോട് വിവരം പറഞ്ഞു. കടക്കാരന്റെ മറുപടി, ''സാറും കുട്ടികളും പട്ടിണിയായിരിക്കും. കുറച്ച് അരിയും ഗോതമ്പും അവിടെ കൊടുത്തിട്ട് കാളയെ എഴുന്നേല്പിക്കാൻ നോക്കൂ.'' അദ്ദേഹം അങ്ങനെ ചെയ്തു. കാള എഴുന്നേറ്റു.

ഈ സാധനങ്ങൾ ലഭിച്ചപ്പോൾ സാറപ്പച്ചൻ






എല്ലാവരെയും വിളിച്ചുകൂട്ടി. ''അന്നന്നു ഞങ്ങൾക്കുള്ളതെല്ലാം തന്നു പോറ്റുന്ന'' എന്ന പാട്ടുപാടി പ്രാർത്ഥിച്ചു. ഇനിയും നിരവധി ഓർമ്മകൾ പങ്കുവയ്ക്കണം എന്ന് അദ്ദേഹത്തിന്റെ ഉള്ളിലുണ്ട്. സുദീർഘമായ ശുശ്രൂഷാ കാലഘട്ടത്തിന്റെ ഇങ്ങേത്തലയ്ക്കൽനിന്നും പിന്നിട്ട കനൽപാതകളിലേക്കു തിരിഞ്ഞുനോക്കുമ്പോൾ അർത്ഥശങ്കയ്ക്കിടയില്ലാതെ അദ്ദേഹം വിളിച്ചുപറയുന്നു, ''അത് ഒരു നിയോഗമായിരുന്നു.''

## പാസ്റ്റർ വി. ജെ. ജോർജ്ജ്

ചെമ്മണ്ണൂർ പുത്തൻ തെരുവ് ഗ്രാമത്തിൽ വെട്ടുകുഴി വി.ഐ. ജോൺ ദമ്പതികളുടെ മക്കളിൽ രണ്ടാമനായി ജനനം. 1948-ൽ വിദ്യാഭ്യാസാനന്തരം ഇൻഡ്യാ ബൈബിൾ കോളജിലെ വിദ്യാർത്ഥിയായി. കോളജിൽ പഠനത്തിന്റെയും ആത്മീകതയുടെയും സുന്ദരമായ കാലഘട്ടം. അറിവുകൊണ്ട് തയ്യാറാക്കുന്ന പാഠ്യപദ്ധതികളെക്കാൾ അനുഭവങ്ങളെക്കൊണ്ട് സ്പർശിച്ചറിയുന്ന വിഷയങ്ങൾ. പട്ടിണി എന്ന അനുഭവത്തെ ദാരിദ്ര്യം എന്ന അവസ്ഥയോട് ചേർത്തുകെട്ടുവാനാവില്ല. കാരണം, പട്ടിണി ഞങ്ങൾക്ക് ഒരു പഠനവിഷയമായിരുന്നു എന്നു പറയാം. തീക്ഷ്ണമായ ശുശ്രൂഷകളുടെ ഉടമകളായിരുന്നു എല്ലാ അധ്യാപകരും. ക്ലാസ്സുകളെല്ലാം ശക്തമായ ആത്മസാന്നിദ്ധ്യത്തിലും ആരാധനയിലുമാണ് പര്യവസാനിച്ചിരുന്നത്.

1951-ൽ കീഴ്‌വായ്പ്പൂര് മുക്കുഴിക്കൽ കുടുംബാംഗം ചാക്കോ-മറിയാമ്മ ദമ്പതികളുടെ മകൾ ഏലിയാമ്മ ജീവിതസഖിയായി. ഞങ്ങൾ ഇരുവരും ഈ കോളജിൽ പഠനം നടത്തി എന്നൊരു പ്രത്യേകതയുണ്ട്. പഠനാനന്തരം ശുശ്രൂഷകളിൽ സഭാസംബന്ധമായുണ്ടായ പ്രതിസന്ധികളിൽ സാറപ്പച്ചൻ എന്നും ഒരു സഹായവും ഉറച്ച നിലപാടുകളും ഞങ്ങൾക്കുവേണ്ടി സ്വീകരിച്ചിരുന്നു. പോയകാലത്തെ അനുഭവങ്ങളൊന്നും ഓർത്തെടുക്കുവാൻ കഴിയാതെ പ്രായത്തിന്റെ ആക്രമണം ഏറ്റുവാങ്ങി നിലമ്പൂരിലുള്ള സ്വകാര്യവസതിയിൽ താൻ ഇന്ന് വിശ്രമത്തിലാണ്. കഴിഞ്ഞ നാലു പതിറ്റാണ്ടുകളിൽ മലബാറിന്റെ സുവിശേഷീകരണങ്ങൾക്ക് നേതൃത്വം കൊടുക്കുവാൻ കഴിഞ്ഞത് ഇൻഡ്യാ ബൈബിൾ കോളജിന്റെ പരിമിതികൾക്കുള്ളിൽനിന്നും താൻ ആർജ്ജിച്ചെടുത്ത കാഴ്ചപ്പാടിന്റെയും ദൈവകൃപയുടെയും ബാക്കിപത്രമാണെന്ന് ഇന്നും ചിന്തിക്കുന്നു. വളരെ ചിട്ടയോടും ദൈവാശ്രയത്തോടുംകൂടെ നടത്തപ്പെടുന്ന ഒരു ബൈബിൾ കോളജ് 'ന്യൂഹോപ്പ്' എന്ന പേരിൽ ആരംഭിച്ചപ്പോൾ അതിന്റെ ഓരോ പ്രവർത്തനരീതികൾക്കു പിന്നിലും ആ പഴയ വിദ്യാലയം നടത്തിയ സ്വാധീനം ചെറുതല്ല. ദർശനങ്ങളുടെ വളർച്ചയ്ക്ക് പണമല്ല അടിത്തറ. ദൈവാശ്രയമാണെന്ന് പഠിപ്പിച്ച ഈ മഹാ വിദ്യാലയവും ആ പഴയ ഗുരുക്കന്മാരും മരിക്കാത്ത ഓർമ്മകളായി ഇന്നും തന്നിൽ ആവേശം പകർന്നു നിൽക്കുന്നു.



പാസ്റ്റർ
വി. ജെ. ജോർജ്ജ്



പാസ്റ്റർ
റ്റി. എ. ചെറിയാൻ

## പാസ്റ്റർ റ്റി. എ. ചെറിയാൻ

അനുഭവങ്ങൾ പങ്കുവയ്ക്കാനുണ്ട് ഒരുപാട്. പിന്നിട്ട ആ നല്ല കാലത്തിന്റെ ഓർമ്മകൾ കണ്ണു നനയിപ്പിക്കുന്ന അനുഭവങ്ങൾകൊണ്ട് സമൃദ്ധമാണ്. ഇൻഡ്യാ ബൈബിൾ കോളജ് എന്റെ സ്വപ്നങ്ങൾക്ക് അർത്ഥം ഉണ്ടാക്കിയ ഇടമാണ്. 1951-52 കാലത്താണ് വിദ്യർത്ഥിയായി എത്തുന്നത്. സാമാന്യം ഭേദപ്പെട്ട സാഹചര്യമാണ് അന്നുണ്ടായിരുന്നത്. എന്നുവച്ചാൽ, മുൻവർഷങ്ങളെ അപേക്ഷിച്ച് ഒരല്പം ഭേദപ്പെട്ട അവസ്ഥ.

1954 യാതൊരു സഹായവും ലഭിച്ച വർഷമല്ല. ഒരിക്കൽ അഞ്ചു ദിവസം ആഹാരം ഒന്നുമില്ല. കനത്ത പ്രാർത്ഥന. ചില ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഓതറയിലുള്ള ഒരു സഹോദരൻ കുറച്ച് ചക്കക്കുരു കൊണ്ടുവന്നു. അമ്മച്ചി അതു പുഴുങ്ങി. ബെല്ലടി കേട്ട് വളരെ പ്രതീക്ഷയോടെ ചെന്നു. ഓരാൾക്ക് 5 പുഴുങ്ങിയ ചക്കക്കുരുവച്ചു ലഭിച്ചു. ഇങ്ങനെ വേറിട്ട നിരവധിയായ അനുഭവങ്ങളുണ്ട്. കെ.ഇ. ഏബ്രഹാം എന്ന ഒരു വിശ്വാസവീരന്റെ കാഴ്ചപ്പാടുകളെ ഉൾക്കൊണ്ട് പഠിക്കാൻ കഴിഞ്ഞത് ഒരു വലിയ ഭാഗ്യമാണ്. ഞാൻ പഠിക്കുന്ന കാലത്ത് സാറപ്പച്ചന്റെകൂടെ മീറ്റിങ്ങുകൾക്കു പോകുമായിരുന്നു. ദിവസങ്ങൾ പലയിടങ്ങളിൽ യോഗം നടത്തിയ അപ്പച്ചന് ഭയങ്കര ക്ഷീണം. പ്രസംഗിക്കാൻ വയ്യാത്ത ശാരീരികസ്ഥിതി. അപ്പച്ചൻ പറഞ്ഞു, ''കർത്താവേ, എനിക്കിന്ന് പ്രസംഗിക്കാനാവില്ല. എന്റെ സ്ഥിതി നീ അറിയുന്നുവല്ലോ. എനിക്ക് വിശ്രമിക്കണം.'' പെട്ടെന്ന് അന്തരീക്ഷം കറുത്തു. കനത്ത മഴ. അപ്പച്ചൻ അന്ന് വിശ്രമിച്ചു. പിറ്റേന്ന് യോഗത്തിനുള്ള ക്രമീകരണങ്ങൾ ചെയ്തു. പെട്ടെന്ന് അന്തരീക്ഷം കനത്തു. വലിയ മഴയുടെ ലക്ഷണം. ഉടനേ അപ്പച്ചൻ പ്രാർത്ഥിച്ചു, ''കർത്താവേ, ഇന്ന് ഞങ്ങൾക്ക് ദേശത്തോട് സുവിശേഷം പ്രസംഗിക്കണം.'' ഉടനേ മാനം തെളിഞ്ഞു. കാലാവസ്ഥ അനുകൂലമായി. പിന്നീട് ഞങ്ങൾ അന്വേഷിച്ചപ്പോൾ അറിഞ്ഞത് അന്ന് ആ യോഗസ്ഥലത്തിന്റെ നാലു

കിലോമീറ്റർ ചുറ്റളവിൽ കനത്ത മഴയായിരുന്നു. ഇങ്ങനെ നിരവധിയായ സംഭവങ്ങളുടെ പരമ്പരതന്നെയുണ്ട് വർണ്ണിക്കാൻ.

ഒരു പഠനശാല പകർന്നു നൽകിയ ആവേശം ഇന്നും കെട്ടടങ്ങാതെ വാർദ്ധക്യത്തിലും യൗവനത്തിന്റെ പ്രസരിപ്പിൽ നിൽക്കുന്ന കാഴ്ചപ്പാടിന്റെ ഉടമയാണ് റ്റി.എ. ചെറിയാൻ. കുമ്പനാട് കൺവൻഷൻ വേദിയിൽ നാലു പതിറ്റാണ്ടുകൾ സംഗീത ആരാധനകൾക്ക് നേതൃത്വം നൽകുവാൻ തനിക്കു കഴിഞ്ഞു. ഒളിമങ്ങാത്ത ഓർമ്മകൾ സമ്മാനിച്ച കുമ്പനാടിന്റെ മണ്ണിൽ നിന്നും ആർജ്ജിച്ചെടുത്ത കഴിവുകളെല്ലാം ആ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കുവേണ്ടി തിരികെ നൽകാൻ കഴിഞ്ഞു എന്ന സന്തോഷം ആ മുഖത്തും മനസ്സിലുമുണ്ട്.

## പാസ്റ്റർ കെ. സി. മാത്യു

എനിക്ക് ബൈബിൾ കോളജ് അനുഭവത്തെക്കാൾ കൂടുതൽ പറയുവാനുള്ളത് സാറപ്പച്ചനുമായിട്ടുള്ള അനുഭവങ്ങളാണ്. കാരണം രണ്ടു വർഷം ശുശ്രൂഷാവേദിയിൽ ഒരു ഏറ്റുപറച്ചിലുകാരനായി നടന്നശേഷം തന്റെ നിർബന്ധപ്രകാരമാണ് ഞാൻ ഇൻഡ്യാ ബൈബിൾ കോളജിൽ വിദ്യാർത്ഥിയായത്. 1949 കാലം. സ്വതവേ ഗാംഭീര്യമുള്ള ശബ്ദമാണ് എനിക്ക്. ദീർഘസമയം വചനം പ്രസംഗിക്കേണ്ടതിനാലും വിശ്രമമില്ലാതെ ശുശ്രൂഷ ചെയ്യുന്നതിനാലും പ്രഭാഷകർ പൊതുവേ ശബ്ദം താഴ്ത്തിയാണ് പ്രസംഗിച്ചിരുന്നത്. അന്നത്തെ ഏറ്റവും തിരക്കുള്ള പ്രസംഗകനാണ് സാറപ്പച്ചൻ. എനിക്ക് 19 വയസ്സുള്ളപ്പോഴാണ് ഞാൻ അദ്ദേഹത്തിന്റെകൂടെ ചേരുന്നത്. 1951–52 വർഷം. വിശ്വാസവും ദർശനവും കൈമുതലായുള്ളവർക്കു മാത്രമേ മുമ്പോട്ട് പോകാനാവൂ. അത്ര ദയനീയ സാഹചര്യമാണ് നിലനിന്നിരുന്നത്. കപ്പയാണ് പ്രധാന വിഭവം. തിളപ്പിച്ച വെള്ളംമാത്രം അളവില്ലാതെ കുടിക്കാം.

സത്യത്തിൽ കോളജിൽ യാതൊരു പട്ടിണിയുമില്ലാതെ പ്രവർത്തിക്കത്തക്ക നിലയിലുള്ള വരുമാനം ഓരോ യോഗസ്ഥലങ്ങളിൽനിന്നും അപ്പച്ചന് ലഭിച്ചിരുന്നു. എന്നാൽ, തന്റെയടുക്കലെത്തി ആവശ്യങ്ങൾ പങ്കുവയ്ക്കുന്നവർക്ക് കൈയിലുള്ള പണം പെറുക്കിനൽകി, വണ്ടിക്കൂലിമാത്രം ബാക്കിയാക്കിയാണ് ഓരോ സ്ഥലത്തുനിന്നും യാത്രയാകുന്നത്.

റ്റി.ജെ. ഉമ്മച്ചൻ, ടെനൽ സായിപ്പ്, പി.എം. ഫിലിപ്പ്, വി.റ്റി. തോമസ്, കെ.ജെ. ശാ



പാസ്റ്റർ
കെ. സി. മാത്യു



പാസ്റ്റർ
ഏബ്രഹാം
ജോർജ്ജ്

മുവേൽ എന്നിവരാണ് അധ്യാപകർ. ക്ലാസ്സിൽ നോട്ടുവച്ച് പഠിപ്പിക്കേണ്ടതില്ല. ക്ലാസ്സ് കഴിയുമ്പോൾ മുഴുവൻ ഭാഗവും മനസ്സിൽ പതിഞ്ഞിരിക്കും. 1955-ൽ നാരകത്താനി മുക്കുഴിക്കൽ കുടുംബാംഗം മറിയാമ്മ മാത്യൂസ് ജീവിതസഖിയായി. താനും ഈ കോളജിൽ ദൈവവചനം അഭ്യസിച്ചു. ആ അനുഭവം ഞങ്ങൾക്ക് ശുശ്രൂഷകളിൽ വലിയ കരുത്തായിത്തീർന്നിട്ടുണ്ട്. നമ്മൾ കൺമുമ്പിൽ ദൃശ്യങ്ങൾ കാണുന്നതുപോലെ ഭാവികാല പ്രവചന വിഷയങ്ങൾ പഠിപ്പിച്ചു. വചനവെളിപാടിന്റെ ആൾരൂപങ്ങളായിരുന്നു ഓരോ അധ്യാപകരും.

## പാസ്റ്റർ ഏബ്രഹാം ജോർജ്ജ്

1947 കാലഘട്ടം. കോളജിൽനിന്നും ചുറ്റുപാടുമുള്ള ഇടങ്ങളിൽ പരസ്യയോഗത്തിന്റെ പരിശീലനത്തിനായി ഞങ്ങളെ അയയ്ക്കും. അക്ഷരമാലക്രമത്തിൽ ആളെ കണ്ടെത്തുന്ന രീതിയനുസരിച്ച് അന്ന് എനിക്ക് നറുക്കു വീണു. ജീവിതത്തിൽ ആദ്യമായി പൊതുജനത്തെ അഭിസംബോധന ചെയ്യേണ്ടിവന്ന എനിക്ക് ഒരു വിറയലും പരിഭ്രമവും പിടിച്ചു. നാലോ അഞ്ചോ വാക്കിൽ എന്റെ കന്നിപ്രസംഗം പര്യവസാനംകുറിച്ചു.

പരിശുദ്ധാത്മ സാന്നിദ്ധ്യത്തിന് മുഖ്യസ്ഥാനം കല്പിക്കപ്പെട്ടിരുന്ന ആ കാലത്ത് അഭിഷേകം പ്രാപിക്കാതെ ഇന്റർവ്യൂവിന് പങ്കെടുത്ത ആളാണ് ഞാൻ. അപേക്ഷ തള്ളിക്കളയാം എന്ന നിർദ്ദേശം ശക്തമായി. പക്ഷേ, ഒരു ബാഹ്യ ഇടപെടൽ. ഒരു സെന്ററിൽ നിരന്തരം ഒരാളെയെങ്കിലും പരിഗണിക്കണം. അങ്ങനെ എനിക്ക് അവസരം കരഗതമായി. കുട്ടികൾക്കുവേണ്ടി നടത്തുന്ന കാത്തിരിപ്പുയോഗം. ആത്മപകർച്ചാശുശ്രൂഷയ്ക്ക് പ്രസിദ്ധനായ മാങ്ങാനം ജോസഫ് മുഖ്യ ശുശ്രൂഷകൻ. അന്ന് അധികം കുട്ടികൾ ഇല്ലാതിരുന്നതിനാൽ സ്ഥലനാമങ്ങളിലാണ് മിക്കവരും അറിയപ്പെട്ടിരുന്നത്. എന്റെ അപര നാമം കല്ലിശ്ശേരി എന്നാണ്. പരിശുദ്ധാത്മസ്നാനം സംബന്ധിച്ച് ഒരു വിഘടന മനോഭാവമുള്ള എന്റെ യൗവനകാലം. ഒരു മുൻവിധി എനിക്കുണ്ട്. പതിവായി എല്ലാ വാരാന്ത്യത്തിലും വീട്ടിൽപ്പോകാറുള്ള ഞാൻ അന്ന് കോളജിൽ താമസിച്ചു. ഇന്ന് കല്ലിശ്ശേരിക്കുവേണ്ടിയാണ് പ്രാർത്ഥന എന്ന പ്രഖ്യാപനവും അതിനു കാരണമായി. യോഗം ആരംഭിച്ചു. പെട്ടെന്ന് ഒരു ശക്തി എന്നെ വന്നു മൂടി. ഞാൻ റബ്ബർപ്പന്ത് കണക്കെ ഉയർന്നുപൊന്തി. ആത്മാവിൽ നിറഞ്ഞു.







1958-ൽ പാസ്റ്റർ കെ. ഇ. എബ്രഹാം
എം. വി. വർഗീസിന് അയച്ച കത്ത്



വി. ജെ. ജോർജ്
വേദവിദ്യാർത്ഥി ആയിരുന്നപ്പോൾ



പാസ്റ്റർ & മിസിസ്സ് വി. ജെ. ജോർജ്

ഒരു തമ്പേറിന്റെയോ മറ്റു വാദ്യോപകരണങ്ങളിലൂടെയോ മേളക്കൊഴുപ്പിലല്ല. പ്രാർത്ഥനയുടെ ശാന്തമായ ആരംഭത്തിൽ ഞാൻ ആ ഭാഗ്യം പ്രാപിച്ചു.

അന്നു പകർന്നുകിട്ടിയ ആത്മശക്തിയാൽ കർത്തൃവേലയിൽ ഉപയോഗിക്കപ്പെട്ടു തുടങ്ങി. പിന്നെ പാതി മുറിഞ്ഞ പ്രസംഗങ്ങൾ ഇല്ല. നിരവധി വേദികൾ ഇന്ന് ആലപ്പുഴയുടെ മണ്ണിൽ തീരദേശത്തിന്റെ അപ്പോസ്തോലൻ എന്ന അപര നാമത്തിൽ ഇൻഡ്യാ പെന്തെക്കോസ്തു ദൈവസഭയുടെ സീനിയർ ശുശ്രൂഷകനായി പ്രയോജനപ്പെടുന്നു.

ക്രിസ്തു യേശുവിന്റെ നല്ല ഭടന്മാരായി കഷ്ടം സഹിക്കാൻ നിറയൗവനം ക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷത്തിനുവേണ്ടി കാഴ്ചവച്ച കഴിഞ്ഞ ഒൻപത് പതിറ്റാണ്ടുകളിലെ പ്രതിഭകളുടെ പ്രതിനിധികളായാണ് ഇവരെ ഞങ്ങൾ കണ്ടെത്തിയത്. മുന്നിൽ ഉയർന്നുപൊങ്ങിയ കേവല സ്വപ്നങ്ങളെ തട്ടിയകറ്റി വേറിട്ട ദർശനത്തിനുവേണ്ടി അകക്കണ്ണ് തുറന്ന നിരവധി പോരാളികളുടെ പ്രതിരൂപങ്ങളായാണ് ഇവരും അനുഭവങ്ങൾ പങ്കുവച്ചത്. സുവിശേഷത്തിന്റെ വ്യാപനം ത്വരിതഗതിയിലാക്കാൻ നാടും നഗരവും ദേശവുംവിട്ട് നിങ്ങൾ നടത്തിയ ആ ത്യാഗത്തിന്റെയും നിങ്ങൾ അനുഭവിച്ച സഹനത്തിന്റെയും പ്രവൃത്തികൾക്ക് സ്വർഗ്ഗം നിങ്ങളെയോർത്ത് അഭിമാനിക്കുന്നു. ●

“ വചന
വെളിപാടിന്റെ
ആൾരൂപങ്ങ
ളായിരുന്നു
ഓരോ
അധ്യാപകരും. ”



Didla Epha Briana
M.Div.II

POEM



# MY ROPE OF hope

**When** the light in the darkness seemed bright
It's the knight in might I see in the light
Thence my soul said to Thine
to swirl around this hope of mine!

When the colors of spring faded away
It's the dew of new I see along the way
Thence my soul said to Thine
to swirl around this hope of mine!

When the grills of iron shuttered down around me
It's the golden roll that rolls as crown on me
Thence my soul said to Thine
to swirl around this hope of mine!

When the waves of storm dispel my boat
It's the ray of joy that frills my coat
Thence my soul said to Thine
To swirl around this hope of mine!

Hence, when thou seem all lost and broken
When thy means all cracken
Thence my soul revealed this invisible route
to swirl around my rope of hope which is the truth!





റ്റോം സി. ഏബ്രഹാം
B.D. - I



# കഷ്ടതകളുടെ നടുവിലെ പ്രത്യാശ

കവിത

**പത്തു** കുഴിമാടങ്ങൾ മുറ്റത്തു തീർക്കുന്നു
ഏഴാണും പെൺകിടാങ്ങൾ മൂവരും
കണ്ടു കൊതി തീർന്നില്ലമ്മ തൻ
കണ്ണീർ വറ്റിവരണ്ടു മനം തകർന്നു
ഓടിക്കളിച്ചു വളർന്നതാം മുറ്റത്തു
ഓർമ്മക്കൂമ്പാരങ്ങൾ തീർത്തീടുന്നു
ഓടി നടന്നവൾ ഓരോന്നിന്നരികയും
ഭൂമിയുടെ ഗർഭഗ്രഹങ്ങൾ മുമ്പിൽ.
നഷ്ടമായ് സർവ്വതും ചോദ്യമായ് ജീവിതം
മിച്ചമീ കഷ്ടത കണ്ണുനീരും
തുണയായുള്ളോരാണൊരുത്തൻ തന്റെ വേദന
കാണുവാനും അവൾക്കാവതില്ല.
വെണ്ണീരണിഞ്ഞോടുകഷണവും കൊണ്ടവൻ
മാന്തിപ്പറിക്കുന്നു വേദനയാൽ
പുഴുക്കളും നാറ്റവും മാറാതെ പിന്തുടർ-
ന്നാക്രമിച്ചീടുന്നു പൂർണ്ണമായ്
പ്രത്യാശാഭരിതമാണെങ്കിലും ആ മുഖം
തെല്ലില്ല ഭീതി മറ്റല്ലലൊന്നും.
വേദന മൂർച്ഛിച്ച നേരത്തിലൊന്നവൾ
ചൊല്ലിടുന്നിപ്രകാരം കഷ്ടമേ,
തള്ളിക്കളഞ്ഞീടു ഈ നിന്റെ ഭക്തിയെ
ജീവൻ ത്യജിച്ചു മരിച്ചീടുക
അമ്മയല്ലേയവൾ സഹിപ്പാൻ കഴിയുമോ?
ഒന്നുപോയാലെത്ര ഖേദമോർക്ക
ഭ്രാന്തമാം വാക്കുകളിൽ തെല്ലും കുലുങ്ങാതെ
ആ മനുഷ്യൻ വീണ്ടും ചൊല്ലീടുന്നു
ഈശ്വരനിൽനിന്നും നന്മകൾ മാത്രമോ
തിന്മയും കൈക്കൊണ്ടീടരുതോ?
സർവ്വേശൻ തന്നുടെ സൃഷ്ടികൾ നാം
തന്റെ പ്രിയമക്കൾ താൻ കരുതീടുമേ;
ഇന്നീ സഹിക്കുന്ന വേദനയ്ക്കൊടുവിലായ്
അവനെന്റെ പ്രാണനെ വീണ്ടെടുക്കും,
ദോഷമതൊന്നുമേ ചെയ്കയില്ലല്ലോ താൻ
സർവ്വവും നന്മയ്ക്കായ് മാറ്റീടുമേ.



ഇമ്മാനുവേൽ റ്റി. ജോർജ്ജ്
B.D. - II



# നിലവിളിയുടെ പ്രത്യാശ

**ഒരമ്മയുടെ** കണ്ണുനീരിനുപോലും ആ മോൻ നന്നായില്ല. പക്ഷേ, ആ മാതാവ് എന്നും നിലവിളിച്ച് പ്രാർത്ഥിക്കുമായിരുന്നു, വേറൊന്നിനുമല്ല, ആ മകൻ തിരിച്ചുവരുമെന്ന് ആ അമ്മയ്ക്ക് നല്ല പ്രത്യാശയുണ്ടായിരുന്നു.

‘‘**അതാ,** നോക്കൂ, ഉണ്ണിയല്ലേ അവിടെക്കിടന്ന് കളിക്കുന്നേ. ഇവൻ ഇത് എന്തറിഞ്ഞിട്ടാ... മോനേ വേഗം വന്നേ, പള്ളിയിലേക്കു പോകാനുള്ള സമയമായി.’’ അവൻ ഓടി അമ്മയുടെയടുത്തെത്തി. അവർ ഒരുമിച്ച് ദേവാലയത്തിലേക്കു പോയി. പതിവുപോലെ അച്ചൻ പീഠത്തിനു മുന്നിൽ നിൽക്കുകയായിരുന്നു, പ്രഭാഷണത്തിനായി. അവർ അവിടെ ചെന്നിരുന്നു. അതിനുശേഷം അച്ചൻ പ്രഭാഷണം തുടങ്ങുകയായി, ‘‘പ്രിയമുള്ളവരേ, എന്റെ പ്രഭാഷണം ഇന്ന് വല്യവർക്കുവേണ്ടി മാത്രമല്ല, കുഞ്ഞുങ്ങൾക്കും യുവാക്കൾക്കുംകൂടി വേണ്ടിയാണ്. അതിനായി ഞാൻ നിങ്ങളുടെ അടുത്ത് ഒരു കഥ പറയാം:

‘‘ഒരിടത്ത് ടോണി എന്ന് ഒരു യുവാവുണ്ടായിരുന്നു. അവൻ ക്രൂരനായ ഒരു വ്യക്തിയായിരുന്നു. ആ പ്രദേശത്തെ ഏറ്റവും വലിയ പേടിസ്വപ്നമായിരുന്നു ടോണി. ജനങ്ങൾ അവനെക്കൊണ്ട് പൊറുതിമുട്ടി. ഒരുപാടു പേരുടെ സ്വപ്നങ്ങൾ അവന്റെ വാൾമുനയിൽ തീർന്നിട്ടുണ്ട്. അവൻ സമ്പാദിച്ചത് കുറച്ച് നശിച്ച കൂട്ടുകാരെ മാത്രമാണ്. അവന് സ്വന്തം എന്നു പറയാൻ അവന്റെ അമ്മ മാത്രമേ ഉണ്ടായിരുന്നുള്ളൂ. വേറേ ആരും ഇല്ലായിരുന്നു.  ആ മാതാവ് കഷ്ടപ്പെട്ടിട്ടാണ് ആ മകനെ വളർത്തിയിരുന്നത്. എന്താല്ലേ... ഒരമ്മയുടെ കണ്ണുനീരിനുപോലും ആ മോൻ നന്നായില്ല. പക്ഷേ, ആ മാതാവ് എന്നും നിലവിളിച്ച് പ്രാർത്ഥിക്കുമായിരുന്നു, വേറൊന്നിനുമല്ല, ആ മകൻ തിരിച്ചുവരുമെന്ന് ആ അമ്മയ്ക്ക്  നല്ല പ്രത്യാശയുണ്ടായിരുന്നു. ആ മകൻ വീട്ടിലേക്കു വന്നിരുന്നത് അമ്മയ്ക്ക് നല്ല സമ്മാനപ്പൊതികൾ കൊടുക്കാനല്ല, പകരം അമ്മ കഷ്ടപ്പെട്ട് അധ്വാനിച്ച പണം കൊണ്ടുപോകാനാണ്. അതു കൊണ്ടുപോയി ലഹരിക്കും മയക്കുമരുന്നിനുംവേണ്ടി ഉപയോഗിക്കാൻ.

അങ്ങനെയിരുന്നപ്പോൾ ആ മകൻ അമ്മയെ കാണാനെത്തി. അമ്മയുടെയടുത്ത് അവൻ ഒരുപാട് കാശ് ആവശ്യപ്പെട്ടു. പാവം അമ്മയുടെ കയ്യിൽ അത്രയും കാശില്ലായിരുന്നു. അമ്മ ടോണിയോടു പറഞ്ഞു, ‘‘മോനേ, എന്റെ കയ്യിൽ ഇതുമാത്രമേയുള്ളൂ, വേറൊന്നുമില്ല.’’ അവൻ അരിശംമൂത്ത് അമ്മയുടെനേരേ ചാടിക്കയറി. എന്നിട്ട് കിട്ടിയ ഒരു ബാഗും കൈക്കലാക്കി, അമ്മയുടെ കയ്യിലിരുന്ന തുച്ഛമായ പൈസയുംമേടിച്ച് അവൻ വീടുവിട്ട് വെളിയിലേക്കിറങ്ങി. ആ മകന്റെ കാൽക്കലേക്കുവീണിട്ട്, അമ്മ നിലവിളിച്ചു പറഞ്ഞു, ‘‘മോനേ, അമ്മയെ ഇട്ടേച്ചു പോകല്ലേ. അമ്മയ്ക്ക് നീമാത്രമേ ഉള്ളൂ.’’ ഉടനേ അവൻ, ‘‘മാറ് തള്ളേ’’ എന്നു പറഞ്ഞ് പുറംകാലുകൊണ്ട് ആ അമ്മയെ തൊഴിച്ചിട്ട് ഇറങ്ങിപ്പോയി. തകർന്നുപോയ അവർ കരയാൻതുടങ്ങി. പക്ഷേ, ആ അമ്മ, മകനെ ശപിച്ചില്ല, എന്തൊക്കെയായാലും സ്വന്തം മകനല്ലേ, അവർ മുട്ടുമ്മേൽനിന്ന് കരഞ്ഞുകൊണ്ട് പ്രാർത്ഥിക്കാൻ തുടങ്ങി.

‘‘കുറച്ച് മാസങ്ങൾ കഴിഞ്ഞു, മകനെപ്പറ്റി ഒരു വിവരവുമില്ല. അമ്മ അകലെയുള്ള ഒരുപാട് പള്ളികളിലെല്ലാംപോയി പ്രാർത്ഥിക്കാൻതുടങ്ങി. ഒരു ദിവസം പള്ളിയിൽപോയി തിരിച്ചുവന്നത്, ഒരു മെന്റൽ ഹോസ്പിറ്റലിന്റെ മുന്നിലൂടെയായിരുന്നു. അപ്പോൾ അകത്തുനിന്ന് ഒരു ഭയങ്കര അലർച്ച കേട്ടു. അതു കേട്ട നിമിഷം അവർ മകനെ തിരിച്ചറിഞ്ഞു. അവർ ആശുപത്രിയിലേക്ക് ചെന്ന് അനുവാദം ചോദിച്ച് അകത്തേക്കു കയറി, അവിടത്തെ ഡോക്ടറെ കണ്ടു. ഡോക്ടർ പറഞ്ഞു, ‘‘നിങ്ങൾ പറഞ്ഞതൊക്കെവെച്ചുനോക്കുമ്പോൾ അവൻ നിങ്ങളുടെ മകൻതന്നെയാവും. വാ കാണിക്കാം.’’ അവർ അമ്മയെ ഒരു റൂമിലേക്കു കൊണ്ടുപോയി. അവിടെ വയറുകളാൽ ശരീരം മുഴുവൻ ബന്ധിക്കപ്പെട്ട് തന്റെ മകൻ... ആ അമ്മ പൊട്ടിക്കരഞ്ഞുകൊണ്ട് ഡോക്ടറോടു പറഞ്ഞു, ‘‘എനിക്കെന്റെ മകനെ വേണം.’’ ഡോക്ടർ പറഞ്ഞു, ‘‘ഞാൻ ഇവനെ നിങ്ങൾക്ക് തരാം. പക്ഷേ, ഇപ്പോൾ ഇവനൊരു മുഴുഭ്രാന്തനാണ്.’’ ആ അമ്മ ഡോക്ടറോട് ഇങ്ങനെ പറഞ്ഞു, ‘‘9 മാസം എന്റെ വയറ്റിനുള്ളിൽ കിടന്നവനാണ്, ഞാൻ നൊന്തു പ്രസവിച്ചവൻ. ഇവൻ എന്റെ ജീവനാണ്. ഞാനിവനെ കൊണ്ടുപോകുന്നു.’’ അവർ മകനെയും കൊണ്ട് തന്റെ ഭവനത്തിലേക്ക് തിരിച്ചുപോന്നു.

**ആ അമ്മ** ഡോക്ടറോട് ഇങ്ങനെ പറഞ്ഞു, ‘‘9 മാസം എന്റെ വയറ്റിനുള്ളിൽ കിടന്നവനാണ്, ഞാൻ നൊന്തു പ്രസവിച്ചവൻ. ഇവൻ എന്റെ ജീവനാണ്. ഞാനിവനെ കൊണ്ടുപോകുന്നു.’’ അവർ മകനെയും കൊണ്ട് തന്റെ ഭവനത്തിലേക്ക് തിരിച്ചുപോന്നു.

‘‘അവരുടെ സ്ഥലത്തേക്ക് എത്തിയപ്പോൾ തന്നെ കുറച്ചു പേർ അപഹസിച്ച് ചിരിച്ചു, ‘‘ഇവന് ഇങ്ങനെതന്നെ വേണം.’’ ഇതൊന്നും ഈ പാവം മാതാവ് ഗൗനിച്ചില്ല. അവർ അവനെ കുളിപ്പിച്ച്, ഭക്ഷണംകൊടുത്ത്, മരുന്നുകൊടുത്ത് ശുശ്രൂഷിക്കാൻ തുടങ്ങി. ആ അമ്മയെന്നും തന്റെ ദൈവത്തോട് മകന്റെ രോഗവിടുതലിനായി കരഞ്ഞു പ്രാർത്ഥിക്കുമായിരുന്നു.  തന്റെ ദൈവം തന്റെ മകനെ പൂർണ്ണസൗഖ്യത്തോടുകൂടി തിരിച്ചുതരുമെന്നൊരു പ്രതീക്ഷ ആ അമ്മയ്ക്കുണ്ടായിരുന്നു. അസുഖം മാറിയാൽ തന്റെ ദൈവത്തിൽ മകനെ പൂർണ്ണമായി സമർപ്പിക്കാനും ആ അമ്മ തീരുമാനിച്ചിരുന്നു.

‘‘അങ്ങനെ ഒരു ദിവസം അമ്മയുടെ നിലവിളി ടോണിയുടെ കാതുകളിലേക്ക് കേൾക്കാൻതുടങ്ങി. അവന്റെ ഉള്ളിന്റെ ഉള്ളിൽനിന്നും എന്തൊക്കെയോ മാറിപ്പോകുന്നതുപോലെ. അവന്റെ സുബോധം അവനു തിരിച്ചുകിട്ടുന്നതുപോലെ. അസ്വസ്ഥതയാൽ അവൻ അലറിവിളിച്ചു, ‘‘അമ്മേ’’ എന്ന്. അതുകേട്ട് ഓടിവന്ന അമ്മയുടെ കാലുകൾ കെട്ടിപ്പിടിച്ച് അവൻ കരയാൻതുടങ്ങി, മാപ്പപേക്ഷിക്കാൻ തുടങ്ങി. അങ്ങനെ അവൻ പൂർണ്ണസൗഖ്യത്തിലേക്കെത്തപ്പെട്ടു. അവന്റെ അമ്മയിൽക്കൂടി ദൈവത്തിലുള്ള പ്രത്യാശ വീണ്ടെടുത്ത് ദൈവത്തിനായി സ്വയം അർപ്പിച്ച് ജീവിക്കാൻ തുടങ്ങി.

‘‘അവനെ കളിയാക്കിയവരും തള്ളിപ്പറഞ്ഞവരും അവനെ അഭിനന്ദിക്കാൻ തുടങ്ങി. ഒരുപാടുപേരേ നാശത്തിലേക്കു കൊണ്ടുപോയ അവൻ, ഇപ്പോൾ ഒരുപാടുപേരേ ജീവന്റെ മാർഗ്ഗത്തിലേക്കു നയിക്കുന്നു. നമ്മളാരും നശിച്ചുപോകേണ്ടവരല്ല, ദൈവത്തിനായി നിൽക്കേണ്ടവരാണ്. ടോണിക്ക് അവനെ മനസ്സിലാക്കാൻ അവന്റെ അമ്മ വേണ്ടിവന്നു. അതുകൊണ്ട് നമ്മൾ നമ്മുടെ മാതാപിതാക്കന്മാരെ ബഹുമാനിക്കണം.’’ ഇത്രയും പറഞ്ഞ് അച്ഛൻ മുഖത്തുനിന്ന് കണ്ണടയൂരി.

ഉടനേ ഉണ്ണി ചാടിയെഴുന്നേറ്റ് അച്ചനോടു ചോദിച്ചു: ‘‘അച്ചാ, അച്ചനല്ലേ ആ ടോണി...’’ ഇതുകേട്ട് അച്ഛൻ ഉണ്ണിയെ നോക്കി. അച്ചന്റെ കണ്ണുകൾ നിറഞ്ഞിരുന്നു. ഒരു ചെറുപുഞ്ചിരിയോടെ, പ്രതീക്ഷയോടെ അച്ചൻ അവനെ നോക്കിക്കൊണ്ടുനിന്നു... ●



ഷിനു തങ്കച്ചൻ
M.Div. - I

കവിത



# കഷ്ടതയിലെ പ്രത്യാശ

ഓരോ ദിനവും യുഗങ്ങളായി മാറവേ
വിതുമ്പാതെ പുലരാത്ത നാളുകൾ ഏറെയും
കണ്ണുനീർത്തുള്ളികളാൽ കിടക്ക നദിയായതും-
ഓർക്കുന്നു ഞാൻ.

ഉദിച്ചുയർന്നുനിൽക്കും സൂര്യനെ മൂടും കാർമേഘം-
പോൽ ഇരുളായി മാറിയതാ ദിനങ്ങൾക്കുമെന്നെ
തളർത്തുവാനാകാതെ, മരുപ്പച്ചപോലെ ഞാൻ
തളിർത്തതെൻ യേശുവിൻ വാക്കിനാൽ
ഹിമത്തിനും തരുവാനാകാത്ത കുളിർ-
എനിക്കേകിയും, സൂര്യനും നൽകിടാനാവാത്ത
വെളിച്ചവും നൽകിയും ചാരത്തണയും-
താൻ എന്റെ തോഴനായ്...

മൊഴികൾ കാതോർത്തു മിഴികൾ നീരോടെ-
ഇനി ഏറെനാൾ കാക്കേണ്ടതില്ലെന്നറിയും നേരവും
കനലായി മനസ്സിൽ എരിയും നോവുകൾ
കുളിരായിമാറുന്നതിനെന്തു സുഖം

അണികൾ മാഞ്ഞൊരാ വിൺശരീരം-
കാണുമന്നാളിൽ ഞാൻ
എൻ പ്രിയൻ വാനമേഘേ-
എനിക്കായ് വന്നീടുമ്പോൾ.





നീനുമോൾ ബൈജു
M.Div. - I

കഥ



# കുരിശു ചുമന്നവന്റെ പ്രത്യാശ

റൂഫോസും അലക്സാണ്ടറും നേരത്തേതന്നെ കളികഴിഞ്ഞു വന്നിരുന്നു. ഇന്ന് ജോലി കഴിഞ്ഞ് മടങ്ങിവരുമ്പോൾ പലഹാരം കൊണ്ടുവരുമെന്നു പറഞ്ഞാണ് രാവിലെ പപ്പ പോയിരിക്കുന്നത്. അതിനാൽ, വഴിയിലേക്ക് കണ്ണുംനട്ടിരിക്കുകയാണ് ഇരുവരും. സമയം അതിവേഗം പാഞ്ഞുകൊണ്ടിരിക്കുന്നു. എന്നാൽ, ഒരുപാടു നേരം വൈകിയിട്ടും പപ്പയെ കാണുന്നില്ല. അവർ രണ്ടുപേരും തങ്ങളുടെ അമ്മയോടു ചെന്ന് പപ്പ വരാത്തതെന്തെന്ന് അന്വേഷിച്ചുകൊണ്ടിരുന്നു. പപ്പ ഉടനേ വരുമെന്ന് കുട്ടികളെ ആശ്വസിപ്പിച്ചുവെങ്കിലും തന്റെ ഭർത്താവിനെ കാണാത്തതിനാൽ അവളുടെ മനസ്സിലും തീയാളുന്നുണ്ടായിരുന്നു.

എന്റെ ദൈവമേ, വരേണ്ട സമയം കഴിഞ്ഞല്ലോ...

ഇതുവരെയും കാണാത്തത് എന്താണെന്നറിയില്ലല്ലോ അവൾ നെടുവീർപ്പിട്ടു.

അല്പസമയത്തിനുശേഷം ഇരുട്ടിലൂടെ, ദേഹമാസകലം ചോരയുമായി ഒരാൾ വീട്ടിലേക്കു കയറിവരുന്നു. വിളക്കിന്റെ അരണ്ട വെളിച്ചത്തിൽ കുട്ടികൾ മനസ്സിലാക്കി അതവർ പ്രതീക്ഷിച്ചിരുന്ന അവരുടെ പപ്പയാണെന്ന്. കുട്ടികൾ കരഞ്ഞുകൊണ്ട് അമ്മയുടെ അടുത്തേക്ക് ഓടിച്ചെന്നു. കുട്ടികളുടെ കരച്ചിൽ കേട്ടു വന്ന അവൾ ചോരയിൽ കുളിച്ചുനിൽക്കുന്ന ഭർത്താവിനെക്കണ്ട് പരിഭ്രമിച്ച് അയാളുടെ അടുത്തേക്ക് ഓടിച്ചെന്നു.

എന്തുപറ്റി അച്ചാച്ചാ? വല്ല അപകടവും സംഭവിച്ചോ, പരിഭ്രമത്തോടെ അവൾ ചോദിച്ചു.

എന്നാൽ, വലിയൊരു പൊട്ടിക്കരച്ചിലായിരുന്നു അയാളുടെ മറുപടി. കുറച്ചു സമയത്തിനുശേഷം അയാൾ പറഞ്ഞു:

ഒരു നീതിമാനായ മനുഷ്യന്റെ കുരിശു ചുമന്നിട്ടാണ് ഞാൻ വരുന്നത്. ബാക്കി പറയുവാൻ

കഴിയാതെ അയാളുടെ തൊണ്ട ഇടറി.

എന്താണ് സംഭവിച്ചത്... എന്താണെങ്കിലും എന്നോടു പറയൂ... അവൾ അടുത്തിരുന്ന് അയാളെ ആശ്വസിപ്പിച്ചു.

കുറേനക്കാരനായ ശിമോൻ എന്ന ആ മനുഷ്യൻ അന്നത്തെ അനുഭവം തന്റെ ഭാര്യയോടു പറയുവാൻ ആരംഭിച്ചു:

വയലിലെ പണികഴിഞ്ഞ് മടങ്ങുകയായിരുന്നു ഞാൻ. വലിയൊരു ആൾക്കൂട്ടം കണ്ടാണ് ഞാൻ അങ്ങോട്ടു ചെന്നത്. ആ ജനക്കൂട്ടത്തിന്റെ ഇടയിൽ ഒരു മനുഷ്യനെ കണ്ടാൽ ആളല്ലായെന്നു തോന്നുന്ന രൂപത്തിൽ ഞാൻ കണ്ടു. അടിച്ചും മുറിവേല്പിച്ചും കുരിശു ചുമപ്പിച്ചും ആ മനുഷ്യനെ നടത്തിക്കൊണ്ടുവരികയായിരുന്നു. ചോര മുഴുവൻ നഷ്ടപ്പെട്ട് കുരിശു ചുമക്കുവാൻ കഴിയാത്തവണ്ണം അദ്ദേഹം അവശനായിത്തീർന്നിരുന്നു. എന്നെക്കണ്ടതും റോമൻ പടയാളികൾ അദ്ദേഹത്തെ കുരിശു ചുമക്കുവാൻ സഹായിക്കേണ്ടതിനാ യി എന്നെ ഏല്പിച്ചു. റോമൻ പടയാളികളുടെ ശകാരങ്ങളിൽനിന്നും കളിയാക്കലുകളിൽനിന്നും ആ മനുഷ്യൻ നസ്രായനായ യേശുക്രിസ്തുവാണെന്ന് ഞാൻ മനസ്സിലാക്കി. അദ്ദേഹത്തെ കാണുവാ നും പ്രസംഗം കേൾക്കുവാനും ഞാൻ ഒരു പാട് ആഗ്രഹിച്ചിരുന്നു. എന്നാൽ... വാക്കുകൾ പൂർത്തിയാക്കാനാവാതെ ശിമോൻ പൊട്ടിക്കരഞ്ഞു. കരച്ചിലിനിടയിൽശിമോൻ കൂട്ടിച്ചേർത്തു,

അദ്ദേഹത്തിന്റെ ചേതനയറ്റ ശരീരം ഞാൻ കാണാനിടയായി. ആ വീട്ടിൽനിന്നും കൂട്ട നിലവിളി ഉയർന്നു. യേശുവിനെക്കുറിച്ചുള്ള ശ്രുതികൾ കേട്ടിട്ടുള്ള അവർ വരുവാനുള്ള മശിഹ യേശുവാണെന്ന് വിശ്വസിച്ചിരുന്ന ഒരു കുടുംബമായിരുന്നു. അല്പസമയത്തിനുശേഷം ശിമോൻ തന്റെ ഭാര്യയോടും മക്കളോടുമായി പറഞ്ഞു,

യേശു മരിച്ചുവെങ്കിലും മൂന്നാംനാൾ ഉയി ർത്തെഴുന്നേൽക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. ആ കുരിശു ചുമന്നതിനുള്ള പ്രതിഫലം ദൈവം എനിക്കു നൽകുമെന്നുള്ള പ്രത്യാശ എനിക്കുണ്ട്.

മൂന്നാംനാൾ വന്നെത്തി. ആ സന്തോഷവാർത്ത അവരുടെ ചെവിയിലുമെത്തി. യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റിരിക്കുന്നു. യേശുവിന്റെ മരണവാർത്ത അറിഞ്ഞ അന്നു മുതൽ ഭക്ഷണമോ ഉറക്കമോ ഇല്ലാ തെ കരഞ്ഞിരുന്ന അവർക്ക് പുതുജീവൻ പകരുന്നതായിരുന്നു ആ വാർത്ത. അലക്സാണ്ടറും രൂഫോസുമായിരുന്നു ഏറ്റവുമധികം ദുഃഖത്തിൽ ആഴ്ന്നുപോയത്. അവർ ആ വാർത്ത കേട്ടയുടനേ നാടെങ്ങും ഓടി നടന്ന് ആ വാർത്ത പ്രസിദ്ധമാക്കി.

വർഷങ്ങൾ കടന്നുപോയി. യേശുക്രിസ്തു വിന്റെ ക്രൂശുമരണത്തിന്റെ വേദന തന്റെ പിതാവിലൂടെ കേട്ടറിഞ്ഞതും ഉയിർത്തെഴുന്നേറ്റ സാക്ഷ്യം യേശുവിന്റെ ശിഷ്യന്മാരിലൂടെ വാക്കിലൂടെ കേട്ടും പഠിച്ചും ആ ബാലന്മാർ വളർന്നു യൗവനക്കാരായി. യേശുക്രിസ്തുവിന്റെ മരണത്തിലൂടെ തങ്ങൾക്ക് പാപമോചനം ലഭിച്ചെന്നും യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തിലൂടെ തങ്ങൾ മരിച്ചാലും ജീവിക്കും എന്നു മുള്ള പ്രത്യാശ അവരിൽ ദിനംപ്രതി വർദ്ധിച്ചുവന്നു. അവരുടെ പിതാവായ കുറേനക്കാരനായ ശിമോൻ പ്രത്യാശിച്ചതു പോലെ കുരിശു ചുവന്നതിനുള്ള പ്രതിഫലമായി തന്റെ രണ്ട് മക്കളും യേശുവിന്റെ നിന്ദ ചുമന്നുകൊണ്ട് അനേകരെ യേശുക്രിസ്തുവിലേക്കു നയിക്കുന്ന ശിഷ്യന്മാരായി അവർ മാറി. കർത്താവിൽ പ്രസിദ്ധരായ അലക്സാണ്ടറും രൂഫോസും (മർക്കോസ്:15:21, റോമർ: 16:13). ●







സബിൻ പി. സണ്ണി
B.Th. - I



# കഷ്ടതകളുടെ നടുവിലും പ്രത്യാശയോടെ...

**പ്രതീക്ഷകൾ** അസ്തമിച്ച മനുഷ്യന്റെ ജീവിതത്തെ നിത്യതയോളം എത്തിക്കാൻ കഴിയുന്ന ഒരു ആലംബമാണ് വിശുദ്ധ ബൈബിൾ നൽകുന്ന പ്രത്യാശ.

**മാനവസമൂഹത്തെ** പുരോഗതിയിലേക്കു നയിച്ചത് അടങ്ങാത്ത അഭിലാഷങ്ങളായിരുന്നു. വാച്യാർത്ഥത്തിൽ ആശയും പ്രത്യാശയും തമ്മിൽ സാരമായ വ്യത്യാസങ്ങൾ ഇല്ലെങ്കിലും നിഘണ്ടുവിന്റെ സീമകൾക്കപ്പുറത്തുനിന്നും മനുഷ്യമനസ്സാക്ഷിയിലേക്ക് വെള്ളിവെളിച്ചം വിതറുന്ന അനുഭവമാണ് പ്രത്യാശ എന്നത്. അതിന്റെ കാമ്പും നാമ്പും ആരും വേരും തിരയുന്നത് ക്രിസ്തീയ വിശ്വാസത്തിന്റെ തീവ്രത വർദ്ധിപ്പിക്കും എന്നതിന് രണ്ടു പക്ഷം ഇല്ല.

പ്രതീക്ഷകൾ അസ്തമിച്ച മനുഷ്യന്റെ ജീവിതത്തെ നിത്യതയോളം എത്തിക്കാൻ കഴിയുന്ന ഒരു ആലംബമാണ് വിശുദ്ധ ബൈബിൾ നൽകുന്ന പ്രത്യാശ.

## പദപരിചയം

വിശുദ്ധ ബൈബിളിലെ പഴയ നിയമത്തിന്റെ താളുകളിൽ പ്രത്യക്ഷമായി പ്രത്യാശ എന്ന പദം കാണുവാൻ സാധിക്കുന്നില്ലെങ്കിലും വിവർത്തനദ്വാരാ മൂന്ന് പദങ്ങൾ എബ്രായ ഭാഷയിൽ ഉപയോഗിച്ചിരിക്കുന്നു. 'മിക്വേ റ്റിക്വാ യാഹൽ'.

ഇവയിൽ 'മിക്വേ', 'റ്റിക്വാ' എന്നിത്യാദി പദങ്ങൾ പ്രവചന പുസ്തകങ്ങളിലും സങ്കീർത്തനത്തിന്റെ കാവ്യാത്മകശൈലിയിലുള്ള അവതരണത്തിലും കാണുവാൻ സാധിക്കും. യാഹൽ എന്നത് പ്രതീക്ഷയെ ഉളവാക്കുന്ന പദമാണ്. പഴയ നിയമഭാഗങ്ങളിൽ പലയിടങ്ങളിലായി

ഏകദേശം 42 ഓളം പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നതായി കാണുന്നു.

പുതിയ നിയമത്തിലേക്കു വരുമ്പോൾ 'എൽപിസോ' എന്ന ക്രിയാപദവും 'എൽപിസ്'എന്ന പദവും 28 പ്രാവശ്യത്തോളം ഉപയോഗിച്ചിരിക്കുന്നതായി കാണാം. ഇതിൽ ഭൂരിഭാഗവും ലേഖനങ്ങളിലും ബാക്കിയുള്ളത് സമവീക്ഷണ സുവിശേഷങ്ങളിലും അപ്പോസ്തോല പ്രവൃത്തികളിലും കാണാം.

## കഷ്ടതയും പ്രത്യാശയും (Rom 5:8)

'പഥേറ്റോസ്' കഷ്ടത്തിലാവുക. ഒരു ക്രിസ്തുഭക്തന്റെ കൂടപ്പിറപ്പാണ് കഷ്ടത എന്നു പറയുന്നതിൽ അല്പംപോലും അതിശയോക്തിയില്ല. ലോകത്തിൽ ജീവിക്കുന്ന സകല മനുഷ്യരും പലതരത്തിലുള്ള കഷ്ടതകളിലൂടെ കടന്നുപോകുന്നു എന്നത് യാഥാർത്ഥ്യമാണ്. എന്നാൽ, ഒരു ക്രിസ്തുഭക്തന്റെ ജീവിതത്തിൽ സംഭവിക്കുന്ന കഷ്ടതകൾക്കു പിന്നിൽ ദൈവത്തിന് ചില പദ്ധതികൾ ഉണ്ട് എന്നത് ഒരു മർമ്മമാണ്

''കഷ്ടത സഹിഷ്ണുതയെയും സഹിഷ്ണുത സിദ്ധതയെയും സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നു എന്നറിഞ്ഞ് ഞങ്ങൾ കഷ്ടങ്ങളിലും പ്രശംസിക്കുന്നു.'' കഷ്ടതകൾ ഒരു ഭക്തനെ തളർത്തുന്നില്ല. മറിച്ച്, വളർത്തുകയാണ്. അനേകർ ഇന്ന് കഷ്ടപ്പാടുകളിൽനിന്ന് ഒളിച്ചോട്ടം നടത്താൻ ശ്രമിക്കുമ്പോൾ ക്രൈസ്തവ വിശ്വാസം അകത്തുള്ള ഒരുവൻ ഭയക്കുന്നില്ല. നെഞ്ചുറപ്പോടെ കഷ്ടതകളെ അഭിമുഖീകരിക്കുന്നതിന്റെ കാരണം അവരുടെ ഉള്ളിൽ നിറഞ്ഞിരിക്കുന്ന പ്രത്യാശയാലാണ്.

## പ്രത്യാശയാൽ കഷ്ടതയെ ജയിച്ച മനുഷ്യൻ ഇയ്യോബ്

ഇയ്യോ 1:21. യഹോവ തന്നു, യഹോവ എടുത്തു, യഹോവയുടെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ. ഊസ് ദേശത്ത് സർവ്വസമ്പന്നനായ ഒരു മനുഷ്യൻ അബ്രഹാമിന്റെ സമകാലീനൻ എന്നൊക്കെ ചരിത്രരേഖകൾ ഈ മനുഷ്യനെപ്പറ്റി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ചുറുചുറുക്കുള്ള പത്ത് മക്കൾ, അനവധി മൃഗസമ്പത്ത്, ദാസീദാസന്മാർ... അന്ന് ഇയ്യോബിനെക്കാൾ സമ്പന്നനായി ആരും ആ ദേശത്തുണ്ടായിരുന്നില്ല. എന്നാൽ, തന്റെ ജീവിതത്തിന്റെ ഒരു വ്യാഴവട്ടക്കാലത്ത് തനിക്കുള്ള സകലതും നഷ്ടമായി. സമ്പത്ത് നഷ്ടപ്പെടുമ്പോൾ, പോകട്ടെ

> കഷ്ടതകൾ ഒരു ഭക്തനെ തളർത്തുന്നില്ല. മറിച്ച്, വളർത്തുകയാണ്. അനേകർ ഇന്ന് കഷ്ടപ്പാടുകളിൽനിന്ന് ഒളിച്ചോട്ടം നടത്താൻ ശ്രമിക്കുമ്പോൾ ക്രൈസ്തവ വിശ്വാസം അകത്തുള്ള ഒരുവൻ ഭയക്കുന്നില്ല. നെഞ്ചുറപ്പോടെ കഷ്ടതകളെ അഭിമുഖീകരിക്കുന്നതിന്റെ കാരണം അവരുടെ ഉള്ളിൽ നിറഞ്ഞിരിക്കുന്ന പ്രത്യാശയാലാണ്.

എന്ന് വേണമെങ്കിൽ വിചാരിക്കാം. പക്ഷേ, നിമിഷങ്ങൾക്കകം പത്തു മക്കളുടെയും ചേതനയറ്റ ശരീരം കാണേണ്ടിവന്ന ഒരു പിതാവിന്റെ വേദന വർണ്ണിക്കാൻ കഴിയുമോ? എന്നിട്ടും ഇയ്യോബ് എന്തുകൊണ്ട് ദൈവത്തെ മുറുകെപ്പിടിച്ചുനിന്നു? അതിനുള്ള ഉത്തരം തനിക്കൊരു പ്രത്യാശ ഉണ്ടായിരുന്നു എന്നതാണ്. എനിക്കു നഷ്ടപ്പെട്ടതെല്ലാം തിരിച്ചുതരും എന്നല്ല, എന്റെ ദൈവം എല്ലാം ഇരട്ടിയായി തിരികെത്തരും എന്ന പ്രത്യാശ. അതുതന്നെയാണ് തന്റെ ജീവിതത്തിൽ സംഭവിച്ചതും. ഇയ്യോബിന്റെ പുസ്തകത്തിന്റെ അവസാന താളുകൾ നാം മറിക്കുമ്പോൾ നമ്മെ കോരിത്തരിപ്പിക്കും തന്റെ ചരിത്രം. നഷ്ടപ്പെട്ടതെല്ലാം ദൈവം തനിക്ക് ഇരട്ടിയായി തിരികെനൽകി. ഇപ്പോൾ നഷ്ടങ്ങളായിരിക്കാം നമ്മുടെ ജീവിതത്തിൽ. പ്രത്യാശ കൈവിടരുത്. ഇരട്ടിയായി നഷ്ടപ്പെട്ടതിനെ തിരികെനൽകുന്ന ദൈവത്തിൽ പ്രത്യാശ വയ്ക്കും.

## പ്രായോഗിക പ്രത്യാശ, ആത്യന്തിക പ്രത്യാശ

പ്രത്യാശ എന്ന വിഷയത്തെ രണ്ടായിത്തിരിച്ചു പഠിക്കുകയാണെങ്കിൽ പഠനം കുറച്ചുകൂടെ എളുപ്പമാകും. പ്രായോഗിക പ്രത്യാശ എന്നാൽ, ദൈനംദിന ജീവിതത്തിൽ നാം അനുഭവിക്കുന്ന പ്രശ്നങ്ങളുടെയും പ്രതികൂലങ്ങളുടെയും മുന്നിൽ നാം അടിപതറാതെ മുന്നോട്ടുപോകാൻ നമ്മെ സഹായിക്കുന്നതാണ്. ഈ പ്രശ്നങ്ങളിൽ ഞാൻ തീർന്നുപോകില്ല. ദൈവം എനിക്കുവേണ്ടി ഇന്നല്ലെങ്കിൽ നാളെ പ്രവർത്തിക്കും എന്ന അവബോധം. അത് നമുക്ക് അബ്രഹാമിൽ കാണാം.

വാർദ്ധക്യത്തിൽ തനിക്കു ലഭിച്ച മകനെ മോറിയാദേശത്തു ഞാൻ കല്പിക്കുന്ന മലയിൽ യാഗം കഴിക്കാൻ ദൈവം പറയുമ്പോൾ താൻ മുമ്പോട്ട് ഒരു മടിയും കൂടാതെ തിരിക്കുന്നതിനു കാരണം, ദഹനയാഗത്തിന്റെ വ്യവസ്ഥ അറിയാത്തതിനാലല്ല, മറിച്ച്, തന്റെ മകൻ ഒരുപിടി ചാരമായിത്തീർന്നാലും ആ ചാരക്കൂമ്പാരത്തിൽ നിന്നും എനിക്ക് മകനെ തരുവാൻ ഞാൻ വിശ്വസിക്കുന്ന ദൈവത്തിനു കഴിയും എന്ന പ്രത്യാശയായിരുന്നു.

എന്നാൽ, ആത്യന്തിക പ്രത്യാശ മരണം എന്ന മനുഷ്യന്റെ അനിവാര്യതയ്ക്കപ്പുറത്തേക്കു കടക്കുന്നതാണ്.

ആസ്ട്രേലിയയുടെ സകല സുഖസൗക

*ശേഷം പേജ് 177*



*For I am with thee to save thee and to deliver thee, says the Lord (Jer. 15:20)*

**Saji John & Family**
**Qatar**

*I can do all things through Him who strengthens me (Phi. 4:13)*

**Johnson George & Family**
**UAE**



മെർലി എൽസൻ ജോസ്
B. Th. - II



# വർദ്ധിക്കുന്ന പ്രത്യാശ

**വർദ്ധിത** മാകുന്ന ഒരു വൈകാരികാനുഭവമാണ് പ്രത്യാശ. ക്രൈസ്തവികതയുടെ ശിഖരമായ വിശ്വാസം, പ്രത്യാശ, സ്നേഹം ഇവ നിലനിൽക്കുക മാത്രമല്ല, ഒരുവനെ നിലനിർത്തുന്ന ഘടകംകൂടിയാണ് പ്രത്യാശ.

**കടന്നുപോകുന്ന** വർത്തമാനകാലത്തിന്റെ ദുരന്തഭൂമികയിൽ നിന്നും ഒരു വിമോചനത്തിന്റെ ഭാവികാലത്തിലേക്കുള്ള വിദൂരവീക്ഷണത്തിന്റെ വേറിട്ട കാഴ്ചകളാണ് പ്രത്യാശ. ദൈവഹിതത്തിന്റെ നേർരേഖയിലൂടെ അതിസുന്ദരമായ അനുഭവങ്ങളിലേക്കു നയിക്കപ്പെടും എന്ന ഈടുറ്റ വിശ്വാസത്തിന്മേലുള്ള ജൈത്രയാത്രയാണ് പ്രത്യാശയുടെ തീരങ്ങളിലേക്ക് നാം നടത്തുന്നത്. വാക്കുകൾ വാചാലമാകുന്ന പദപ്രയോഗമാണ് പ്രത്യാശ. അസ്തമിക്കുന്ന പ്രത്യാശകളിൽനിന്നും അതിജീവനത്തിന്റെ ഉയരങ്ങളിലേക്ക് ചവിട്ടിക്കയറാൻ തളർന്ന കാലുകളിൽ ആവേശം കുത്തിനിറയ്ക്കുന്ന ഊർജ്ജമാണ് പ്രത്യാശ എന്ന വാക്കിന്റെ അർത്ഥവ്യാപ്തി. സംഘർഷഭരിതമായ ജീവിതപോരാട്ടത്തിൽ പതറാതെ നിലനിൽക്കാനും സങ്കീർണ്ണമായ പ്രശ്നങ്ങളെയും മുന്നേറ്റ പാതയുടെ വൈതരണികളെയും ചവിട്ടിമെതിക്കാനും പ്രത്യാശ ഉള്ളിലുള്ളവർക്കേ സാധ്യമാകൂ.

വർദ്ധിതമാകുന്ന ഒരു വൈകാരികാനുഭവമാണ് പ്രത്യാശ. ക്രൈസ്തവികതയുടെ ശിഖരമായ വിശ്വാസം, പ്രത്യാശ, സ്നേഹം ഇവ നിലനിൽക്കുക മാത്രമല്ല, ഒരുവനെ നിലനിർത്തുന്ന ഘടകംകൂടിയാണ് പ്രത്യാശ. പ്രത്യാശയില്ലാതെ മുന്നേറുന്ന ഒരുവന്റെ ആത്മീകചലനങ്ങൾ എന്നും ചോദ്യംചെയ്യപ്പെടേണ്ടതാണ്. ഒരുവൻ ക്രിസ്തുവിലായാൽ പുതിയ സൃഷ്ടിയാകുന്നു. രണ്ടാം സൃഷ്ടിപ്പിന്റെ ഈ ഘട്ടത്തിലാണ് അവന്റെ സകല ന്യൂനതകളും പരിഹരിക്കപ്പെടുന്നതും. ഈ ജനനം ഒരു മാറ്റമാണ്, ക്രിസ്തുവിലേക്കുള്ള മാറ്റം. ആ പിറവിയോടെയാണ് ഒരുവനിൽ പ്രത്യാശ മുളപൊട്ടുന്നത്. ഇത് ഒരുവനിൽ മരമായ് വളരും. നിങ്ങളുടെ പ്രത്യാശയെക്കുറിച്ച് വാദം പറയുന്നവരോട് പ്രതിവാദം ചെയ്യുവാനുള്ള അറിവിലേക്കുള്ള വളർച്ചയാണ് വർദ്ധിച്ചുവരുന്ന പ്രത്യാശയുടെ ബാക്കിപത്രം.

പ്രത്യാശ എന്ന പദത്തെ ജീവിതവിജയത്തിന്റെ മുദ്രാവാക്യമായി ഏറ്റെടുത്ത ക്രിസ്തുഭക്തനായിരുന്ന അപ്പോസ്തലനായ പൗലോസ് തന്റെ എഴുത്തുകളിലും പഠിപ്പിക്കലുകളിലും ഈ ചിന്തകൾ എന്നും രൂഢമൂലമായിരുന്നു. അതിരുകടന്ന പ്രത്യാശകൊണ്ട് ഗതിമാറി ഒഴുകി നാശഗർത്തത്തിൽ പതിക്കേണ്ടിയിരുന്ന തെസ്സലോനിക്ക സഭയെ, ഭാവികാലപ്രത്യാശയുടെ ദിശാബോധത്തിന്റെ സൂചികയായി ഈടുറ്റ വാക്കിന്റെ അകമ്പടിയോടെ ബോധവത്കരിക്കുന്നത് ആ എഴുത്തുകളിൽ ശ്രദ്ധേയമാണ്. അപ്പോൾ അപ്പോസ്തലൻ എഴുതിയ പ്രത്യാശനശ്വരമായ ഈ ലോകത്തിലെ ക്ഷണഭംഗുരമായ മോടിപിടിപ്പിക്കുന്ന ആശയമല്ല, മറിച്ച്, നിലയ്ക്കാത്ത നിത്യതയോളം നിലനിൽക്കുന്ന ഒരു ഭാവികാല പ്രത്യാശയാണ്. ഇത് പടപടിയായുള്ള വളർച്ചയിലൂടെയാണ് സംഭവ്യമാകുന്നത്. ഒരു മനുഷ്യനിലെ വിശ്വാസപരിണാമങ്ങളുടെ ഗതിവേഗതകൾ തയ്യാറാക്കപ്പെട്ടിരിക്കുന്നു. റോമാലേഖന രചനയിൽ ഈ വസ്തുക്കളുടെ തുറന്ന വിശകലനം നാം കാണുന്നു. അതുകൊണ്ട് കഷ്ടത സഹിഷ്ണുതയെയും സഹിഷ്ണുത സിദ്ധതയെയും സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നു എന്നറിഞ്ഞ് കഷ്ടതയിലും പ്രത്യാശിക്കുന്നു. ക്രിസ്ത്യാനിത്വത്തിന്റെ പ്രത്യക്ഷ അടയാളമാണ് കഷ്ടത. ക്രിസ്തുവിന്റെ നിന്ദ വലിയ ധനം എന്ന് എണ്ണുന്ന അല്ലെങ്കിൽ ക്രിസ്തുവിന്റെ അടയാളം ശിരസ്സാവഹിക്കാൻ സന്നദ്ധമാകുന്ന ഒരുവനു മാത്രമേ ഈ സഹനത്തിന്റെ പാതയിലൂടെ സഞ്ചരിക്കാനാവൂ. ആ സഹിഷ്ണുതയിൽനിന്നും രൂപപ്പെടുന്ന ക്രൈസ്തവ സൈദ്ധാന്തികതയുടെ പ്രഖ്യാപനമാണ് പ്രത്യാശയുടെ ഭാവം. ഇതു വളരണം ക്രിസ്തു എന്ന തലയോളം.

പ്രത്യാശ എന്ന പദത്തെ ജീവിതവിജയത്തിന്റെ മുദ്രാവാക്യമായി ഏറ്റെടുത്ത ക്രിസ്തുഭക്തനായിരുന്ന അപ്പോസ്തലനായ പൗലോസ് തന്റെ എഴുത്തുകളിലും പഠിപ്പിക്കലുകളിലും ഈ ചിന്തകൾ എന്നും രൂഢമൂലമായിരുന്നു.

മഹത്ത്വത്തിന്റെ പ്രത്യാശയായ ക്രിസ്തുവിന്റെ ജനനംമുതൽ രണ്ടാം വരവ് സംഭവ്യമാകുന്നതുവരെ ഈ വളർച്ച സംഭവിച്ചുകൊണ്ടേയിരിക്കും. കൊമ്പുകൾക്ക് മുന്തിരിവള്ളിയിൽ ചേർന്നുനിന്നല്ലാതെ ഫലം കായ്പാൻ കഴിയാത്തതുപോലെ സാക്ഷാൽ മുന്തിരിവള്ളിയാകുന്ന ക്രിസ്തുവിനോടു ചേർന്ന് വസിക്കുന്ന കൊമ്പുകൾ ഫലകരമായ പ്രത്യാശയിലേക്കു വളർന്നുകൊണ്ടിരിക്കും. വളരുന്ന പ്രത്യാശയെന്ന വസ്തുതകളുടെ വിശകലനങ്ങൾ തെസ്സലോനിക്ക ലേഖനംമുതൽ സമാരംഭിക്കുകയാണ്. എന്നാൽ, ഇതിന്റെ പ്രബദ്ധമായ അവതരണങ്ങൾക്ക് വേദിയൊരുക്കിയത് റോമലേഖനവും വിവരസാങ്കേതികതകളുടെ സഹായത്തോടെ വിജ്ഞാനത്തിന്റെ വാനോളം ഉയർന്ന ലോകത്തിൽ അറിഞ്ഞ വിശ്വാസത്തിന് വികലതകൾ സംഭവിക്കുമ്പോൾ വേരറ്റും ചത്തും നാമാവശേഷമാകുന്ന ഒരു പ്രത്യാശയല്ല പകരം ക്രിസ്തു എന്ന തലയോളം വളരുന്ന ഭാവികാല പ്രത്യാശയിലേക്ക് പൂർണ്ണതയിലേക്ക് ചുവടുവയ്ക്കാൻ നമുക്ക് സാധിക്കട്ടെ.

ആമേൻ ●

---

*പേജ് 174 തുടർച്ച*



ര്യങ്ങളുംവിട്ട് ഒറീസ്സയിലുള്ള കുഷ്ഠരോഗികളെ ചികിത്സിക്കുവാൻ ഒറീസ്സയുടെ ഗ്രാമങ്ങളിലേക്കുപോയ ഗ്രഹാം സ്റ്റെയിൻസിനെയും കുടുംബത്തെയും മറക്കരുത്. ഒടുവിൽ നരാധമന്മാർ ഒരു ജീപ്പിൽ തീയ്ക്ക് അവരെ ഇരയാക്കുമ്പോൾ തീയുടെ ചൂട് ആ പിഞ്ചോമനകളെ തിന്നുമ്പോൾ അവർ നിലവിളിച്ച് വെളിയിലേക്കു ചാടുവാൻ ശ്രമിക്കുമ്പോൾ ത്രിശൂലംകൊണ്ട് അവരെ കുത്തി അകത്തേക്കിട്ടു. നിലവിളി കേട്ട് ഓടിയെത്തിയവർ കണ്ട കാഴ്ച, മൂന്ന് തോജോരൂപികൾ, കത്തിത്തീരുന്ന ആ ജീപ്പിൽനിന്നും പുറത്തേക്കുവന്ന് ആകാശത്തേക്ക് പറന്നുപോകുന്നു.

അതെ, അതാണ് നമ്മുടെ ആത്യന്തിക പ്രത്യാശ (1 തെസ്സ 4:16). കർത്താവുതാൻ ഗംഭീരനാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടുംകൂടെ സ്വർഗ്ഗത്തിൽനിന്നും ഇറങ്ങിവരുമ്പോൾ നാം മരണത്തിൽനിന്നും ഉയിർത്തെഴുന്നേൽക്കും. ഈ ആത്യന്തിക പ്രത്യാശയിൽ ജീവിക്കുവാൻ സർവ്വശക്തൻ സഹായിക്കട്ടെ. ●



**മാത്യു പോൾ**
Dip. III - Malayalam



# പ്രത്യാശയുള്ള ക്രിസ്തീയ ജീവിതം വേദപുസ്തകാടിസ്ഥാനത്തിൽ

> **ജീവിതത്തിൽ** കഷ്ടതകളും പ്രതികൂലങ്ങളും ബുദ്ധിമുട്ടുകളും നേരിടും. എന്നാൽ, എന്തുതന്നെ വന്നാലും അതിൽ യഥാർത്ഥ ദൈവപൈതൽ തളർന്നുപോകുന്നില്ല.

**എന്താണ്** പ്രത്യാശ? ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനമാണ് പ്രത്യാശ. ഇത് ഒരു വ്യക്തിയെ ജീവിതത്തിൽ പിടിച്ചുനിർത്തുന്നു. ഭക്തന്മാർക്ക് ഈ ലോകത്തിൽ ഒരു പ്രത്യാശയുണ്ട്. അത് ജനനംമുതൽ നിത്യതവരെ നിലനിൽക്കുന്നു. വേദപുസ്തകം അതിനു തെളിവാണ്. കാണാത്തതിനായി കാത്തിരിക്കുന്നവർ (2 കൊരി: 4–18). നാം കാണുന്നതോ താത്കാലികം, കാണാത്തതോ നിത്യം. ഇതിലൂടെയാണ് രക്ഷ നമ്മിൽ വെളിപ്പെട്ടത് (റോമർ: 8–24). ഒരു കപ്പലിൽ നങ്കൂരം എപ്രകാരമാണോ, അപ്രകാരമാണ് വിശ്വാസിക്ക് ക്രിസ്തുവിലൂടെ നൽകപ്പെട്ട ആ പ്രത്യാശയും. ദൈവം തന്റെ പുത്രനിലൂടെ നൽകപ്പെട്ട പ്രത്യാശ. ''ഞാൻ പോയതുപോലെ തിരികെവരും. ജോൺ: 14–2. ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻപോകുന്നു. അവനിരിക്കുന്നിടത്ത് നിങ്ങളെയും ചേർത്തുകൊള്ളും, ഇതാണ് യഥാർത്ഥ പ്രത്യാശ. കാണുന്നതിനായിട്ടല്ല, കാണാത്തതിനായി കാത്തിരിക്കുന്നു. ദൈവത്തിങ്കലുള്ള വിശ്വാസത്താൽ ഇത് പകരപ്പെടുന്നു.

ഒരു ക്രിസ്തീയ വിശ്വാസിക്ക് ലൗകികമായ ജീവിതത്തിൽ കഷ്ടതകളും പ്രതികൂലങ്ങളും ബുദ്ധിമുട്ടുകളും നേരിടും. എന്നാൽ, എന്തുതന്നെ വന്നാലും അതിൽ യഥാർത്ഥ ദൈവപൈതൽ തളർന്നുപോകുന്നില്ല. കാരണം അവിടെയും ബലപ്പെടുത്തുന്ന ദൈവശാന്തി അവനിൽ വ്യാപരിക്കുന്നു. ദൈവവചനം പഠിച്ചാൽ ഈ പറഞ്ഞ വാക്കുകൾക്ക് തെളിവുകളായ ജീവിതങ്ങളുണ്ട്.

Acts: 7-54 to 60–ൽ ദൈവവചനം സുവിശേഷീകരിച്ചതിനാൽ സ്തേഫാനോസ് ജാതികളുടെയും നിയമത്തിന്റെയും മുമ്പിൽ കുറ്റക്കാരനായിത്തീർന്നു. മരണം തന്റെ മുമ്പിൽ വെല്ലുവിളിയായി നിൽക്കുമ്പോഴും തന്റെയുള്ളിൽ പ്രത്യാശയും സന്തോഷവുമായിരുന്നു. അതിനാൽ, മരണത്തിന്റെ തൊട്ടുമുമ്പിൽ സ്വർഗീയ മഹത്ത്വവും ജീവന്റെ നാഥനെയും കാണുവാൻ തനിക്കു കഴിഞ്ഞു. ഇതേ സാഹചര്യം യോഹന്നാന്റെ ജീവിതത്തിലും വന്നു. എന്നാൽ, അവർ ധൈര്യത്തോടെ ദൈവവചനം ശുശ്രൂഷിച്ചു. പ്രതികൂലങ്ങളുടെ മുന്നിൽ തളർന്നുപോകുന്നതല്ല ക്രിസ്തീയ ജീവിതം. അവിടെയും ജീവിച്ചുകാണിക്കുവാനിടയാകുന്നു.

ദൈവത്താൽ നൽകപ്പെടുന്നതാണ് പ്രത്യാശ. അത് പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നമ്മിൽ വ്യാപരിക്കുന്നു. മനുഷ്യർക്കു മാത്രമല്ല, നാം കാണുന്ന സകലത്തിനും അതിന്റേതായ പ്രത്യാശയുണ്ട്. അവനാൽ സകലവും ഉളവായി വിശ്വസിക്കുക, ദൈവത്തിൽ വിശ്വസിക്കുക, അബ്രഹാമിനുണ്ടായിരുന്നതുപോലെ ആശയ്ക്കു വിരോധമായി ആശയോടെ വിശ്വസിക്കുക. നിയമം മുൻപിൻ വിരോധമായി നിൽക്കുമ്പോൾ യെഹൂദ ബാലന്മാരിലുണ്ടായിരുന്ന ആ ദൈവിക പ്രത്യാശ ഓരോ വ്യക്തിയിലും ഇന്നും കാണപ്പെടേണ്ടത് അത്യാവശ്യമാർന്ന നിയമത്തോടും എതിർത്തുനിന്നും ദൈവിക വിടുതൽ കണ്ടു.

> ‘ **ദൈവത്താൽ** നൽകപ്പെടുന്നതാണ് പ്രത്യാശ. അത് പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നമ്മിൽ വ്യാപരിക്കുന്നു. ’

ഇത്തവണ കാലഘട്ടവുമായി ചിന്തിക്കുമ്പോൾ മനുഷ്യൻ സാഹചര്യത്തിലും അവസ്ഥകളിലും മാറ്റം സംഭവിക്കുന്നവരാണ്. അതിനാലുള്ള ജീവിതത്തിന്മേലുള്ള ഉറപ്പ് നഷ്ടമാകുന്നു. ദൈവത്താൽ നൽകപ്പെടുന്ന പ്രത്യാശ അത് നശിച്ചുപോകുന്നതല്ല, ആർക്കും എടുക്കുവാൻ കഴിയുന്നതും അല്ല. കഷ്ടതകൾ വന്നാലും 1 കൊരി: 10–13–ൽ പറയുന്നതുപോലെ അതിനുള്ള പോക്കുവഴിയും അവൻ കാണിച്ചുതരും. ക്രിസ്തുവിൽ ജീവിക്കുക.

അങ്ങനെ യഥാർത്ഥമായി നിൽക്കുമ്പോൾ അവൻ നമ്മെയും തന്റെ സ്വരൂപത്തിൽ, സാദൃശ്യത്തിൽ അവനിരിക്കുന്നിടത്ത് അവനോടുകൂടെ നമ്മെ ചേർക്കുവാനിടയായിത്തീരും. പിതാവ് തന്റെ പുത്രനിലൂടെ നൽകിത്തന്നത് നാം വിശ്വസിക്കുന്നു. ഇത് ലോകം തരുന്നതുപോലെയല്ല. സ്വന്തജീവനെ യാഗമായി നൽകി നമുക്ക് ദാനം ചെയ്തതാണ്. അത് നാം മുറുകെപ്പിടിക്കണം. ഈ പ്രത്യാശ അനേകരിലേക്ക് പകരപ്പെടണം. ബലപ്പെടണം. ജീവിക്കാം. പ്രത്യാശയിൽ കാത്തിരിക്കാം.

''ഹാ ലോകമേ നീ എന്ത്
എൻ നാഥൻ വരും നിശ്ചയം
കാണാം അവൻകൂടെ നിത്യതേജസ്സിൻ
അവൻ മുഖം കണ്ട് ഞാൻ അനുഭവിക്കും.''
മാറാ നാഥാ... ●





सामुवल कपूर
M. Div. II

कविता

# लहू के द्वारा पाई आशा हमने

कतरा-कतरा लहु बहाया है
किस तरह प्यार हम को सिखाया है
दे दिया जिंदगी का पानी तुम्हे
तुमने सिरका उसे पीलाया है
कतरा-कतरा लहु बहाया है

उम्मीदों के बिन हम गिरे थे मगर
उम्मीदवाले हमे बनाया है
कतरा-कतरा लहु बहाया है
किस तरह प्यार हम को सिखाया है

जीने की आशा खो दी थी हमने
उसने उम्मीदबंद हमे ठहराया है
कतरा-कतरा लहु बहाया है
किस तरह प्यार हम को सिखाया है

हम गुनाहों में गिर गए थे अगर
हमको आकर उसने उठाया है
कतरा-कतरा लहु बहाया है
किस तरह प्यार हम को सिखाया है

# मेरा विश्वास मेरी आशा



सरिता तमाङ्
B.Th.- III

सूखा सा ये दिल भीग जाता है,
बन्जंर ये दिल फूल खिलता है,
अन्धेरा ये दिल धूप पढता है,
आशा की बूंदे जब दिलको छुता है

हां ये वही आशा है,
जो टूटे दिलको प्यार करना सिखाता है,
जो रूखे धड्कनोको फिर से जिलाता है,
मेरे यीशु ने मरके मुझे जिलाया है

काँटो का वो मुकुट है,
जो जीवन की मुकुट का आशा देता है,
कलवरी में बहा वो लहु है,
जो मरे हुये दिलको जीने की आशा देता है

हम अमर होगें ये आशा है
मृत्यू से वो जो जी उठा है,
स्वर्ग के अधिकारी बनने की आशा है,
उसके उस वादों पे विश्वास है







## REVIVE SUBSCRIPTION RATES

| | INDIA | US, CANADA, GULF |
|---|---|---|
| 1 Year | Rs. 130.00 | $ 40.00 |
| 2 Years | Rs. 250.00 | $ 60.00 |
| 3 Years | Rs. 370.00 | $ 90.00 |
| 4 Years | Rs. 500.00 | $ 110.00 |
| 5 Years | Rs. 600.00 | $ 130.00 |
| Lifetime membership | Rs. 2000.00 | $ 500.00 |

**SUBSCRIBERS IN INDIA** Cheques, Drafts, Money Orders etc. in Indian money may be issued in favour of **Revive** and mailed to **Revive, P.O. Box 31, Kumbanad, Kerala - 689 547.**

**SUBSCRIBERS IN OTHER COUNTRIES** Cheques, Drafts, Money Orders may be issued in favour of K.E. ABRAHAM FOUNDATION and mailed to **K.E. Abraham Foundation, Hebronpuram, Kumbanad, Kerala - 689 547.**




കഴുകൻ തന്റെ കൂടനക്കി
കുഞ്ഞുങ്ങൾക്ക് മീതെ പറക്കും
പോലെ താൻ ചിറക് വിരിച്ച്
അവനെ എടുത്ത് തന്റെ ചിറകി
ന്മേൽ അവനെ വഹിച്ചു.
(ആവർത്തനം 32:11)

**Manoj Mathew & Family, Kuwait**



षारोण के. जोण
B.Th. I

# विश्वासयोग्य दास और अविश्वासयोग्य दास

एक गाँव में दो किसान रहते थे। एक का नाम यहूदा और दूसरे का नाम पतरस था। यहूदा और परतस दोनों को उनके मालिक ने अपना खेत सौंपा था कि वे उसमें काम करें और फल काट कर मालिक को सौंप दें। यहूदा अपने काम के प्रति बहुत वफादार था परंतु पतरस काफि आलसी था। एक दिन पतरस काफि देर से खेत में आया और अपना काम पूरा किए बिना जल्दी घर जाने के लिए तैयार हो गया। यहूदा को गुस्सा आ गया और उसने पतरस से कहा कि हमारे मालिक ने हमें यह काम सौंपा है और हमें उनका काम समय पर पूरा करना है। यह सुन कर पतरस को घुस्सा आया और उसने यहूदा से कहा, ‘‘मैं इन बातों को रोज़ सुनता हूँ, आज मेरे पास समय नहीं है क्योंकि मुझे अपने परिवार के साथ छुठि मनाने जाना है। हमारे मालिक के आने में अभी बहुत समय लगेगा। तब तक हम उनका काम पूरा कर ही लेंगे।’’ यह कहके पतरस वहाँ से चला गया लेकिन यहूदा काम पर लगा रहा। अगले दिन फिर पतरस रोज़ की तरह देर से आया और देखा कि खेत का फसल पूरी तरह से काट लिया गया है और केवल भूंसी ही बाकि रह गया है। यहाँ तक कि यहूदा भी कहीं दिख नहीं रहा है। उसने तुरंत आसपास के लोगों से पूछा कि आखिर यह सब कैसे और किसने किया और यहूदा कहाँ है? किसी व्यक्ति ने उसे बताया कि पिछले रात को खेत का मालिक अचानक से वहाँ आ पहुँचा और यहूदा का काम देखकर खुश हो गया। मालिक ने उसे बुलाकर उसे यह कहकर शाबाशी दी, ‘‘धन्य है तू हे विश्वासयोग्य दास, मेरी खुशी में शामिल होजा’’। यह सुनते है पतरस को बेचैनी होने लगी और वह तुरंत दौड़कर मालिक के भवन पहुँचा। लेकिन वहाँ द्वार पर खड़े पहरेदारों ने उसे अंदर नहीं भेजा। किसी तरह विनती कर उसने मालिक के पास संदेश पहुँचाया और मालिक ने उसे अंदर आने की अनुमति दी। जब पतरस मालिक के भवन में आया तो उसने क्या देखा कि यहूदा अपने मालिक के दाहिने और बैठा है और वह अपने मालिक के साथ आनंद मना रहा है। यह देख पतरस को बहुत दुःख हुआ और वह अपने आप को कोसने लगा कि काश मैं भी अपने मालिक के काम को विश्वसयाग्यता से कर पाता तो यह दिन देखना नहीं पड़ता। पतरस ने जिंदगी भर अपने आराम और अपने कामों को करने पर ज्यादा महत्व दिया और मालिक के काम को हमेशा आलस के साथ किया। दूसरी ओर यहूदा ने अपने मालिक के प्रति विश्वासयोग्ता निभाया और पूरे लगन से अपने मालिक का काम पूरा किया। यहि कारण है कि मालिक ने यहूदा को विश्वासयोग्य पहिचाना और उसे अपने आनंद में शामिल किया।

परमेश्वर हमसे विश्वासयोग्यता चाहता है। हमारा प्रभु यीशु मसीह का आगमन किसी भी समय हो सकता है, हमें उसके कार्य को विश्वासयोग्यता के साथ पूरा करते हुए उसका इंतेज़ार करना है।



*Praying that the Lord will send the Graduates out as heralds of hope!*



**ALEX, ANNIE, GABRIEL & HOPE MATHEW**

**DALLAS, TEXAS**

## ALUMNI MEET 17th Jan. 2020


Pastor Jacob Varkey, President, Alumni Association


HBC / IBC Alumni




Pr. Dr. T. Valson Abraham addresses the gathering




Pr. Samkutty Mathews, Secretary, Alumni Association presents the report


Pr. P. Joy, President, IPC Maharashtra State and Alumnus of HBC recalls his student days at IBC


The Alumni Association honored former faculty and Alumni Pr. K. C. Mathew and Mrs. Mariamma Mathews with a Memento



## INDEPENDENCE DAY & COMMUNITY SERVICE

















# AFFILIATED COLLEGES





**Punjab Bible College** in Ludhiana has been training church planters and evangelists since 1992. Over 1500 graduates have gone out to mission fields in northern India and Canada. Pastor K. Koshy serves as Director of the college and President of IPC Punjab state.



**Orissa Bible Training Center** started in Bhubaneswar in 1990 and ran for three years. Since 2005, the ministry has continued with the vision of training the younger generation for God's work in Odisha. More than 250 students have graduated from OBTC and they work in 30 districts of Odisha.





**Mizoram Bible College** in Aizawl has sent out 150 graduates to Arunachal, Tripura, Meghalaya, Manipur and neighboring regions. Dr. L. M. Andrew serves as the Principal.



**Darjeeling Bible Training Centre** (DBTC) was started in 2010 and the medium of instruction is Nepali. 169 graduates serve in various parts of Darjeeling district as pastors and church planters. India Bible College alumni Pastors Pradeep Kumar and Mhontsen Lotha serve as Director and Registrar of DBTC.



**Himachal Bible College and Seminary** (HBC) started in 2008. 370 graduates as serving the Lord full time in various parts of North and North East India. The College offers Dip. Th., B.Th., and M.Div. programs that are ATA accredited. 11 full time faculty serve at HBC along with Dr. Sam Abraham, the Founder- Principal.

## GUJARAT BIBLE TRAINING CENTER

The GUJARAT BIBLE TRAINING CENTER (GBTC) was dedicated at Mandvi, Gujarat on Saturday, the 15th February 2020.

GBTC is affiliated to India Bible College and Seminary, Kumbanad. Pastor P A George, President, IPC Gujarat State and former Director, GBTC prayed and dedicated the new facility for the glory of God. Pastor Johnson Mark serves as Director of this Training Center at Gujarat that has restarted after a break of 5 years.








Finding a place to house the GBTC was a challenge. The Lord answered this prayer through a local missionary Evang. Babar Bhai who was stirred to generously donate his personal land for the GBTC building. Within a remarkably brief time, through the efforts and prayers of Pastor Johnson Mark, a basic building was constructed which now serves as the Training Center.

Bro. Jacob Thomas and Lt. Col. V.I. Luke, board members of the K.E. Abraham Foundation witnessed this special event.

Bro. Samuel Thomas, a well wisher, partner and special guest from Kerala was overjoyed to be part of the team.

Fellow ministers and directors from IBC affiliated institutions Pastor V. D. Babu, Odisha Bible Training Center and Pastor Pradeep Kumar, Darjeeling Bible Training Center; Pastor Sabu Thomas of IPC Surat, well wishers and former graduates of India Bible College and Seminary from Gujarat were all very excited to be part of this new chapter in the history of the GBTC.

Candidates from the districts of Valsad, Navasari and Dang have enrolled as students. GBTC is the only such training center in the Southern part of Gujarat.

May the Lord use this facility to raise up Biblically sound and anointed servant leaders to boldly declare the salvation message of Christ to their generation.









## IPC KUWAIT REGION BIBLE SCHOOL



IPC Kuwait Region Bible school started in the year 2014 under the leadership of IPC Kuwait Region Council and in affiliation with India Bible College and Seminary, Kumbanad to train and equip brothers and sisters who wish to pursue systematic biblical studies along with their secular jobs.

IPC Kuwait Region Bible School offers a Two Year Diploma Course in theological studies based on the curriculum of India Bible College and Seminary.

Four batches have successfully completed their courses and received graduation.

The newly elected office bearers of IPC KUWAIT REGION BIBLE SCHOOL for 2019- 2020 are:

Principal: Pastor Abraham Thomas



**Pr. Abraham Thomas (IPC-PCK)**
**Principal & Faculty**



**Pastor Samuelkutty M.**
**Registrar & Faculty**
**IPC Peniel**



**Bro. Reji T. Zachariah**
**Administrator**



**Bro. K. M. Abraham**
**Co-ordinator**

Other teachers are Pastor P. G. Abraham, Pastor P. K. Johnson, Pastor JamesThengumpallil, Pastor Moncey P. Mathew and Pastor Santhosh Thomas.

Classes are held in Abbassia and Mangaf areas. Admissions to the new academic year are open.

God willing, the graduation for this year is prayerfully planned to be held on 25th March 2020.

*May the Graduating Class 2020 be ambassadors of hope!*



**Philip S. Daniel & Family, Kuwait**

PODIPPARA TRAVELS
Kumbanad

9496732731, 0469 2666779
• 17 Seater A/c | Non A/c Coach
• Cabs available

PODIPPARA FUELS
Kumbanad
IndianOil
IOC Dealers
9847051008, 9947241008
0469 2664779
Dealers in Petrol | Diesel | Lubricants
Available
Xtra Power Fleet Cards
Xtra Reward Cards
Accept all Debit / Credit Cards



*May the Graduates of 2020 be abounding in hope!*



**Varghese Samuel & Family, Kuwait**

*Blessings and prayers for the Graduating Class of 2020!*



**Adv.Siju Mathai & Family, Kuwait**

*Wishing God's choicest blessings on all the Graduates for a fruitful ministry!*



**Bennis Paulose & Family, Kuwait**

*May the Holy Spirit lead and guide all our Graduates as they enter the mission field !*



**Thomas M. Thomas and Family, USA**

*But as for me and my family we will serve the Lord (Jos. 24:15).*

**Jose E.V. & Family Kuwait**

*For the Lord God is a sun and shield; The Lord gives grace and glory; No good thing does He withhold from those who walk uprightly. (Psalm 84:11).*

**Baby Palakkattu Scharia and Family Palakkattu House, Puthuveli**







*Let the peace of Christ rule in your hearts since as members of one body you were called to peace. And be thankful (Col. 3:15)*



**Thomas Abraham & Family, USA**

Blessings and prayers for the Graduating Class of 2020!



Rev. Monis George, Jolly Monis George,
Abraham Monis George & Jeena George, Fredy Monis George

He has made everthing beautiful in its time (Eccl. 3:11)

**Byju N. V. & Family**
**Kuwait**





Prayers for the Graduates
of IBC to become beacons of HOPE!




Manoj David & Family, USA

*Thy Word is a lamp unto my feet, and a light unto my path*
*(Psalm. 119:105).*



Pr. Mathews Itty & Family, USA





Congratulations to the Graduating Class of 2020



**Saji & Beena Varghese,Justin & Liya and Juslin**
**IPC Ebenezer Church, Dubai  (IPC Salem Church, Manakala-Adoor)**




*Printed, published and owned by Lt. Col. V.I. Luke (Retired), Published from Hebron, Kumbanad, Pathanamthitta, Kerala, India and printed at Anaswara offset, Ernakulam, Kerala, India.* **Editor**: *Pastor Saju Joseph*